Phone No. 2972

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.

വാല്യം 5 | ജൂൺ 1953 | ലക്കം 6

## വിഷയവിവരം

✻

പുറം

1. പത്രാധിപവീഥി. 1
   ആറാം ഇൻഡ്യാ ലൈബ്രറി കോൺഫറൻസ്
   ഡാക്ടർ ശ്യാമപ്രസാദ് മുക്കർജി
2. ചരിത്ര സത്യം .... .... 4
   പുത്തേഴത്തു രാമമേനോൻ
3. ഉള്ളൂരിൻെറ കാവ്യകല .... .... 11
   എം. ആർ. ബാലകൃഷ്ണവാരിയർ
4. ഇന്ത്യൻലൈബ്രറി പ്രസ്ഥാനം .... 17
   എസ്. ദാസ്ഗുപ്താ
5. ഒരു കേന്ദ്ര ലൈബ്രറിയുടെ ആവശ്യം .... 21
   ബി. എസ്. കേശവ
6. ഒരു യാത്രാവിവരണം .... .... 23
   ഡാക്ടർ കെ. രാഘവൻപിള്ള
7. ഗ്രന്ഥനിരീക്ഷണം .... .... 27
   i കലയും സാമാന്യജനങ്ങളും—പി. ദാമോദരൻപിള്ള
   ii വനസംഗീതം } എസ്. ഗുപ്തൻനായർ
   iii കുടിലുകളുടെ ഉത്സവം }
   iv പ്രാചീനകേരള ലിപികൾ ....
   വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
   v തത്വചിന്തകർ ബി. പത്മനാഭപിള്ള
8. ഷെർപ്പാ ടെൻസിംഗ് .... .... 36
9. ബി-കോംപ്ലക്സ് ജീവകം .... 38
10. സംഘം പ്രവർത്തകസമിതിയോഗം .... 40
11. ഗ്രന്ഥശാലാവാർത്തകൾ .... 41



ഗ്രന്ഥാലോകം

വരിസംഖ്യ
വാർഷികവരി മുൻകൂർ രു. 6.
ഒറ്റപ്രതി അണ 8.

## തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ എം. ഏ., ബി. എൽ.
വൈസ് പ്രസിഡൻറ്: 1. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.
ടി 2. ശ്രീ. ഏ. അച്യുതൻ ബി. ഏ. ബി. എൽ., എം. എൽ. ഏ.

ശ്രീ. പി. എൻ. പണിക്കർ
(ജനറൽ സെക്രട്ടറി)
,, എം. എം. ജാൺ
ബി. ഏ; എം. എസ്സ്സി. (ട്രഷറർ)
,, സി. ശങ്കർ എം. എൽ. ഏ.
,, കെ ചന്ദ്രശേഖരൻനായർ
(പ്ര: സ: അംഗം)
,, വേളി. കെ. കൃഷ്ണൻനായർ ബി. ഏ.
,, ഡി. കൃഷ്ണൻപോററി ബി. ഏ.
,, കെ. ജനാർദ്ദനക്കുറുപ്പ്
,, സി. കെ. മാണി ബി. ഏ., ബി. എൽ.
,, എൻ. പി. വർഗ്ഗീസ് ബി. ഏ.,
ബി. എൽ., എം. എൽ. ഏ.
(പ്ര: സ: അംഗം)

ശ്രീ. എം. തോമസ് എം. ഏ. എൽ. ററി.
(ജോയിൻറ് സെക്രട്ടറി)
,, വെട്ടൂർ രാമൻനായർ (പ്ര: സ: അംഗം)
,, സി. ഈ. സൈമൺ ബി. ഏ.
,, പി. വി. കൃഷ്ണൻനായർ എം. ഏ.
,, വി ആർ. കൃഷ്ണനെഴുത്തച്ഛൻ
ബി. ഏ. ബി. എൽ., എം. എൽ. ഏ.
,, ഡാ: പി. കെ. നാരായണപിള്ള
എം. ഏ. പി. എച്ച്ഡി.
,, പ്രൊഫ: ജോസഫ് മുണ്ടശ്ശേരി എം. ഏ.
,, കെ. ആർ. വാസുദേവൻ നമ്പൂതിരിപ്പാട്
ബി. ഏ.



## കുമരകം ബ്രദേഴ്സ് ആര്യവൈദ്യശാല
### മെയിൻറോഡ്, തിരുവനന്തപുരം

---

### സപ്താമൃതരസായനം

അസ്ഥിസ്രാവം, പൂയമേഹം (GONORRHOEA) ശ്വേതപ്രദരം (LEUCOR RHOEA) മുതലായ ഗുഹ്യരോഗങ്ങൾ നിമിത്തം കഷ്ടത അനുഭവിക്കുന്ന സ്ത്രീപുരുഷന്മാർക്ക് ഞങ്ങളുടെ "സപ്താമൃതരസായനം" അത്ഭുതഫലത്തെ ചെയ്യുന്നതാണ്.

N B. വിശിഷ്ടഫലപ്രദങ്ങളായ ദശമൂലാരിഷ്ടം, കസ്തൂര്യാദി ഗുളിക, ക്ഷീരബല (ആവർത്തിച്ചതു്) ച്യവനപ്രാശം തുടങ്ങിയ ആയുർവ്വേദഔഷധങ്ങളും ഇവിടെ കിട്ടുന്നതാണ്.

*MANAGER*
**KUMARAKOM BROS., ARYA VAIDYASALA TRIVANDRUM**

# ഗ്രന്ഥാലോകം

മാനേജിംഗ് എഡിററർ: പി. ശ്രീധരൻപിള്ള.

| വാല്യം 5 | ജൂൺ 1953 | ലക്കം 6 |
|---|---|---|

# പത്രാധിപവീഥി

## 1. ആൾഇന്ത്യാ ലൈബ്രറി കോൺഫറൻസ്

പത്താമത്തെ ആൾഇൻഡ്യാ ലൈബ്രറി കോൺഫറൻസ് ഹൈദരാബാദിൽ ഓസ്മാനിയാ സർവകലാശാലയിൽ ഈ മാസം 1 മുതൽ 4 വരെ തീയതികളിൽ ചേർന്നു.

ഇൻഡ്യയിലെ വിവിധസ്റ്റേററുകളിൽനിന്നുമുള്ള അനേകം പ്രതിനിധികൾ പ്രസ്തുത സമ്മേളനത്തിൽ പങ്കുകൊണ്ടു. തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘത്തിൽനിന്നു രണ്ടു പ്രതിനിധികളും തിരു: സർവ്വകലാശാലയിൽനിന്നു ഒരു പ്രതിനിധിയും ഇങ്ങനെ മൂന്നുപേർ ഈ സ്റ്റേററിൽനിന്നും കോൺഫറൻസിൽ സംബന്ധിച്ചിരുന്നു.

ഡൽഹി സർവ്വകലാശാലയുടെ ലൈബ്രേറിയൻ ശ്രീ. എസ്. ദാസ്ഗുപ്തയാണ് സമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചതു്. അദ്ദേഹത്തിന്റെ ശ്രദ്ധേയമായ അദ്ധ്യക്ഷപ്രസംഗം ഞങ്ങൾ അന്യത്ര ചേർത്തിരിക്കുന്നു. അതിൽ അദ്ദേഹം ഇൻഡ്യയ്ക്കു് വളരെ വിശാലമായ തോതിൽ ഒരു ഉറച്ച കേന്ദ്രപബ്ലിക്ലൈബ്രറി ഉണ്ടാവേണ്ട ആവശ്യകതയെപ്പററി വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടു്. അതുപോലെതന്നെ മുപ്പതുകൊല്ലക്കാലംകൊണ്ടു് മുഴുമിക്കേണ്ട ഒരു ലൈബ്രറി വികസനപദ്ധതിയുടെ വിന്യാസക്രമങ്ങളേയും അദ്ദേഹം അസന്ദിഗ്ദ്ധമായ ഭാഷയിൽ വിശദീകരിച്ചിട്ടുണ്ടു്.

ഈ സമ്മേളനത്തിനുണ്ടായിരുന്ന ഒരു പ്രത്യേകത അതിനോടനുബന്ധമായി പുസ്തകങ്ങളുടെയും കൈയെഴുത്തു ഗ്രന്ഥങ്ങളുടെയും മററു കലാസൃഷ്ടികളുടെയും കൂടിയ തോതിലുള്ള ഒരു പ്രദർശനം കൂടി സജ്ജീകരിച്ചിരുന്നു എന്നുള്ളതാണു്. ഹൈദരാബാദ് മുഖ്യമന്ത്രിയുടെ അവിചാരിതമായ അഭാവത്തിൽ, അവിടത്തെ വിദ്യാഭ്യാസമന്ത്രി ദേവീസിംഗ് ചൗഹനാണ് ഇതിന്റെ ഉദ്ഘാടനം നിർവഹിച്ചതു്. ആ അവസരത്തിൽ ചെയ്ത ഒരു പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞുകാണുന്നു.

"അടുത്ത കാലങ്ങളിലായി യൂറോപ്യനും അമേരിക്കനും രാജ്യങ്ങൾ അവരുടെ ഗ്രന്ഥശേഖരങ്ങൾ വർദ്ധിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും എന്തുമാത്രം ധനവും സമയവുമാണ് ചെലവാക്കിയിരിക്കുന്നതെന്നു കാണുമ്പോൾ നാം അമ്പരന്നുപോകും. എന്നുതന്നെയുമല്ല മിക്കവാറും ഉപേക്ഷിക്കപ്പെട്ടു കിടന്നിരുന്ന ഒരു പ്രയത്നശാഖയെ-ലൈബ്രറി പ്രവർത്തനത്തെ-പൊതുപ്രാധാന്യമുള്ളതാക്കിത്തീർക്കുവാൻ മാത്രമല്ല അതിനെ ഒരു ശാസ്ത്രത്തിന്റെ നിലവാരത്തിലേയ്ക്കുയർത്തുവാനും അവർക്കു

കഴിഞ്ഞു. ഒരു സാമാന്യനായ എനിക്കു് ഈ സയൻസിൽ കാര്യമായ പരിജ്ഞാനമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ അതേസ്സംബന്ധിച്ച ചില പുസ്തകങ്ങൾ പഠിച്ചതിൽ അതു് മൂലോം പ്രവൃദ്ധങ്ങളായ സാങ്കേതികമാറ്റങ്ങൾ പലതും ഉൾക്കൊള്ളുന്ന ഒരു ശരിയായ ശാസ്ത്രമാണെന്നു്, അതിശയപൂർവം ഗ്രഹിക്കാനിടവന്നു."

പുസ്തകങ്ങൾ തിരഞ്ഞെടുക്കൽ, അവയെ തരംതിരിക്കയും നമ്പർ കൊടുക്കയും ചെയ്യു; മുതലായവയിൽ തുടങ്ങി, ലൈബ്രറി ഭരണം, പൊതുജനങ്ങളുമായി ഉററസമ്പക്കം പുലർത്തുക എന്നിവയിലൂടെ റെഫറൻസ് ലൈബ്രറി, റീസർച്ചു് ലൈബ്രറി, കുട്ടികൾക്കുള്ള ലൈബ്രറി എന്നിങ്ങനെ ചില പ്രത്യേക (സാങ്കേതിക) ആവശ്യങ്ങൾക്കായി മാത്രമുള്ള ഗ്രന്ഥാലയങ്ങളുടെ സംയോജനംവരെ ഉള്ള സകല കാര്യങ്ങളും ലൈബ്രറി കെട്ടിടങ്ങളുടെ സംവിധാനം പോലും അനുദിനമെന്നോണം വളന്നുവരുന്ന ലൈബ്രറി ശാസ്ത്രത്തിൻെറ ഗണനയിൽപെട്ടതാണെന്നോക്കുമ്പോൾ ഈ ശാസ്ത്രത്തിൻെറ പ്രാധാന്യതയെപ്പററി ശ്രീ. ചൗഹാനാ ചെയ്തിട്ടുള്ള പരാമശങ്ങൾ അത്യന്തം അവസരോചിതമെന്നു തന്നെ പറയാം.

പ്രസ്തുതമായ പ്രദശനം രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽനിന്നും അവിടെ കൂടിയിരുന്ന ഗ്രന്ഥശാലാപ്രതിനിധികൾക്കും, നിരവധി സന്ദർശകക്കും മഹത്തായ ഗ്രന്ഥശാലാപ്രസ്ഥാനത്തിൻെറ ആവശ്യത്തേയും, പ്രയോജനത്തേയും മാത്രമല്ല അതിൻെറ പാരമ്പര്യത്തേയും കലാമൂല്യത്തെപ്പോലും ബോദ്ധ്യമാക്കുവാനും, തദ്വാര പ്രസ്ഥാനത്തിൻെറ വിജയത്തിനുവേണ്ടി പ്രവത്തിക്കുവാൻ അവരെ ഉത്തേജിപ്പിക്കുവാനും വേണ്ടുംവണ്ണം ഉതകിയിട്ടുണ്ടെന്നുള്ളതിൽ രണ്ടു പക്ഷമില്ല. അതുപോലെതന്നെ അവിടെ കൂടി, സമ്മേളനത്തിലും വാദപ്രതിവാദങ്ങളിലും പങ്കെടുത്ത വിദഗ്ദ്ധന്മാരുടെ ശാസ്ത്രീയമായ ചർച്ചകളും പരിചിന്തനങ്ങളും രാജ്യമൊട്ടാകെയുള്ള ഈ പ്രസ്ഥാനത്തിൻെറ സമ്യക്കായ വികസനത്തിനും വളർച്ചയ്ക്കും ശരിയായി പ്രയോജകീഭവിക്കുമെന്നും ഇതിൻെറ ഫലമായി, ആസന്നഭാവിയിൽതന്നെ ഈ പദ്ധതിയിൽ നാട്ടൊട്ടുക്കു് അഭിവൃദ്ധിയും, പുരോഗമനോന്മുഖമായ പ്രവത്തനങ്ങളും രൂപംകൊള്ളുമെന്നും നമുക്കു പ്രത്യാശിക്കാം.

## 2. ഡാക്ടർ ശ്യാമപ്രസാദ് മുക്കർജി

അങ്ങനെ ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ. നെഹ്റുവിനെ നിയന്ത്രിക്കാനും എതിക്കാനും തക്ക തൻേറടവും തിറവും ഉള്ള ഒരു ജീവിതാം കൂടി അസ്തമിച്ചിരിക്കുന്നു. ഈ ജൂൺ 23-ാനു- ശ്രീനഗറിലെ തടങ്കൽപാളയത്തിൽവച്ചു് ചരമമടഞ്ഞ ഡാക്ടർ ശ്യാമപ്രസാദ് മുക്കർജി പല വിധത്തിലും തൻെറ വ്യക്തിപ്രഭാവം ഇൻഡ്യൻ പൊതുജീവിതത്തിൽ പ്രതിഫലിപ്പിച്ച ഒരു നേതാവായിരുന്നു. വിവേകിയായ ഒരു ജഡ്ജിയെന്നും, പ്രശസ്തനായ ഒരു പണ്ഡിതനെന്നും കഴിഞ്ഞ തലമുറയിൽ അഖിലേന്ത്യാ പ്രശസ്തി ആർജ്ജിച്ച സർ ആശുതോഷ് മുക്കർജിയുടെ പുത്രനായിരുന്നു ശ്രീ. ശ്യാമപ്രസാദ്. കല്ക്കത്താ സർവകലാശാലയുടെ ഇന്നത്തെ അഭ്യുന്നത നിലയ്ക്കു് ഹേതുഭൂതനെന്നു വാഴ്ത്തപ്പെടുന്ന ഒരാളാണു് സർ ആശുതോഷ്. ഒരു വ്യാഴവട്ടക്കാലത്തോളം അദ്ദേഹം ആ സർവകലാശാലയുടെ വൈസ് ചാൻസലറുമായിരുന്നു.

പുത്രനായ ഡാക്ടർ ശ്യാമപ്രസാദും 1934 മുതൽ 38 വരെ നാലുകൊല്ലം ആ സർവകലാശാലയുടെ വൈസ് ചാൻസലറായിരുന്നു് അതിൻെറ ഭാഗധേയങ്ങളെ നിയന്ത്രിച്ചിട്ടുണ്ടു്. എന്നാൽ അദ്ദേഹത്തിൻെറ കൂടുതൽ ഊജ്ജിതവും സ്ഥിരവുമായ പ്രവത്തനം വിദ്യാഭ്യാസ മണ്ഡലത്തിലല്ല രാഷ്ട്രീയമണ്ഡലത്തിലാണു് പ്രകടമായതു്. 1929 മതല്ക്കുതന്നെ ബെങ്കാൾ നിയമസഭയിലെ ഒരു തിരഞ്ഞെടുക്കപ്പെട്ട മെമ്പറായിരുന്നു എങ്കിലും അദ്ദേഹം കല്ക്കത്താസർവകലാശാലക്കാര്യങ്ങൾ നിശ്ശേഷം നീക്കിവച്ചു് തൻെറ

മുഴുവൻ സമയവും രാഷ്ട്രീയപ്രവത്തനങ്ങൾക്കു വിനിയോഗിക്കുവാൻ തുടങ്ങിയതു് 1941 മുതല്ക്കായിരുന്നു. അടുത്തകൊല്ലം സർ ഫസലുൽ ഹക്ക് രൂപീകരിച്ച (അവിഭക്ത) ബംഗാൾ സംയുക്ത മന്ത്രിസഭയിൽ അദ്ദേഹം ധനകാര്യ മന്ത്രിയായി. എന്നാൽ അധികം നാൾ കഴിയും മുമ്പ് അഭിപ്രായവ്യത്യാസംമൂലം ആ സ്ഥാനം രാജിവയ്ക്കയും ചെയ്തു.

ഭാരതസ്വാതന്ത്ര്യത്തിനുശേഷം ആദ്യമായി സംഘടിപ്പിച്ച കോൺസ്റ്റിറ്റ്യുവൻറ് അസംബ്ളിയിൽ ഡാക്ടർ ശ്യാമപ്രസാദ് പശ്ചിമ ബംഗാളിൽനിന്നും ഒരംഗമായി തിരഞ്ഞെടുക്കപ്പെട്ടു. സ്വാതന്ത്ര്യസമ്പാദനത്തിന്റെ തുടക്കത്തിൽ അധികാരം കൈയേററ ശ്രീ. നെഹ്റുവിന്റെ ആദ്യത്തെ മന്ത്രിസഭയിലും അദ്ദേഹം ഒരംഗമായിരുന്നു—വ്യവസായമന്ത്രി. ഈ സ്ഥാനത്തിരിക്കവേ ഡാക്ടർ തിരു-കൊച്ചി സന്ദർശിച്ചിട്ടുണ്ടെന്നുള്ളതും ഇവിടെ അനുസ്മരണീയമാണു്.

ഏതെങ്കിലും സംഗതിവശാൽ തന്റെ സഹപ്രവത്തകന്മാരുമായി ഗൗരവാവഹമായ അഭിപ്രായ വ്യത്യാസം ഉണ്ടാകുന്നതായാൽ അവരിൽനിന്നും ഉടൻ അകന്നുനിന്നു് സ്വന്തം അഭിമതപ്രകാരമുള്ള പൊതുപ്രവത്തനം ഏകനായി തുടരുക എന്നതു് ഡാക്ടർ ശ്യാമപ്രസാദിന്റെ ഒരു പ്രത്യേകലക്ഷണമായിരുന്നു. അദ്ദേഹം നെഹ്റു മന്ത്രിസഭയിൽനിന്നും രാജിവച്ചു പിരിഞ്ഞതു് നെഹ്റുവിന്റെ സഹികെട്ട പക്കിസ്ഥാൻ പ്രീണനനയത്തോടുള്ള തന്റെ പ്രതിഷേധം രേഖപ്പെടുത്താൻ വേണ്ടിട്ടായിരുന്നു. അതുപോലെ എപ്പോഴും ഒരു ഹിന്ദുവും, ഹിന്ദുസംഘടനകളുടെ പ്രോത്സാഹകനുമായ അദ്ദേഹം, മഹാത്മജിയുടെ വധവൃത്താന്തത്തിൽ, സന്തപ്തനായി അഖിലേന്ത്യാ ഹിന്ദുമഹാസഭയുമായി ചിരകാലമായി തനിക്കുണ്ടായിരുന്ന സകല ബന്ധങ്ങളും നിശ്ശേഷം ഉപേക്ഷിക്കയും ചെയ്തു.

ഇൻഡ്യയ്ക്കു പുതിയതായ ഒരു ഭരണഘടനയും, അതനുസരിച്ചുള്ള ഒരു പാർലമെൻറും രൂപപ്പെടുത്തുന്നതിനു് പ്രയത്നപ്പെട്ട പ്രശസ്തരിൽ ഡാക്ടർ ശ്യാമപ്രസാദിന്റെ വിശിഷ്ട സേവനങ്ങളും അഗാധമായ നിയമ പാണ്ഡിത്യവും ഹിന്ദുജനതയുടെ താത്പര്യങ്ങൾ സുരക്ഷിതമാക്കുവാൻ പ്രത്യേകം പററിയതായിരുന്നു. നിയമ സഭയ്ക്കകത്തു്, പലപ്പോഴും വികാര ഭരിതനാവാറുള്ള ശ്രീ നെഹ്റുവിന്റെ അനിയന്ത്രിതമായ മുന്നേററങ്ങളെ സുധീരം ചെറുക്കുവാനും, അവയെ കൂടുതൽ ജനകീയമായ സരണികളിലേയ്ക്കു ചംക്രമിപ്പിക്കുവാനും തക്ക ധൈര്യവും, പ്രതിഭയും പ്രാഗല്ഭ്യവും ഉണ്ടായിരുന്ന ഏകവ്യക്തി ശ്രീ. ശ്യാമപ്രസാദ് മാത്രമായിരുന്നു. എന്നു തന്നെയുമല്ല, പാശ്ചാത്യമാതൃക അനുസരിച്ചുള്ള ജനകീയഭരണത്തിനു് നിയമസഭാരംഗത്തിൽ സുശക്തമായ ഒരു പ്രതിപക്ഷത്തിന്റെ ആവശ്യകതയുള്ളതുകൊണ്ടു് അടുത്ത കാലത്തു്, സെൻട്രൽ അസംബ്ളിയിലെ കാൺഗ്രസ്സ് കക്ഷി അല്ലാത്ത അംഗങ്ങളെയെല്ലാം ഒന്നിച്ചുചേർത്തു് 'ജനസംഘം' എന്ന ഒരു കക്ഷിയെ സൃഷ്ടിക്കാൻ മുൻകൈ എടുത്തു പ്രവത്തിച്ചതും മററാരുമല്ലായിരുന്നു.

കാഷ്മീർ കാര്യത്തിൽ, അവിടത്തെ ഹിന്ദു ന്യൂനപക്ഷത്തിന്റെ മൗലികാവകാശങ്ങളെപ്പോലും, ഷെയ്ക് അബ്ദുള്ളയുടെ ഗവണ്മെൻറു ചവിട്ടിമെതിക്കുന്നു എന്ന അഭിപ്രായമാണു് ശ്രീ ശ്യാമപ്രസാദിനുണ്ടായിരുന്നതു്. ഇങ്ങനെയുള്ള പൗരാവകാശധ്വംസനത്തെ ചെറുക്കുന്നതിനായി അസംബ്ളിക്കുള്ളിലും പുറത്തും അദ്ദേഹം സുധീരം പോരാടി. ഗവണ്മെൻറിന്റെ സാധൂകരിക്കാൻ വയ്യാത്ത ചില നിയമങ്ങളെ ലംഘിച്ചു ഡൽഹിയിലും മററു സ്ഥലങ്ങളിലും അദ്ദേഹം പ്രവത്തനം നടത്തി. അങ്ങനെ അക്രമപരമായ ഒരു നിയമത്തെ അതായതു്, കാഷ്മീരിൽ കടക്കുവാൻ ഒരിന്ത്യാക്കാരനു് 'പെർമിററു്'

ഉണ്ടായിരിക്കണമെന്നുള്ള ഉത്തരവിനെ, വെല്ലു വിളിച്ചു കൊണ്ടാണദ്ദേഹം കഴിഞ്ഞ മേയ് 11-ാം തീയതി കാഷ്മീരിൽ പ്രവേശിച്ചതു്. ഷെയ്ക്ക് അബ്ദുല്ലയുടെ ഗവർമ്മെൻറിനു് അദ്ദേഹത്തെ അറസററു് ചെയ്തു തടങ്കലിൽ വയ്ക്കുകയും സ്വന്തം അഭിമാനരക്ഷണത്തിനു് ആവശ്യമായും തീൎന്നു. ആ തടങ്കൽ ഇപ്രകാരം അപ്രതീക്ഷിതവും, അകാലികവുമായ ദുരന്തത്തിൽ അവസാനിക്കുമെന്നു് ആരുംതന്നെ പ്രതീക്ഷിച്ചിരുന്നതുമല്ല. ഡാ: മുക്കർജിയുടെ പെട്ടെന്നുള്ള ചരമവാൎത്ത സ്തംഭിപ്പിക്കാതെയൊ സന്തപിപ്പിക്കാതേയോ ഉള്ള ഹൃദയങ്ങൾ വിശാലമായ ഈ ഭാരത ഭൂമിയിൽ അതീവ വിരളമായേ കാണുകയുള്ളു എന്നു ഞങ്ങൾ വിചാരിക്കുന്നു. കമ്മധീരനായ അദ്ദേഹത്തിൻെറ അകാലവിയോഗത്തിൽ ഇന്ത്യയ്ക്കു പൊതുവേയും ഹിന്ദുജനതയ്ക്കു പ്രത്യേകമായും ഉള്ള നഷ്ടം അപരിഹാര്യമാണു്. അനസ്യൂതമായ ആത്മവീര്യം ഏന്തി ഭാരതഭൂമിയുടെ ഉത്കൎഷത്തിനും അഭ്യുന്നതിയ്ക്കുമായി ഏതു സമരമുഖത്തും കൂസൽകൂടാതെ നിസ്വാൎത്ഥ സേവനം അനുഷ്ഠിച്ച ധമ്മഭടന്മാരുടെ നിരയിൽ ഡാക്ടർ ശ്യാമപ്രസാദ് മുക്കർജിക്കു് അനിഷേദ്ധ്യമായ ഒരു പ്രമുഖസ്ഥാനം എപ്പോഴും ഉണ്ടായിരിക്കുന്നതാണു്.

---

## ബുക്കു് സെലക്ഷൻ കമ്മിററിയോഗം

---

ഗ്രന്ഥശാലാസംഘം ബുക്കു് സെലക്ഷൻ കമ്മിററിയുടെ ഒരു യോഗം 1953 ജൂൺ 26-ാം തീയതി 5-30-നു് സംഘം ആഫീസിൽ വച്ചു കൂടി. ഹാജരുണ്ടായിരുന്ന അംഗങ്ങൾ:—

ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള
 റവ: ഫാദർ സി. കെ. മററം
,, പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി
,, കെ. ദാമോദരൻ
,, പി. എൻ. പണിക്കർ (ഗ്രന്ഥശാലാ സംഘം ജനറൽ സെക്രട്ടറി)

### തീരുമാനങ്ങൾ

കമ്മിററി ആവശ്യപ്പെട്ടതനുസരിച്ചു് യൂണിവേഴ്സിററി പബ്ലിക്കേഷൻ ഡിപ്പാർട്ടുമെൻറു്, കൊച്ചി ഭാഷാപരിഷ്കരണക്കമ്മിററി എന്നീ സ്ഥാപനങ്ങൾ പുസ്തകങ്ങൾ അയച്ചുതന്നതിനു് കൃതജ്ഞത രേഖപ്പെടുത്തി.

ഓറിയൻറൽ മാനുസ്ക്രിപ്ററ്സ് ലൈബ്രറിയിൽനിന്നും പുസ്തകങ്ങൾ ലഭിക്കുന്നതിനുവേണ്ട എഴുത്തുകുത്തുകൾ നടത്തേണ്ടതാണു്.

'ഇന്ത്യയിലെ കവുങ്ങുകൃഷി' എന്ന പ്രസിദ്ധീകരണം സി. ഗ്രേഡിൽ അംഗീകരിക്കുവാൻ നിശ്ചയിച്ചു.

'തുഞ്ചത്തെഴുത്തച്ഛൻ' തുടർച്ചയായി പ്രസിദ്ധപ്പെടുത്താത്തതിനാൽ ലൈബ്രറികൾക്കു വേണ്ടി അതു് അംഗീകരിക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

68 പുസ്തകങ്ങൾ പരിശോധിച്ചു. യോഗ്യതാനുസരണം വിവിധഗ്രേഡുകളിലായി അംഗീകരിച്ചു.

# ചരിത്രസത്യം

## പുത്തേഴത്തു രാമമേനോൻ

ചരിത്രസത്യം! അങ്ങിനെയുമുണ്ടോ ഒരു "സത്യം"? ചരിത്രത്തിൽ, "സത്യവും", ആ സത്യത്തിന്ന് ഒരു 'ചരിത്ര'വും ഉണ്ട്. ചരിത്രത്തിൽ, സത്യമില്ലെന്നു ശഠിക്കുക വയ്യെങ്കിലും, അതിൽ പ്രായേണ സത്യത്തെക്കാളധികം, അസത്യമാണുള്ളതു. ചരിത്രത്തിലെ 'സത്യം', ഒരു ചാക്ക് അസത്യത്തവിടിൽ കിടക്കുന്ന, രണ്ടോ നാലോ നല്ല അരിമണികൾ മാത്രമാകുന്നു! അതിലെ സത്യാസത്യവിവേചനം, പലപ്പോഴും, ക്ലേശഭൂയിഷ്ഠവും, ഒടുവിൽ നിഷ്ഫലവുമാകുന്നു! "ആഴക്കു വററടിയിലുള്ള തെളിക്കുവാനായ്, "ഏഴെട്ടിടങ്ങഴി ജലം വെറുതെക്കുടിച്ചു," എന്നു പണ്ടൊരു കവിരസികൻ പറഞ്ഞിട്ടുള്ളതുപോലെയാകുന്നു, സത്യവും ചരിത്രവും തമ്മിലുള്ള സംബന്ധം! ചരിത്രത്തിലെ സത്യത്തിന്റെ ചരിത്രമാണു മുഖ്യമായും നമുക്കറിയേണ്ടതു്. ആ ചരിത്രം, പക്ഷെ, മിക്കപ്പോഴും, വികൃതവും, വിചിത്രവുമായിരിക്കും!

ഞാൻ 'കടംകഥ' പറയുകയല്ല; കടം കൊണ്ടു കാടു കേറാൻ നോക്കുകയുമല്ല. സത്യത്തെക്കാൾ അധികം അസത്യങ്ങളും അസംബന്ധങ്ങളുമാണു, മിക്ക ചരിത്രഗ്രന്ഥങ്ങളിലും കാണുക. ബ്രിട്ടൺ, ഏതാണ്ടു രണ്ടുനൂററാണ്ടു നിലനിന്ന ഭരണത്തിനുശേഷം, 1947 ആഗസ്റ്റിൽ, ഇന്ത്യയെ വിട്ടൊഴിഞ്ഞുപോയി. അതൊരു "ചരിത്രസത്യ"മാണെങ്കിലും, ആ സത്യത്തിന്റെ ചരിത്രം ഇപ്പോൾതന്നെ, ഏതെല്ലാം തരത്തിലാണു വർണ്ണിക്കപ്പെടുന്നതു്. യഥാർത്ഥത്തിൽ, ആ 'സത്യശകല'മല്ല നമുക്കത്യാവശ്യം; ആ സത്യത്തിന്റെ അസത്യസ്പർശമില്ലാത്ത ഒരു ചരിത്രമാണ്. അതു് അലഭ്യമായിരിക്കുകയും ചെയ്യും! മഹാകർമ്മയോഗിയായിരുന്ന ഗാന്ധിജിയുടെ സാത്വികമായ തപശ്ശക്തിയാണു ബ്രിട്ടനെ തട്ടിക്കളഞ്ഞതു! അല്ലല്ല, കോൺഗ്രസ്സിന്റെ ഏകീകൃതമായ എതിർപ്പാണ് ആ തിരോധാനത്തിന്നു കാരണം. അതും വെറുംഭോഷ്ക്! സുഭാസിന്റെ സൈനികപ്രബുദ്ധതയെ പേടിച്ചാണു ബ്രിട്ടൻ 'തോക്കിട്ടു' കെട്ടുകെട്ടിയതു! അതൊക്കെ വെറുതേ. ജർമ്മൻ യുദ്ധത്തിന്റെ പ്രത്യാഘാതങ്ങളെ ഭയന്ന്, ആത്മരക്ഷാർത്ഥം, സ്വന്തം കൂടുപൂകിയതാണു ബ്രിട്ടൻ. ഹേ. അതൊന്നുമല്ല സത്യം. പ്രജായത്തഭരണസമ്പ്രദായം ഇന്ത്യക്കാരെ പഠിപ്പിക്കയും, പരിചയിപ്പിക്കയും ചെയ്ത ബ്രിട്ടൻ, ആ ഭരണത്തിന്റെ മാതൃകയായ ബ്രിട്ടൻ, ഉന്മേഷത്തോടും ഉദാരതയോടുംകൂടി, ഉദ്ദേശനിർവ്വഹണാനന്തരം, കൃതകൃത്യതയോടുകൂടി, പിൻമാറുകയാണുണ്ടായതു! പരമാബദ്ധം! ഗത്യന്തരമില്ലാതായപ്പോൾ, സുന്ദോപസുന്ദന്മാരുടെ പുരാണപ്രസിദ്ധമായ സഹോദരയുദ്ധത്തിന്നുള്ള കളമൊരുക്കി, പുനഃപ്രവേശത്തിന്നുള്ള അവസരം പ്രതീക്ഷിച്ചുകൊണ്ടു തത്കാലം അപ്രത്യക്ഷപ്പെടുകയാണു വാസ്തവത്തിലുണ്ടായതു! എത്ര പൂർവ്വാപരവിരുദ്ധങ്ങളും, കേവലം വ്യക്തിഗതങ്ങളുമാണ്, ഈവക അഭിപ്രായങ്ങൾ! ഇപ്പോൾതന്നെ, ബ്രിട്ടന്റെ ഈ പിൻമാററം എന്ന ചരിത്ര സത്യത്തിന്റെ ചരിത്രം, ഇത്ര സങ്കീർണ്ണവും, അവ്യവസ്ഥിതവുമാണെങ്കിൽ, നൂററാണ്ടുകൾക്കുശേഷം, ആ സത്യത്തെ വിവരിക്കുന്ന ചരിത്രഗ്രന്ഥങ്ങൾ, എങ്ങിനെയെല്ലാമായിരിക്കും!

ഇതാണു, ചരിത്രത്തിലെ സത്യത്തിന്റെ ചരിത്രം, ഏതുകാലത്തും, ഏതു രാജ്യത്തും. ശ്രീ. വേലുത്തമ്പിദളവ ഒന്നാന്തരം രാജദ്രോഹിയും, കൊള്ളയടിക്കാരനും, നിഷ്കൃണനായ ഘാതകനുമായിരുന്നു എന്നാണ്, ഒരുവക ചരിത്രം. ആ മഹാനെപ്പോലെ നിസ്വാർത്ഥനായ രാജ്യാഭിമാനിയും, സ്വാതന്ത്ര്യപ്രേമിയും, ധീരവീര്യപരാക്രമിയുമായിരുന്ന ഒരു പുരുഷപുംഗവനെ വഞ്ചി

നാട്ടു വളർത്തിട്ടില്ലെന്നു മറെറാരു ചരിത്രം. കളിപ്ലാൻകുളവും, കുമാരപഞ്ചകങ്ങളുടെ കൊലപാതകവും ചരിത്രസത്യങ്ങളാണെന്ന് ഒരു പക്ഷം. അങ്ങിനെ ഒരു കുളവും, അഞ്ചു പൈതങ്ങളും ഒരിക്കലും ഉണ്ടായിരുന്നിട്ടില്ലെന്നു മറെറാരു ചരിത്രം. അവിടെ, "സത്യം" തന്നെയും 'അസത്യ'മായി! 'കല്ക്കുട്ടയിലെ ഇരുട്ടറ'യുടേയും, അതിനകത്തുകിടന്നു വീർപ്പുമുട്ടിച്ചത്തവരുടേയും കഥകൾ, സുറാജിദ്ദൌളയെ ക്രൂരനും, ഹിന്ദുജനദ്രോഹിയുമാക്കിയ ചരിത്രമാകുന്നു. അപ്രകാരമൊരു അറ തന്നെയും ഉണ്ടായിരുന്നില്ലെന്നും, ദൌള, യഥാർത്ഥത്തിൽ, സഹിഷ്ണുവും, സാത്വികനുമായിരുന്നു എന്നും മറെറാരു ചരിത്രം കുറിക്കുന്നു! സാക്ഷാൽ സിവാജിയെ കാട്ടെലിയായും, പഴശ്ശിരാജാവിനെ കിരാതനായും ചിത്രീകരിക്കുന്ന ചരിത്രങ്ങളും ആ വർഗ്ഗത്തിൽതന്നെ വിലസുന്നുണ്ട്. ചരിത്ര'സത്യ'ത്തെ, പ്രചരണാർത്ഥം രൂപപ്പെടുത്തുന്നതോ പോകട്ടെ; അതിന്നുവേണ്ടി, 'ചരിത്രസത്യ'ത്തെ —കള്ളക്കഥകളെ— സൃഷ്ടിക്കുന്നതിന്നുംകൂടി, ആവശ്യക്കാർ അമാന്തിക്കാറില്ല!

'ഇന്നത്തെ രാജ്യതന്ത്രമാകുന്നു നാളത്തെ ചരിത്രം' എന്നു പറയപ്പെടുന്നുണ്ട്. രാജ്യതന്ത്രമാണു ചരിത്രനിർമ്മിതിയുടെ പശ്ചാത്തലമെങ്കിൽ, ചരിത്രത്തിൽനിന്നു, സത്യം യാത്രപറഞ്ഞുപിരിഞ്ഞുപോകുന്നതിൽ അത്ഭുതമില്ല! കാരണം, രാജ്യതന്ത്രം, അസത്യതന്ത്രമാണെന്നു സർവ്വവിദിതമാകുന്നു. "തന്ത്ര" സംജ്ഞയെ, ഇത്രയും സമഞ്ജസമായി മറെറാരിടത്തും സംഘടിപ്പിക്കാവുന്നതല്ല. രാജ്യചരിത്രവും, രാജ്യതന്ത്രവും അന്യോന്യം സംബന്ധപ്പെട്ടും, അഭേദ്യാവസ്ഥയെ പ്രാപിച്ചും വിജയിക്കുന്നു. അതുകൊണ്ടു, രാജ്യതന്ത്രത്തിന്റെ പേരിൽ, ചരിത്രം വ്യഭിചരിക്കപ്പെടുകയും, ചരിത്രസത്യങ്ങൾക്കു രൂപഭേദങ്ങൾ സംഭവിക്കുകയും, പലപ്പോഴും, അസത്യങ്ങൾതന്നെയും സത്യങ്ങളായി രംഗപ്രവേശം ചെയ്യുകയും, ഇങ്ങിനെ പലതും വന്നുചേരുന്നു!

"ചരിത്രഗ്രന്ഥങ്ങൾ എടക്കിടയ്ക്കു് മാറി എഴുതപ്പെടണം" എന്നൊരുപക്ഷക്കാരുണ്ട്. അതു അഭിപ്രായത്തിന്റെ അർത്ഥവും, അടിസ്ഥാനവും ഇപ്പോൾ സ്പഷ്ടമായി എന്നു വിശ്വസിക്കുന്നു. മുമ്പ് അറിയപ്പെടാതിരുന്ന പുതിയ സംഗതികൾ പുറത്തു വന്നതുകൊണ്ടു മാത്രമല്ല, വിരചിതങ്ങളായ വിഷയങ്ങളെക്കുറിച്ചുതന്നെ പുതിയ അഭിപ്രായങ്ങൾ വന്നുചേരുന്നതുകൊണ്ടാണു, ചരിത്രക്ഷേത്രത്തിന്റെ, ചില "എളക്കിക്കലശങ്ങ"ളും, "നവീകരണ ശുദ്ധികളും" വേണ്ടിവരുന്നതും. ഭൂതകാല സംഭവങ്ങൾ പലതും, ഒരു പുതിയ വെളിച്ചത്തിൽ, നൂതനരൂപത്തിൽ, ഇന്നുള്ളവക്ക് പ്രത്യക്ഷപ്പെടുന്നു. ചരിത്രം എടക്കിടയ്ക്കു് മാറി എഴുതണമെന്നു സിദ്ധാന്തിച്ചിരിക്കുന്നതു ലോകപ്രസിദ്ധനായ ജർമ്മൻപണ്ഡിതൻ "ഗാഥേ"യാകുന്നു.

നിഷ്പക്ഷമായി നിരൂപിക്കുന്നപക്ഷം, ചരിത്രരചന ഇന്നോവരെ, വളരെ സദാചാര വിരുദ്ധമായിട്ടാണു നടന്നിട്ടുള്ളതു്. സംഗതികളെ മനഃപൂർവ്വം മറച്ചുവച്ചും, മാററിവച്ചും, മാററുകുറച്ചും, ചായംതേച്ചും അല്ലാതെ, ആരും, ചരിത്രരചന നിർവ്വഹിച്ചിട്ടില്ല. ഛായാഗ്രഹണമല്ല, ചിത്രമെഴുത്താണ് ചരിത്രനിർമ്മാണം എന്നുള്ളതുകൊണ്ട്, എഴുത്തുകാരന്റെ മനോഭാവവും, മനോധർമ്മവും, വ്യക്തിമുദ്രകളും ചരിത്രഗ്രന്ഥത്തെ, അലങ്കരിക്കുകയോ, അലങ്കോലപ്പെടുത്തുകയോ ചെയ്തിരിക്കും. ചരിത്രശുഷ്കാസ്ഥികൾ— ചരിത്രസത്യങ്ങൾ— അവരുടെ— ചരിത്രകാരന്മാരുടെ— വിരുതേറിയ കൈകളിൽ, കുംഭകാരന്റെ ചക്രത്തിന്മേൽ ഇരിക്കുന്ന കളിമണ്ണുപോലെ, "ചക്രക്കാരന്റെ" മനസ്സിനൊത്ത രൂപവും, ഭാവവും കൈക്കൊള്ളുന്നു! രാഷ്ട്രീയജീവിതം, അത്യാർത്തിക്കും അനീതിക്കും അടിമപ്പെട്ടിരിക്കുമ്പോൾ, രാഷ്ട്രത്തിന്റെ പാവനനാമത്തിൽ അക്രമങ്ങളും അധർമ്മങ്ങളും പുകഴ്ത്തപ്പെട്ട പുണ്യകർമ്മങ്ങളായി ഭവിക്കുന്നു! അന്തമില്ലാത്ത അസംപ്രേക്ഷ്യകാരികൾകൂടി, അന്തസ്സുള്ള അഭിജാതരായി അംഗീകരിക്കപ്പെടുന്നു. പ്രജകളിൽ ശിക്ഷാർഹങ്ങളായ പ്രവൃത്തികൾപോലും ചിലപ്പോൾ, ഭരണസ്ഥാനത്തിന്നു ഭൂഷണങ്ങളായിത്തീരുന്നു! ഉദാഹരണത്തിന്നു, സ്വകാര്യ ബസ്സുകളിൽ "ഓവർലോഡ്" ശിക്ഷാർഹവും, സർക്കാർ

ബസ്സുകളിൽ അതു പ്രശംസനീയവും, പ്രോത്സാഹനാർഹവുമാണു്! "സ്ഥാനമഹത്വവും, അധികാര മാഹാത്മ്യവും, മഹാപാപങ്ങളെ, മഹനീയകൃത്യങ്ങളാക്കുന്നു" എന്നു "മോൺഷ്യർഹെർസി" വിളിച്ചുപറഞ്ഞിട്ടുള്ളതാണു്.

"ചരിത്രം," ഒരു "ശാസ്ത്ര"മാണെന്നുള്ള "പറച്ചിൽ" വെറും ഒരു "മര്യാദവാക്കു" മാത്രമാണു്. രസതന്ത്രശാസ്ത്രം, ഊർജ്ജശാസ്ത്രം മുതലായ ശാസ്ത്രങ്ങളെപോലെയുള്ള ഒരു ശാസ്ത്രീയത്വവും, ചരിത്രത്തിന്നില്ല. കാരണം, അതിന്നു ചാരിത്ര്യശുദ്ധിയില്ലായ്കതന്നെ. വലിയ പരപ്പും, ഒട്ടും നിരപ്പില്ലായ്കയും, നിരീക്ഷകന്റെ നോട്ടക്കുറവുകളോടുള്ള വിധേയത്വവും, ചരിത്രസംഗതികളുടെ വിശകലനവും, അപഗ്രഥനവും, ഉൽഗ്രഥനവും, താരതമ്യവിവേചനവും, ശാസ്ത്രങ്ങൾക്കു് ആവശ്യമായ മററുപലതും, ഏറക്കുറെ അസാദ്ധ്യങ്ങളാക്കിത്തീർത്തിരിക്കുന്നു. ഗണിതശാസ്ത്രം ബുദ്ധിശക്തിയേയും, "സയൻസ്സു്" എന്നു സാധാരണ പറയുന്ന ശാസ്ത്രങ്ങൾ ക്ഷമയോടുകൂടി പരിശോധനകൾ നടത്തുവാനുള്ള സാമർത്ഥ്യത്തെയും, നിയമം അധികാരശക്തിയേയും ആശ്രയിക്കുന്നു; എന്നാൽ, ചരിത്രം, അവയെയൊന്നും അവലംബിക്കുന്നില്ല, എന്നാണു, "ലേബിൻസു്" അഭിപ്രായപ്പെട്ടിട്ടുള്ളതു്.

അതിശയോക്തികളുടെയും അസത്യങ്ങളുടെയും മദ്ധ്യത്തിൽനിന്നു യാഥാർത്ഥ്യത്തെ തിരിച്ചറിയുന്നതിന്നു സാധിക്കണം. ഒരു യഥാർത്ഥചരിത്രകാരന്നു് അസത്യങ്ങളിൽ മൂടിക്കിടക്കുന്ന സത്യങ്ങളെ കണ്ടറിയാൻ സാധിച്ചാൽമാത്രം പോരാ. അയാൾക്കു് സത്യങ്ങളുടെ ചരിത്രംകൂടി അറിയണം. അവയുടെ പശ്ചാത്തലം, പ്രേരകപ്രധാനങ്ങളായ സംഗതികൾ, സംഗതികളുടെ പരസ്പരസംബന്ധം, അങ്ങിനെ പലതും അറിയണം. സംഭവങ്ങളെ യഥേഷ്ടം മാററാവുന്നതല്ല. സംഗതികൾക്കു് അയാൾ ബാദ്ധ്യസ്ഥനുമല്ല. തന്നിമിത്തം, ഒരു ചരിത്രകാരന്റെ പ്രവൃത്തി, ദുഷ്കരവും, ദുർഘടം പിടിച്ചതുമാകുന്നു. താനാണു സംഗതികളെ പ്രത്യക്ഷപ്പെടുത്തുന്നതെങ്കിലും, തന്നിൽകൂടിയല്ലാതെ, അവയെ നിരീക്ഷിക്കുവാൻ പ്രേക്ഷകന്മാർക്കു സാധിക്കണം. അതാണു ദുഷ്കരമായിട്ടുള്ളതു്. അന്വേഷണങ്ങളുടെ പരിധികളുടെ പരപ്പും പടർപ്പും ആകുന്നു ആ പ്രവൃത്തിയെ ദുർഘടം പിടിച്ചതാക്കുന്നതു്.

ചരിത്രത്തിന്നു സ്വന്തമോ, സ്വതന്ത്രമോ ആയ ഒരു അനുമാനസിദ്ധാന്തമില്ല. അനുമാനത്തെ സമ്പൂർണ്ണവും, സംശയരഹിതവുമാക്കുന്നതിന്നു വേണ്ടുന്ന സാഹചര്യങ്ങളും, സാധാരണ സിദ്ധിക്കാവുന്നതല്ല. കഴിഞ്ഞകാലംതന്നെ ശരിക്കുകാണുക സാദ്ധ്യമല്ല. വർത്തമാനം വിഭിന്നാഭിപ്രായ ജടിലമായിരിക്കും; ഭാവി അജ്ഞാതവും അവിശ്വസനീയവും! പിന്നെ എങ്ങിനെയാണു്, അനുമാനശാസ്ത്രത്തിന്റെ പ്രയോഗം ചരിത്രത്തിൽ സമ്പൂർണ്ണമായിരിക്കുക? ചുരുക്കത്തിൽ, "ചരിത്രച്ചുരുളി"ന്റെ, ഏതാനും മാത്രമേ, ഏതു ചരിത്രകാരന്റെ കണ്ണുകൾക്കും ഗോചരങ്ങളാകുന്നുള്ളൂ. അതുകൊണ്ടു, ചരിത്രകാരന്മാരുടെ അനുമാനാഭിപ്രായാദികൾ എന്നും, അസ്പഷ്ടങ്ങളും, അപൂർണ്ണങ്ങളുമായിരിക്കുവാനേ നിർവ്വാഹമുള്ളൂ.

"ഏകലോകഗവമ്മേണ്ടു്," എന്നോ മറേറാ ഒരു പുതിയ അഭിപ്രായം അങ്കുരമിട്ടതായി കാണുന്നുണ്ടു്. അതു്, അസാധ്യമാണെന്നു മാത്രമല്ല, ആശയവൃത്തിക്കു് അപര്യാപ്തവുമാകുന്നു. ഭൂലോകംമുഴുവനും ഒരു സംസ്ഥാനവും, ജനങ്ങൾ മുഴുവനും ഒരു വർഗ്ഗക്കാരും, ഭാഷക്കാരും, പരിഷ്കാരക്കാരും, സ്വഭാവക്കാരും ആകുമെങ്കിൽ,—അങ്ങിനെ ഒരിക്കലും ആകുകയില്ലെന്നു തീർച്ചയാണു്; കാരണം, 'അതു പ്രകൃതിവിരുദ്ധമാണു്,—ആ ദുഷിച്ചലോകത്തിന്റെ— ആ വാക്കുപയോഗിച്ചതിന്നു ക്ഷമാപണം— രക്ഷ, മോക്ഷം, അസാദ്ധ്യമായിത്തീരുന്നതായിരിക്കും. ഭൂലോകത്തെത്തന്നെ ആകെ ഇളക്കിമറിക്കുന്ന ഒരു മഹാവിപ്ലവത്താലല്ലാതെ, ആ അധഃപ്പതനത്തിൽനിന്നു മോചനമുണ്ടാകാവുന്നതല്ല. രാഷ്ട്രീയജീവിതം മാത്രമല്ല, സാമുദായികജീവിതവും, ആത്മീയജീവിതവും ആ "ഏകമാർഗ്ഗലോകത്തി"ൽ നിശ്ശേഷമായിബ്ഭവിക്കും. പക്ഷേ, ആ അത്യാപത്തു്,

അട്ടത്തെങ്ങുമില്ലെന്നു സമാധാനിക്കാം. ഒരു വസ്തുവിൻെറ രണ്ടാമത്തെ പണയക്കാരൻ, ഒന്നാമത്തെ പണയക്കാരനുള്ള മുതൽ പലിശകൾ മുഴുവനും കൊടുത്തു തൻെറ പണയവസ്തു രക്ഷപ്പെടുത്തുന്നതുപോലെ, പിന്നിൽ പിന്നിൽ ഉയൎന്നുയൎന്നു വരുന്ന രാജ്യക്കാർ, മുമ്പിൽ മുമ്പിൽ അധഃപ്പതിച്ചവരുടെ സംസ്കാരസമ്പത്തുക്കളെ, വീണ്ടെടുത്തു രക്ഷപ്പെടുത്തുന്നതായി, ഒരു "ചരിത്രസത്യം," നമ്മെ അഭിമുഖീകരിച്ചു തുറിച്ചുനോക്കിക്കൊണ്ടു നില്ക്കുന്നു! ബാബിലോണിനെ അസ്സറിയായും, അസ്സറിയായെ ഗ്രീസ്സും, ഗ്രീസ്സിനെ റോമും, റോമിനെ യൂറോപ്പും വീണ്ടെടുത്തു! അപ്രകാരമല്ലായിരുന്നു എങ്കിൽ, ബാബിലോൺ മുതൽ റോംവരെയുള്ള സംസ്കാരസമ്പത്തുകളെല്ലാം—അനേകം ശതാബ്ദങ്ങളിലെ മാനുഷിക പ്രയത്നത്തിൻെറ പ്രശസ്തമായ പ്രതിഫലം മുഴുവനും,—തീരെ നഷ്ടപ്പെട്ടുമായിരുന്നു. ഇന്നത്തെ ലോകത്തിലെ രാഷ്ട്രങ്ങളുടെ വിവിധത്വവും, വിഭിന്നതകളും ആകുന്നു, ഒട്ടാകെ നോക്കിയാൽ, ലോകത്തിൻെറ രക്ഷയും മോക്ഷവും! ആ അനേകത്വത്തിൽ കൂടിയുള്ള ഏകത്വത്തിൻെറ വീക്ഷണമാകുന്നു, അഭ്യുദയമാർഗ്ഗം. സത്വരജസ്തമസ്സുകളുടെ സാമ്യാവസ്ഥയില്ലാതെ— ആ അവസ്ഥതന്നെയാണു പ്രളയാവസ്ഥയും—നാനാത്വം അപ്രത്യക്ഷമാകുന്നതല്ല.

ഉയൎച്ചനേടുവാൻ ഉത്സാഹിക്കുന്ന മനുഷ്യവൎഗ്ഗത്തിൻെറ തദൎത്ഥമുള്ള പ്രയത്നങ്ങളുടെ ചരിത്രമാകുന്നു, ശരിയായ "ചരിത്രം". ആ പരിശ്രമം, മനുഷ്യൻ ഭൂമുഖത്തു്, ഇദംപ്രഥമമായി പ്രവേശിച്ച നാൾമുതൽ ആരംഭിച്ചതാണ്. വിശ്രമവിഹീനമായ ആ പരിശ്രമത്തിൽ, ആ വൎഗ്ഗത്തിനു നേരിട്ടിട്ടുള്ള ക്ലേശങ്ങളുടെയും, പരാജയങ്ങളുടെയും, മത്സരങ്ങളുടെയും, മഹാവിജയങ്ങളുടെയും കഥയാകുന്നു—മൃഗമനുഷ്യൻ ദൈവമനുഷ്യനായി ഉയരുവാൻ പണിപ്പെടുന്നതിൻെറ നീണ്ടുനീണ്ട കഥയാകുന്നു—സത്യത്തിൽ, ചരിത്രം, ചരിത്രം, എന്നു പറയപ്പെടുന്നതു്. ഓരോ മനുഷ്യൻെറയും ജീവിതത്തിൽ എന്നപോലെ, മനുഷ്യവൎഗ്ഗത്തിൻെറ ജീവിതത്തിലും ഉച്ചനീചത്വങ്ങളും, നിമ്നോന്നതാവസ്ഥകളും സംഭവിച്ചുകൊണ്ടിരിക്കുന്നു. അതാണു, രാജ്യചരിത്രത്തിനും, ജീവചരിത്രത്തിനും തമ്മിലുള്ള ബന്ധവും. യഥാൎത്ഥത്തിൽ, കുറെ ജീവചരിത്രങ്ങളുടെ ആകപ്പാടെയുള്ള ഒരു നീക്കിയിരിപ്പിൻെറ വിശദീകരണമല്ലാതെ, മററെന്താണ്, രാജ്യചരിത്രമെന്നു പറയുന്നതു തന്നെയും?

ഭാരതീയരെ സംബന്ധിച്ചു പറയപ്പെടുന്ന വലിയ ഒരപവാദമോ, ആക്ഷേപമോ ആണ്, അവർ ചരിത്രദൃഷ്ടിയില്ലാത്തവരും, ചരിത്രനിൎമ്മാണ ശ്രദ്ധയില്ലാത്തവരും ആയിരുന്നു എന്നു. മുമ്പു പ്രസ്താവിച്ച അഭിപ്രായത്തിൻെറ വെളിച്ചത്തിൽ, ആ ആക്ഷേപം, തികച്ചും അടിസ്ഥാനരഹിതമാണെന്നു കാണാവുന്നതാണ്. ഓരോരുത്തർ ഓരോ ആവശ്യാർത്ഥം നിൎമ്മിക്കുന്നവയും, സത്യങ്ങളെത്തന്നെ മറച്ചുവച്ചില്ലെങ്കിൽപോലും, അവയെ അസത്യങ്ങളുടെ കഞ്ചുകങ്ങളിൽ ഒളിപ്പിക്കുന്നവയും, കാലഭേദമനുസരിച്ചു മാററി എഴുതിയേ കഴിയൂ എന്നു നിർബ്ബന്ധിക്കപ്പെടുന്നവയും ആയ ചരിത്രഗ്രന്ഥങ്ങളെ നിർമ്മിച്ചിട്ടില്ലാ ഭാരതീയർ എന്നു മാത്രമേ, ആ പരിഹാസത്തിൽ പരമാർത്ഥാംശമുള്ളു. അതിൽ ഭാരതീയൎക്ക്, അഭിമാനിക്കുവാൻ മാത്രമേ അവകാശമുള്ളൂ! നേരെമറിച്ചു, ഭാരതഭൂമിയിൽ, ആൎയ്യവംശം ആവിർഭവിച്ച കാലംമുതല്ക്കുള്ള, നരവംശാഭ്യുന്നതിയുടെ ചരിത്രവും, അതിൽ അവർ വഹിച്ച പങ്കും, സമ്പാദിച്ചതായ സ്ഥാനമാനാദികളും, അനുസരിച്ചതായ മാർഗ്ഗങ്ങളും, അനുഭവപ്പെട്ടതായ സംഗതികളും, ഭാരതീയർ, ഭംഗിയായും, പൂർണ്ണമായും രേഖപ്പെടുത്തീട്ടുണ്ട്. മററൊരു വർഗ്ഗക്കാൎക്കും, രാജ്യക്കാൎക്കും, ഏതൽക്കാലപൎയ്യന്തം സാധിച്ചിട്ടില്ലാത്ത വിജയങ്ങളും, വിഭൂതികളും അവർ സ്വാധീനങ്ങളാക്കുകയും, പിൻതലമുറകൾക്കു മാർഗ്ഗദൎശനം നൽകുകയും ചെയ്തിട്ടുണ്ട്. "എവറസ്റ്റ് കൊടുമുടി"യിൽ, അവർ പണ്ടേ കയറി എറങ്ങീട്ടുണ്ട്! അവിടേക്കുള്ള വഴികളെ പ്ലാനോടുകൂടി അവർ വിവരിച്ചിട്ടുണ്ട്. അവിടത്തെ കാഴ്ചകളെ "ഫോട്ടോഗ്രാഫി"യിൽക്കൂടെ എന്നപോലെ അവർ ചിത്രീകരിച്ചിട്ടുണ്ട്. അവിടെ ചെന്നാലുണ്ടാ

കുന്ന അനുഭവങ്ങളെ അവർ അഭൌമമായ കാവ്യഭാഗിയോടുകൂടി പുകഴ്ത്തി പാടീട്ടുമുണ്ടു്. അതാണവരുടെ ചരിത്രം! ഭാരതീയർ ചരിത്രരചന ഉപേക്ഷിച്ചിരുന്നു എന്നു പറയുന്നതു മൂഢത്വമാണു്. അവക്കു ചരിത്രവും, ചരിത്രവും തിരിച്ചറിയാമായിരുന്നു. വാല്മീകി വ്യാസപ്രഭൃതികളും, മനു യാജ്ഞ്യവൽക്യൻ മുതലായവരും, കൌടില്യൻ പാണിനി തുടങ്ങിയവരും, വളന്ന ഭാരതത്തിൽ,— ആർഷഭാരതത്തിൽ— ഒരു "പ്ലിനി"യോ, "ഹെറഡോട്ടസ്സോ" ഉണ്ടായില്ലെങ്കിൽ, അങ്ങിനെയുള്ളവർ ഉണ്ടാകാഞ്ഞതല്ല, അവരുടെ സംസ്കൃതസമ്പന്നമായ ബുദ്ധിയും, ശ്രദ്ധയും ക്ഷണഭംഗുരങ്ങളും, സ്വാർത്ഥമാത്രപരങ്ങളും, വ്യക്തിനിഷ്ഠങ്ങളുമായിരുന്ന നിത്യസംഭവങ്ങളിൽ കേന്ദ്രീകരിക്കാഞ്ഞതാണു, കാരണം എന്നു്, അധൈര്യംകൂടാതെ പറയാവുന്നതാണു്.

കാര്യം അങ്ങിനെയൊക്കെയായാലും, "ചേര തിന്നുന്ന നാട്ടിൽ ചെന്നാൽ, നടുത്തുണ്ടം തിന്നുക," എന്ന ന്യായപ്രകാരം, ലോകം മുഴുവൻ, അതുതന്നെയും ആററംബോമ്പിൻെറയും, അററംകൂടാത്ത മററനേകം വീമ്പുകളുടെയും നാടായ "പരിഷ്കൃതലോകം" മുഴുവൻ, ചരിത്രത്തെ, മറെറാരത്ഥത്തിൽ, വേറെ ഒരു തരത്തിൽ, അന്യമായ ഒരു "മോഡലിൽ," സ്വീകരിക്കുമ്പോൾ, അവരുടെ ചേരിയിൽ ചേന്നു, മതാതീതരാഷ്ട്രമായ സ്വാതന്ത്ര്യറിപ്പബ്ലിക്കായി വിളങ്ങുന്ന ഇന്ത്യമാത്രം, മറെറാരു വ്യാഖ്യാനം സ്വീകരിച്ചു മൌനമായിരിക്കുന്നതു ശരിയുമല്ല, ശുഭോദർക്കവുമല്ല. ആ അത്ഥത്തിൽ, ഭാരതഭൂമി, സംസ്കാരത്തിൻെറ ചരിത്രം നിമ്മിച്ചിട്ടുണ്ടെങ്കിലും, നാട്ടിൻെറ ചരിത്രം രചിച്ചിട്ടില്ലാത്ത ഒരു രാജ്യമാകുന്നു! ആ അർത്ഥത്തിൽ, ഇന്ത്യയ്ക്കു് ശരിയായ ഒരു രാജ്യചരിത്രം ഇന്നുവരെ ഉണ്ടായിട്ടില്ലെന്നു, മോദിച്ചോ ഖേദിച്ചോ, യഥേഷ്ടം സമ്മതിക്കാതെ തരമില്ല. ആ നിലയിൽ, ഇന്ത്യയുടെ പഴയ ചരിത്രം, എന്നു വേണ്ട പുതിയ ചരിത്രം തന്നെയും, ശരിയാംവണ്ണം വിരചിതമായിട്ടില്ല. അങ്ങിനെയുള്ള ചരിത്രഗ്രന്ഥങ്ങളുടെ അഭാവം, ഭാരതീയസംസ്കാരത്തിൻെറ വിലയിടിവിന്നും, വിപണിനഷ്ടത്തിനുംകൂടി, കാരണമായിത്തീന്നിട്ടുമുണ്ടു്. വേദോപനിഷത്തുക്കളുടെ കാലനിണ്ണയം മുതൽ, അവയുടെ അർത്ഥപ്രതീതിവരെയുള്ള ഏതിലും എല്ലാററിലും, നാം പാശ്ചാത്യരായ ഗവേഷകന്മാരുടെ, 'മേല്ക്കോയ്മാധികാര'ത്തോടുകൂടിയ അഭിപ്രായങ്ങളെ, അംഗീകരിക്കുവാൻ നിർബ്ബന്ധിതരായിരിക്കുന്നു. യൂറോപ്പിലെ "റെണേയിസ്സൻസ്സി"ന്നും, ക്രിസ്തുമതപ്രചരണത്തിന്നും ശേഷമല്ലാതെ, ലോകത്തിൽ ഒരിടത്തും, ഒരു സംസ്കാരസമ്പത്തുമുണ്ടായിരുന്നില്ലെന്നു, മുൻകൂട്ടി ചെയ്തുവച്ചിട്ടുള്ള ഒരു തീർപ്പിൻെറ തണലിൽ നിന്നുകൊണ്ടല്ലാതെ, എത്ര നിഷ്പക്ഷമതിയായ യൂറോപ്യൻ ഗവേഷകനുപോലും, പുരാതനമായ ഭാരതീയസംസ്കാരത്തെ സമീപിക്കുവാൻ സാധിച്ചിട്ടില്ലെന്നുള്ള ദയനീയമായ പരമാർത്ഥം, അവരിൽ മിക്കവരുടെയും ഗ്രന്ഥങ്ങൾ നോക്കിയാൽ ഏറക്കുറെ, കാണാവുന്നതാകുന്നു! അതുകൊണ്ടു് ആ കുറവും, ഇന്ത്യയ്ക്കു ശരിയായ ഒരു രാജ്യചരിത്രമില്ലെന്നുള്ള കുറവും, ആവുംവിധം പരിഹരിക്കുന്നതിന്നു, സ്വതന്ത്രേന്ത്യ, പരിശ്രമിക്കേണ്ടതാകുന്നു. യൂറോപ്യന്മാരും, അവരെ അന്ധമായി ആശ്രയിക്കയും, അനുസരിക്കയും ചെയ്തിട്ടുള്ള ചില ഇന്ത്യക്കാരും, "മുറിക്കുമുക്കാലായി" അവിടെനിന്നും ഇവിടെനിന്നും, "ഊടും മൂടുമില്ലാതെ" കൂട്ടിപ്പിടിച്ചു, തട്ടിപ്പടച്ചു പുറത്തുവിട്ടിട്ടുള്ളവയാണു, നമ്മുടെ ഇന്നത്തെ ഇന്ത്യാചരിത്രഗ്രന്ഥങ്ങൾ!

അന്യരാജ്യക്കാർ ഒരിക്കലും ശരിയായ ചരിത്രരചനക്കു പ്രാപ്തന്മാരായി ഭവിക്കയില്ല. വിശേഷിച്ചും, വിദേശകോയ്മകളുടെ ആളുകൾ, ആ പ്രവൃത്തിക്കു തീരെ അനർഹന്മാരായിരിക്കും. ആയിരത്തിലധികം കൊല്ലമായി ഭാരതഭൂമിയിൽ ഓരോതരത്തിലുള്ള വിദേശികളുടെ ആധിപത്യമാണു പുലന്നുപോന്നിട്ടുള്ളതു്. അവക്കാക്കും, ഇന്ത്യയുടെ യഥാർത്ഥമായ ചരിത്രം, രചിക്കുവാൻ ആവശ്യവും, അവസരവും ഉണ്ടായിട്ടില്ല. വെറും യാത്രാവിവരണ ഗ്രന്ഥങ്ങളിൽപോലും, ഗ്രന്ഥകാരൻെറ താല്പര്യങ്ങൾക്കനുസാരങ്ങളായ,

അബദ്ധപ്രസ്താവങ്ങളും, ആക്ഷേപധ്വനികളും, അവാസ്തവങ്ങളായ വിവരണങ്ങളും കാണാവുന്ന സ്ഥിതിക്കു, രാഷ്ട്രീയശക്തിയുടെ ആജ്ഞാനുവർത്തികളായി ഗ്രന്ഥനിർമ്മാണം ചെയ്യുന്നവരുടെ കാര്യം, പറയേണ്ടതില്ലല്ലോ. അടുത്തകാലത്തും കൂടി, അമേരിക്കക്കാരും, യൂറോപ്യന്മാരും, “ഇന്ത്യയെ കണ്ടെത്തിയ”തു്, എങ്ങിനെയൊക്കെയാണെന്നു സർവ്വവിദിതമാകുന്നു.

“തൽക്കാലനിവൃത്തി”യാകുന്നു, രാജ്യതന്ത്രത്തിന്റെ മൂലയന്ത്രം. ജനകീയഭരണം കൈവന്നതോടുകൂടി ആ സംഗതി, സുതരാം സുസ്പഷ്ടമായിട്ടുമുണ്ടു്. ഓരോ ദുർഘടഘട്ടങ്ങളിൽ മന്ത്രിമാർ ചെയ്യുന്ന ആത്മാർത്ഥതയില്ലാത്ത വാഗ്ദാനങ്ങൾതന്നെ, അതിന്നു് ഒന്നാന്തരം തെളിവാകുന്നു. “മുട്ടിയനിലക്കു” എന്തു ചെയ്താലും, അധികാരസ്ഥാനസംരക്ഷണം മാത്രം ഏകവ്രതമായി സ്വീകരിച്ചിട്ടുള്ളവർ, മടിക്കുന്നതല്ല. സത്യം, രാജ്യതന്ത്രത്തിൽനിന്നു, നിമിഷംപ്രതി, അകന്നകന്നു പൊയ്ക്കൊണ്ടാണിരിക്കുന്നതു്! പാശ്ചാത്യരാജ്യങ്ങളിൽ പണ്ടും, “സത്യം” ഒരു ധർമ്മമല്ല, ഒരു “നയം” മാത്രമായിരുന്നു. ശരിയായ ഒരു ചരിത്രകാരൻ, ദൈവജ്ഞനായ ഒരു തത്വജ്ഞാനികൂടിയായിരിക്കണം. തത്വജ്ഞാനം, ഇംഗ്ലീഷുകാർ അത്രയൊന്നും ഇഷ്ടപ്പെടുന്ന ഒരു വിഷയമല്ല. കാരണം, “ലാഭചേതക്കണക്കിൽ” തത്വജ്ഞാനത്തിനു സ്ഥാനമില്ല. തത്വജ്ഞാനികൾ ഭരണാധികാരികളാവാത്തതാണു്, ഇന്നത്തെ ഏററവും വലിയ ആപത്തു്! പരമമായ ശാശ്വതസത്യത്തെ അറിയുന്നവനും, അറിയുവാൻ അന്യരെ പ്രേരിപ്പിക്കുന്നവനുമാണു, യഥാർത്ഥനായ തത്വജ്ഞാനി. അവനെങ്ങിനെ, ഭരണകൂടത്തിൽ ചടഞ്ഞുകൂടും? അവനെങ്ങിനെ, ഈശ്വരനെ സാക്ഷിനിർത്തി ഒപ്പിട്ട സന്ധിക്കരാറുകളെ, കീറക്കടലാസ്സുകളാക്കി ചവററുകുട്ടയിലെറിയും? അവനെങ്ങിനെ, യഥാർത്ഥമായ ഉദ്ദേശത്തെ ഒളിച്ചുവച്ചുകൊണ്ടു, ‘ഡിപ്ലോമാററിക്കു്’’ ആയി സംഭാഷണം നടത്തും? അവനെങ്ങിനെ ഉറങ്ങിക്കിടക്കുന്ന പട്ടണങ്ങളുടെ മീതെ ആററംബോംബെറിയും? അവനെങ്ങിനെ സത്യത്തെ മറച്ചുവച്ചും, അസത്യത്തെ ആരാധിച്ചിരുത്തിയും, ചരിത്രമെഴുതും? രാഷ്ട്രീയോന്നതിക്കു സഹായകമായവയെല്ലാം സത്യവും, ധർമ്മവും; മററുള്ളവയൊക്കെ അസത്യവും, അധർമ്മവും. അതൊന്നേ രാജ്യതന്ത്രക്കാരന്നു ലക്ഷ്യമായും, ലക്ഷണമായും ഉള്ളു!

ഇന്നത്തെ നിലയ്ക്കു്, അമേരിക്കക്കാരെല്ലാം, തത്വജ്ഞാനികളായിത്തീരുമെങ്കിൽ—റഷ്യക്കാരെങ്ങിനെയായാലുംമതി—ലോകത്തിന്നു്, അതു്, ഏററവും വലിയ അനുഗ്രഹമായിരിക്കും. എന്നാൽ, അമേരിക്ക—ഇന്നത്തെ അമേരിക്ക—അതോടുകൂടി ഇല്ലാതാകയും ചെയ്യും! തത്വജ്ഞാനമാണിന്ത്യയുടെ മൂലധനം. ഒരു തത്വജ്ഞാനിക്കു മാത്രമേ ഇന്ത്യാചരിത്രരചന സാധിക്കുകയുള്ളൂ. ആ തത്വജ്ഞാനി, ഒരിന്ത്യാക്കാരൻതന്നെയായിരിക്കുകയും വേണം. സ്വതന്ത്രേന്ത്യയുടെ ബുദ്ധിശക്തിയുടെ നല്ലതായ ഒരംശം, ഉടനേ, ഈ വിഷയത്തിൽ പ്രവർത്തിക്കേണ്ടതാകുന്നു. ചരിത്രത്തിലെ ‘സത്യം’ എന്താണെന്നറിയുകയും, ആ സത്യത്തെ, സമുന്നതസ്ഥാനത്തു നിർത്തുകയും, തത്വജ്ഞാനദൃഷ്ട്യാ സർവ്വസഹമായ ഒരു സംവീക്ഷണവൈദഗ്ദ്ധ്യം സമ്പാദിക്കുകയും വേണം. അപ്രകാരമുള്ള ഒരു പുതിയ ഇന്ത്യാചരിത്രം, അചിരേണ സംജാതമാകുമാറാകട്ടെ, എന്നു പ്രാർത്ഥിക്കുന്നു.

# ഉള്ളൂരിൻെറ കാവ്യകല

## വളർച്ചയും സാഹചര്യങ്ങളും

എം. ആർ. വാരിയർ എം. ഏ.

ആധുനികഭാഷാകവിതയുടെ നവോത്ഥാനത്തിൽ ഒരു പ്രധാനപങ്ക് വഹിച്ച മഹാരഥനാണ് മഹാകവി ഉള്ളൂർ. നാല്പതു കൊല്ലത്തിലധികം നിരന്തരമായി കാവ്യവ്യാപാരം നടത്തിയ ഈ മഹാകവി എല്ലാ പ്രസ്ഥാനങ്ങളിലും കൈവെച്ചു: ആട്ടക്കഥയൊഴിച്ച് മറെറല്ലാത്തിനേയും പ്രതിനിധീകരിക്കയും ചെയ്തു. ആ കാലഘട്ടത്തിലുണ്ടായ പരിവർത്തനങ്ങളുടേയും പ്രവണതകളുടേയും പ്രതിഫലനമാണ് ഉള്ളൂർകവിത. അപ്പഴപ്പോഴത്തെ നിലവാരം അനുസരിച്ച് വേഷവും മട്ടും മാറുന്നതിനു് ഇത്രമാത്രം കെല്പ് വേറൊരു മഹാകവിയും പ്രദർശിപ്പിച്ചിട്ടില്ല: അദ്ദേഹത്തിൻെറ കാവ്യാധ്വസഞ്ചാരത്തിനിടയിൽ പല പടവുകളും കടന്നു. പല പ്രസ്ഥാനങ്ങളേയും താലോലിച്ചു. തൊട്ടതൊക്കെ പൊന്നാക്കാൻ നോക്കി. നട്ടതിലധികം കായ്ക്കയും ചെയ്തു. അനവധി കൃത്യാന്തരങ്ങളുടെ നടുവിൽകിടന്നു് നട്ടംതിരിഞ്ഞപ്പോഴും കവിതാകാമിനിയെ പ്രസാദിപ്പിക്കുവാൻ കഴിവതുപോലെ കഠിനയത്നംചെയ്തു. വിശ്രമരഹിതമായ പരിശ്രമമാണ് ഉള്ളൂരിൻെറ ജീവിതം. അനുകൂലങ്ങളായ സാഹചര്യങ്ങളും അവിച്ഛിന്നമായ പരിശ്രമവും എത്രവരെ ചെല്ലാമെന്നതിൻെറ നിദർശനമാണ് ഉള്ളൂരിൻെറ കാവ്യജീവിതവൃത്തി. പാശ്ചാത്യവും പൌരസ്ത്യവുമായ സംസ്കാരത്തിൻെറ സമ്മേളനംകൊണ്ടു് ഭാഷാകവിതയ്ക്കുണ്ടായ ഉണർവ്വ് അദ്ദേഹത്തെയും ഉന്മേഷിപ്പിച്ചു. എന്നാൽ അദ്ദേഹത്തിൻെറ കവിതയിൽ പ്രസരിക്കുന്ന ചൈതന്യം പ്രധാനമായി പൌരസ്ത്യമാണ്. പ്രേരണയും പ്രചോദനവുമാണ് പാശ്ചാത്യസാഹിത്യത്തിൽ നിന്നും ലഭിച്ചതു്; പാശ്ചാത്യസാഹിത്യചൈതന്യം സൌന്ദര്യജീവത്തായി ഉള്ളൂർ കവിതയിൽ പരിലസിക്കുന്നുവോ എന്നു് സംശയമാണുതാനും.

കേരളവർമ്മ വലിയകോയിത്തമ്പുരാനുമായുണ്ടായ സമ്പർക്കമാണ് ഉള്ളൂരിനെ സാഹിത്യജീവിതത്തിലേക്കു ആനയിച്ച ആകർഷണശക്തി. 'മയൂരസന്ദേശ'ത്തിൻെറ ഇംഗ്ലീഷുതർജ്ജമ ഉള്ളൂരിനെ വലിയകോയിത്തമ്പുരാനുമായി അടുപ്പിച്ചു. കേരളസാഹിത്യ ചക്രവർത്തിയായിരുന്ന ആ പണ്ഡിതസാർവ്വഭൌമൻെറ അന്തേവാസിത്വമാണ് ഉള്ളൂരിൻെറ സർവ്വാഭ്യുദയങ്ങൾക്കും ചുവടു്. ആ കലാനാഥൻെറ ചുററുമുള്ള താരങ്ങളിലൊന്നായിത്തീർന്ന് അധികം കഴിയുന്നതിനുമുമ്പ് അവരിൽ അതിപ്രധാനിയായി അവിടത്തെ വലങ്കൈയ്യായി സാഹിത്യക്ഷേത്രത്തിൽ സ്ഥാനം കരസ്ഥമാക്കി. കേരളവർമ്മപ്രസ്ഥാനത്തിൻെറ വീറും നെറിയുമുള്ള കാവൽഭടനായി പല സന്ദർഭങ്ങളിലും കരവാളമേന്തി അടരാടി. വെറും സാഹിത്യപരമായ ബന്ധം മാത്രമല്ല അവർതമ്മിൽ നിലനിന്നതു്. കാലത്തിൻെറ പോക്കിൽ ഉള്ളൂർ വലിയകോയിത്തമ്പുരാൻെറ ആശ്രിതപ്രധാനിയും അതിവാത്സല്യപാത്രവുമായിത്തീർന്നു. പരമേശ്വരയ്യരുടെ പടിപടിയായുള്ള ജീവിതാഭ്യുദയങ്ങൾക്ക് താങ്ങും തണലുമായി പരോക്ഷമായും പ്രത്യക്ഷമായും നിന്നതും മററാരുമല്ല.

ഉള്ളൂരിൻെറ ആദ്യകാലകൃതികൾ പഴയ ചിട്ടയിൽ വാർത്തെടുത്തവയാണ്. സുപരിചിതമായ സാങ്കേതിക മാർഗ്ഗത്തിൽതന്നെ ആദ്യം ചരിച്ചു. ഗ്രന്ഥരൂപത്തിലുള്ള ആദ്യത്തെകൃതി 1080-ൽ പ്രസിദ്ധംചെയ്ത "വഞ്ചിശഗീതി" യാണ്. മഹാരാജാവിൻെറ തിരുനാൾ പല പുംസ്കോകിലങ്ങളേയും ബഹുജനമദ്ധ്യത്തിൽ

അവതരിപ്പിക്കാറുണ്ടായിരുന്നല്ലോ. ഉള്ളൂരും ആ അവസരങ്ങൾ പാഴാക്കിയില്ല. ശ്രീമൂലംതിരുനാളിന്റെ ദയാദൃഷ്ടിയിൽ പതിക്കുവാൻ, ഉറ്റുകാത്തിരുന്ന മഹാകവിക്കു ഇതൊരു സുവർണ്ണാവസരവുമായി. ഉള്ളൂരിന്റെ സ്വതസ്സിദ്ധമായ ശൈലിയുടെ അങ്കുരം മാത്രമേ ഈ കൃതിയിൽ ദർശിക്കാനുള്ളൂ. തന്റെ ഗുരുവരനായ ലക്ഷ്മീപുരത്തു് കവീന്ദ്രന്റെ 'ഉഷാകല്യാണ' ചമ്പുവിനെ അനുകരിച്ചു് എഴുതിയതാണു് 'സുജാതോദ്വാഹം'. സാധാരണ ചമ്പുക്കളിലെപ്പോലെ പുരാണേതിഹാസ കഥയെ ആശ്രയിക്കുന്നില്ലെന്നു് ഇതിനൊരുമെച്ചമുണ്ടു്. ധീരവും അചഞ്ചലവുമായ ഉല്പതിഷ്ണുത്വം പ്രതിപാദ്യത്തെക്കുറിച്ചു് പ്രദർശിപ്പിച്ചു. വ്യക്തിവിലാസാനുഗുണമായ കാവ്യശൈലി അങ്ങിങ്ങായി മിന്നിയിട്ടുണ്ടു്. പക്ഷേ ഉഷാകല്യാണത്തിന്റെ മധുരപ്രസന്നോദാരമായ ഉക്തിവൈചിത്ര്യവും ഭാവനാപൌഷ്കല്യവും സുജാതോദ്വാഹത്തിനു് കൈവന്നിട്ടില്ല. വിജയകരമായ അനുകരണം എന്നു് സഹൃദയന്മാർ ഏകകണ്ഠമായി ഇതിനെ പരിഗണിച്ചെന്നു വരികയുമില്ല. പച്ചമലയാള പ്രസ്ഥാനത്തിലെ ആദ്യത്തെ പരീക്ഷണമാണു് അടുത്തകൃതിയായ 'ഒരു നേർച്ച'. ആ നിർബന്ധംകൊണ്ടു് ഏറെക്കുറെ കൃത്രിമത്വവും പാകപ്പിഴയും അതിൽ വന്നുപോയിട്ടില്ലേ എന്നു് ആർക്കും തോന്നും. ഈ പ്രസ്ഥാനത്തിൽ കൈവെക്കുവാൻ പ്രേരകമായതു് അക്കാലത്തെ ചില പ്രധാനകവികളുമായുണ്ടായ സൌഹാർദ്ദമാണു്. ഒടുവിൽ കുഞ്ഞികൃഷ്ണമേനവൻ, പന്തളത്തു കേരളവർമ്മ എന്നിവരുമായുള്ള സമ്പർക്കം ഉള്ളൂരിന്റെ ഭാവികാവ്യജീവിതത്തെ നല്ലപോലെ സ്പർശിച്ചിട്ടുണ്ടു്. പന്തളം നടത്തിത്തുടങ്ങിയ 'കവനകൌമുദി' എന്ന പദ്യമാസിക ഇവരുടെ നടനരംഗമായിത്തീർന്നു. അവരുമായി ചേർന്നു് രചിച്ചിട്ടുള്ള കൂട്ടുകവിതകൾ അതിലാണു് ആദ്യം പ്രസിദ്ധംചെയ്തതും. 'കവനകൌമുദി'യുമായുണ്ടായ നിരന്തരബന്ധം ഉള്ളൂരിന്റെ കാവ്യരചനയ്ക്കു് ഒരു പ്രധാനപ്രേരകമായി ഭവിച്ചു. അദ്ദേഹത്തിന്റെ നാമം സാഹിത്യലോകത്തു് പൂർവ്വാധികം പ്രശസ്തമാകുന്നതിനു് ദ്വിതീയാക്ഷരപ്രാസവാദവും വഴിതെളിക്കാതിരുന്നില്ല. പ്രാസപക്ഷപാതികളുടെ നേതാവായി ഉള്ളൂരും എതിർകക്ഷിയുടെ സേനാനായകനായി കെ. സി. കേശവപിള്ളയും പ്രത്യക്ഷപ്പെട്ടു. കുറെക്കാലം നീണ്ടുനിന്ന ഈ വാദപ്രതിവാദത്തിൽ മിക്കകവികളും ഏതെങ്കിലും ഒരു കക്ഷിയിൽ ചേർന്നു് അഭിപ്രായപ്രകടനം നടത്തി. സാഹിത്യലോകത്തു് അല്പം കോളിളക്കമുണ്ടാക്കിയ ഈ വാദകോലാഹലം ഒരു ചേരിതിരിയലിനു് മാർഗ്ഗദർശനം ചെയ്തു. യാഥാസ്ഥിതികന്മാരുടെ പ്രാതിനിധ്യമാണു് ഉള്ളൂർ ഇക്കാര്യത്തിൽ അവലംബിച്ചതെങ്കിലും, അന്നത്തെ ഭൂരിപക്ഷം കവികളും പ്രാസപക്ഷപാതികളായിരുന്നതിനാൽ അദ്ദേഹത്തിനു് ഏറെക്കുറെ പൊതുജനസമ്മതി ഇതുകൊണ്ടു് ലഭിക്കാതിരുന്നില്ല. ശബ്ദഭംഗിയെക്കാൾ അർത്ഥനിഷ്കർഷയ്ക്കാണു് കവിതയിൽ കൂടുതൽ വിലവെക്കേണ്ടതെന്നുള്ള കേരളപാണിനിയുടെ അഭിപ്രായം ഭാഷാകവിതയിൽ പുരോഗമനപരമായി വരുത്തേണ്ട പരിവർത്തനത്തിന്റെ സമരകാഹളമായിരുന്നുവെന്നു് സ്പഷ്ടമാണു്. സജാതീയമായ ദ്വിതീയാക്ഷരപ്രാസത്തിന്റെ സാദ്ധ്യത പ്രദർശിപ്പിക്കുവാൻ കൂടിയാണു് ഉള്ളൂർ 'ഉമാകേരളം' വിരചിച്ചതു്. അഴകത്തു പത്മനാഭക്കുറുപ്പിന്റെ 'രാമചന്ദ്രവിലാസം'കൊണ്ടു് ഉദ്ഘാടനംചെയ്ത മഹാകാവ്യപ്രസ്ഥാനത്തെ ഉള്ളൂർ, വള്ളത്തോൾ, പന്തളംകേരളവർമ്മ, കെ. സി. കേശവപിള്ള മുതലായ പ്രമുഖകവികൾ താലോലിച്ചു. പഴയ ചട്ടക്കൂട്ടിൽ സംസ്കൃതമഹാകാവ്യങ്ങളെ അനുകരിച്ചുണ്ടാക്കിയ ഭാഷാമഹാകാവ്യങ്ങൾ ആവിർഭവിച്ചകാലത്തു് അവയെ അതുല്യശില്പങ്ങളായി പരിഗണിച്ചിരുന്നു. 'ഉമാകേരളം' അവയുടെ മുന്നണിയിലാണെന്നു് കേരളവർമ്മദേവൻ അഭിപ്രായപ്പെട്ടതു് വെറും പക്ഷപാതാന്ധ്യം കൊണ്ടല്ലെന്നു് സഹൃദയലോകം സമ്മതിക്കാതിരിക്കയില്ല. പ്രതിപാദ്യത്തിന്റെ നവീനത്വം ആരേയും ആകർഷിക്കും. തിരുവിതാംകൂർ ചരിത്രത്തിലെ ഒരു സ്തോഭജനകമായ ഘട്ടത്തെ ആസ്പദിച്ചുള്ള കഥാവസ്തു അംഗീകരിച്ചതുതന്നെ ഒരു പുതുമയാണു്. ശോകമധുരങ്ങളായ സംഭവങ്ങളുടെ ഘടന, യഥാർത്ഥങ്ങളും കല്പിതങ്ങളുമായ കഥാംശങ്ങളുടെ സമഞ്ജസമായ

കൂട്ടിയിണക്കൽ, സജീവങ്ങളായ പാത്രങ്ങളുടെ ആവിഷ്കരണം, എന്നിങ്ങനെ പലതും ഹൃദ്യമായി തോന്നും. ഇതിവൃത്തസ്വീകരണത്തിൽ പ്രദർശിപ്പിച്ച ഉല്പതിഷ്ണുത്വം ഭാഷാകവിതയിൽ പുരോഗമനോന്മുഖമാണെന്നതിനു സംശയമില്ല. പില്ക്കാലത്തെ ചരിത്രഗവേഷണം ചരിത്രാംശത്തിലുണ്ടാക്കിയ വ്യതിയാനം കാവ്യത്തിന്റെ മനോഹാരിതത്വത്തിനു് മങ്ങൽ തട്ടിക്കാനിടയില്ലതന്നെ. ഉമാകേരളത്തിനു് കവിയുടെ ആത്മപ്രകാശനം എന്ന നിലയിലും സവിശേഷമായ ആസ്വാദ്യതയുണ്ടു്. ഉള്ളൂരിന്റെ അത്യുൽക്കടമായ ദേശാഭിമാനവും രാജഭക്തിയും ഇതിൽ കണ്ണാടിയിലെന്നപോലെ പ്രതിഫലിച്ചുകാണാം. കേരളത്തിലെ പ്രകൃതിവിലാസങ്ങളുടെ വർണ്ണനയിൽ ഒട്ടൊക്കെ അതിവ്യാപ്തി സംസ്കൃതസങ്കേതങ്ങളുടെ പ്രതിധ്വനികളാൽ വന്നിട്ടുണ്ടെന്നുള്ളതും വിസ്മരിക്കത്തക്കതല്ല. സംസ്കൃതകവിവരന്മാർ പ്രകൃതിയിൽ കണ്ട കാഴ്ചപ്പാടുകളെ അതേവിധത്തിൽ സഹ്യപർവ്വതവർണ്ണനയിലും മറ്റും പകർത്താൻ വെമ്പിയതുകൊണ്ടത്രേ ഈ ന്യൂനത. ഋതുവർണ്ണനകളിലും മറ്റും തനി കേരളീയസ്വഭാവം തന്മയത്വത്തോടു പ്രതിഫലിപ്പിക്കുവാൻ കഴിയാഞ്ഞതു് പ്രകൃതി നിരീക്ഷണത്തിന്റെ സൂക്ഷ്മക്കുറവും ഗതാനുഗതികത്വവും കൊണ്ടാണു്.

ഉമാകേരളത്തോടുകൂടി ഉള്ളൂരിന്റെ കാവ്യവ്യവസായത്തിന്റെ ആദ്യഘട്ടം അവസാനിച്ചതായി കരുതാം. അതിൽ പിന്നീടുള്ള പത്തുകൊല്ലം പ്രാചീനഗ്രന്ഥപ്രകാശനം, ഗവേഷണം എന്നീ സാഹിത്യ സേവനങ്ങൾക്കാണു് പ്രായേണ വിനിയോഗിച്ചതു്. കണ്ണശ്ശരാമായണം, രാമചരിതം, രാമകഥപ്പാട്ടു് മുതലായ പ്രാചീനഗ്രന്ഥങ്ങൾ ടിപ്പണിസഹിതം പ്രസിദ്ധപ്പെടുത്തിയതു് ഒരു വലിയ നേട്ടമാണു്. ഗവേഷണപരങ്ങളായ ഒട്ടേറെ ലേഖനങ്ങൾ മാസികകളിലും മറ്റും നിരന്തരമായി പ്രസിദ്ധംചെയ്തുകൊണ്ടിരുന്നു. സെക്രട്ടറിയേററിൽ ജോലിയായിരുന്ന കാലഘട്ടം കവിതാനിർമ്മാണത്തിൽ അത്രമാത്രം ഫലസമൃദ്ധമായിരുന്നില്ല. 'മാലതി' 'ഒരുസ്വപ്നം' എന്നു തുടങ്ങിയ അപൂർവ്വം ഖണ്ഡകൃതികളേ ആയിടയ്ക്കു ഉതിക്കുവാൻ സാധിച്ചുള്ളു. ഉള്ളൂരിന്റെ കവിത ഒരു നൂതനസരണി അവലംബിക്കുന്ന മട്ടും പ്രത്യക്ഷപ്പെട്ടു. വെറും ക്ലാസിക്കു് പ്രസ്ഥാനത്തിൽ നിന്നു് കാല്പനികമാർഗ്ഗത്തിലേക്കുള്ള പ്രയാണമാണു് ഈ വഴിത്തിരിവു്. സാംസ്കൃത സാങ്കേതിക മാർഗ്ഗത്തിൽ ചെന്നുപെട്ടു് അതിൽ കഴിയാവുന്നതെല്ലാം ചെയ്തിട്ടു് ഒരു പുതിയ വഴി ആരാഞ്ഞുകൊണ്ടിരിക്കുന്നതായിട്ടാണു കാണാവുന്നതു്. ആയിരത്തി ഒരുനൂറിനു് ശേഷം പെൻഷൻവാങ്ങുന്നതുവരെയുള്ള ഏഴുവർഷക്കാലമാണു് ഉള്ളൂരിന്റെ നവീനപ്രസ്ഥാനത്തിലുള്ള കവിതയുടെ കൊയ്ത്തുകാലം. ഖണ്ഡകാവ്യങ്ങൾ ഭാഷാകവിതയിൽ പ്രാമാണ്യം സമ്പാദിച്ചതായി അദ്ദേഹം മനസ്സിലാക്കി. ഈ പരിവർത്തനത്തിനു് ഹേതുഭൂതന്മാർ വള്ളത്തോളും ആശാനുമായിരുന്നുതാനും. ഭാവസുന്ദരങ്ങളായ ഖണ്ഡകാവ്യങ്ങൾ സഹൃദയന്മാർക്കു ചാരുതരങ്ങളായിത്തീരുന്നുവെന്നു് വന്നതോടുകൂടി ഉള്ളൂരിന്റേയും പ്രയത്നം ആ വഴിക്കു തിരിഞ്ഞു. പരിസരങ്ങൾക്കനുയോജ്യമായി തന്റെ കാവ്യകലയ്ക്കു വേണ്ട പരിവർത്തനമുണ്ടാക്കുന്നതിൽ ഉള്ളൂർ എപ്പോഴും ജാഗരൂകനാണു്. 'താരഹാര'മാണു് ആദ്യത്തെ ഖണ്ഡകവിതാസമാഹാരം. അതും 'കിരണാവലി' യും ഇത്തരം ഖണ്ഡകൃതികളെ സ്വായത്തമാക്കാനുള്ള സഫലശ്രമങ്ങളെന്നേ കരുതേണ്ടതുള്ളു. ഉള്ളൂരിന്റെ 'പരന്ന വായനയേയും ഉയർന്ന ഭാവനയേയും' കുറെയൊക്കെ ഈ സരണിയിൽ മെരുക്കിയെടുക്കേണ്ടതായുണ്ടായിരുന്നു. ഖണ്ഡകവിതാദേവി വള്ളത്തോളിനെപ്പോലെ ഉള്ളൂരിനെ ആവേശത്തോടെ ഓടിവന്നാശ്ലേഷിച്ചില്ല; മാടിവിളിച്ചിട്ടേ എത്തിയുള്ളു. തികഞ്ഞ വാസനയ്ക്കും മനോധർമ്മത്തിനും എത്താവുന്ന ഉത്തുംഗശൃംഗങ്ങളിൽത്തന്നെ വൈഭവമുള്ളവർക്കു് കാലക്രമത്തിൽ ചെന്നുചേരാമെന്നു് ഉള്ളൂർ കവിതയുടെ വികാസഗതി പ്രസ്പഷ്ടമാക്കും. ഉള്ളൂരിന്റെ ശബ്ദപ്രവാഹം, അലങ്കാരധോരണി, വാചാലത എന്നിവയ്ക്കു്, അല്പമൊക്കെ കടിഞ്ഞാണിടേണ്ട ആവശ്യം നേരിട്ടു. ലഘുകവിതയിൽ പരന്ന വർണ്ണനയേക്കാൾ നിറഞ്ഞ സൂചനയാണാവശ്യം.

ഇതറിഞ്ഞുവരാൻ കുറെയൊക്കെ അഭ്യാസം വേണ്ടിവന്നു; എന്നിട്ടും പൂർണ്ണമായി നിയന്ത്രിച്ചുവോ എന്നു സംശയമാണ്. 'പെരിയാററിനോട്' 'വിശ്വവിജയം' 'മാലതി' എന്നു തുടങ്ങിയവയിൽ ഈ വൈഷമ്യം വ്യക്തമാകും. ഹീര, വിചാരധാര, ഒരു സുഹൃത്ചരമം, കബീർദാസ്, മുതലായ ഖണ്ഡകൃതികളിൽ ഈ വൈഷമ്യം ഒട്ടൊക്കെ മാറിയിരിക്കുന്നതായി ബോദ്ധ്യമാകും. ത്യാഗസാമ്രാജ്യത്തിന്റെ ധന്യചക്രവർത്തിനിയായ ദാസിയുടെ ധീരോദാത്തതയേയും അടിയുറച്ച സ്വാമിഭക്തിയേയും ഹൃദയസ്പൃക്കായി 'ഹീര'യിൽ വർണ്ണിച്ചിരിക്കുന്നു. ചരിത്രസംഭവങ്ങളും പാത്രങ്ങളും കവിയുടെ കല്പനാമൂശയിൽക്കൂടി പുറത്തുവരുമ്പോൾ അവയ്ക്കുണ്ടാകുന്ന ചൈതന്യവും ദീപ്തിയും അത്ഭുതകരമാണ്. തുടക്കംമുതൽ ഒടുക്കംവരെ വികാര നിർഭരവും ഭാവതീക്ഷ്ണവുമായ ആഖ്യാനം ആരേയും ആകർഷിക്കും.

തടിച്ച പുൽക്കെട്ട് തലയിൽ താങ്ങി തളർന്നു വരുന്ന നീലിപ്പുലക്കള്ളിയുടെ സജീവവും സമുജ്വലവുമായ ചിത്രം പരിലസിക്കുന്ന 'വിചാരധാര'യിൽ വാച്യത്തിനേക്കാൾ സൂച്യത്തിനാണ് പ്രാധാന്യം. നീലിയുടെ സ്നേഹം കാണാത്ത ജീവിതം സാംസാരികാർത്തിക്കടിമപ്പെടാതെ കഴിക്കുന്നതിനാൽ ശോഭനമായ ഭാവിയുണ്ടാകുമെന്ന്:—

'കുളത്തിലെപ്പാഴ്കെട്ടനീരിലല്ല
കൂത്താടിനിൽക്കുന്നതു ലോകമിപ്പോൾ
കുതിച്ചുരത്നാകര സഖ്യമാളും
കൂലങ്കഷയ്ക്കുള്ള പയസ്സിലല്ലോ.'

എന്ന് വിഭാവനം ചെയ്യുന്നു. പുരോഗതിയിലുള്ള അചഞ്ചലമായ വിശ്വാസം ഈ കാവ്യതല്ലജത്തെ ഭാസുരമാക്കുന്നുവെന്ന് മാത്രമല്ല, ജാതിയുടെ നിരർത്ഥകതയെ വെളിപ്പെടുത്തുന്നതിനുള്ള അതിവ്യഗ്ര്യത പ്രകടവുമാണ്:—

'തിരിച്ചുപോയോരിവൾ കുട്ടനെക്ക
ണ്ടാത്മാർത്ഥമാം പുഞ്ചിരിതൂകിടുന്നു
അദ്ദേതാരുവാങ്ങാൻ കനിയട്ടെ കണ്ണു
മാമുത്തുമാലയ്ക്കൊരശുദ്ധിയില്ല'.

ഉല്ലേഖ കല്ലോലിതവും ഭാവനാഭാസുരവുമായ 'കന്യാകുമാരിയിലെ സൂര്യോദയം' സുകുമാരവർണ്ണനകളുടെ പ്രദർശനമാണ്. കപിലവാസ്തുവിലെ കർമ്മയോഗി'യിലും 'ദിവ്യസ്വാന്തനത്തി'ലും 'കാവ്യപ്രഭാവ'ത്തിലും ഔചിത്യരഹിതമായ പാണ്ഡിത്യപ്രകടനവും അലംഭാവമില്ലാത്ത വാഗ്ധോരണിയും അളവില്ലാത്ത അലങ്കാരസന്നിവേശവും ആരേയും അമ്പരപ്പിക്കും. അടുത്ത സമാഹാരമായ 'തരംഗിണി' ഉള്ളൂരിന്റെ ക്രമപ്രവൃദ്ധമായ കലാനൈപുണ്യവും ഭാവനോജ്വലതയും പ്രകടിപ്പിക്കുന്നുവെന്നതിന് സംശയമില്ല. 'ഗാഥാഞ്ജലി' 'അന്നും ഇന്നും' 'പ്രഭാതഗാഥ' 'ശിവഗീത' 'സുഖം സുഖം' എന്നിവയാണ് ഈ സഞ്ചികയിലെ മികച്ച കൃതികൾ. 'ഗാഥാഞ്ജലി' ദേശാഭിമാനം തട്ടിയുണർത്താൻ പര്യാപ്തമായ ഒരു മോഹനഗീതമാണ്. കേരളസംസ്കാരത്തിന്റേയും ഭാഷയുടേയും മഹിമാതിശയത്തെ പ്രകീർത്തിക്കുന്ന ഈ ഖണ്ഡകൃതി ആരേയും രോമാഞ്ചകഞ്ചുകനാക്കിത്തീർക്കും. മാതൃഭാഷയെ മറക്കുന്ന ഇന്നത്തെ പാഠരീതിയെ കവി കഠിനമായി പരിഹസിക്കുന്നു. 'ഒത്തിനിയെങ്കിലും ശ്രദ്ധവെച്ചമ്മയ്ക്കീ ദുസ്ഥിതിവന്നതു ദൂരെ നീക്കാൻ' കേരളീയരോടുള്ള മഹാകവിയുടെ ഹൃദയാവർജ്ജകമായ ഉദ്ബോധനമാണ് ഇതിൽ മുന്തിനിൽക്കുന്നതും. 'അമ്മതൻവാക്കുതാനാദ്യമായ സർവ്വസ്വാമമ്മയിൽ ഭക്തിതാൻ മുക്തിമാർഗ്ഗം' എന്ന് മലയാളികളെ ആകമാനം ഉത്ബോധിപ്പിക്കുന്ന കവിയുടെ ദേശാഭിമാനഗരിമ സ്പൃഹണീയം തന്നെ. ഭാരതത്തിന്റെ പ്രാചീന മഹിമയും ഇന്നത്തെ ശോച്യാവസ്ഥയും തമ്മിലുള്ള വലിയ അന്തരം വെളിപ്പെടുത്തി ദേശാഭിമാനം ആളിക്കത്തിക്കുവാൻ വാചാലനായ മഹാകവി, 'അന്നും ഇന്നും' എന്നതിൽ ഉദ്യമിക്കുന്നു.

പ്രാചീനഭാരതത്തിലെ ആർഷപ്രഭാവം ഗാന്ധി, ടാഗോർ, ബോസ് എന്നീ മഹാശയ

ന്മാരിൽ ആധുനികകാലത്തും മൂർത്തിമത്തായി ദർശിക്കാമെന്ന് 'എന്റെ മത'ത്തിൽ സ്പഷ്ടമാക്കുന്നു. 'പ്രഭാതഗാഥ', 'ഗാനോപഹാരം', 'ബാലാങ്കുരം', 'തുമ്പപ്പൂവ്' എന്നു തുടങ്ങിയ ഖണ്ഡകൃതികളിൽ ദേശാഭിമാനവിജൃംഭകമായ കവിതാവാണി മോഹനനൃത്തം ചെയ്യുന്നതായി അനുവാചകന്മാർക്ക് അനുഭവപ്പെടാതിരിക്കയില്ല. 'ശിവഗീത' ഭാരതചാരിത്രത്തിന്റെ വിജയവൈജയന്തി തന്നെയാണ്. ഇന്നത്തെ അധഃപതനത്തിന്റെ അഗാധതയെ സുസ്പഷ്ടമാക്കി വെറും പാശ്ചാത്യപരിഷ്കാരത്തിന്റെ പുറംപൂച്ചുകളിൽ മങ്ങിമയങ്ങിയിരിക്കുന്ന ജനതയെ പഴയ പ്രാഭവത്തിലേയ്ക്കു ദത്തദൃഷ്ടികളാക്കുവാൻ ഉദ്ദേശിച്ചാണ് മഹാകവി തിങ്ങിവിങ്ങി പൊങ്ങിത്തിളച്ചു മറിഞ്ഞുവരുന്ന ദേശാഭിമാനത്തിനു പലപ്പോഴും ഉജ്ജ്വലപ്രകാശനം നൽകുന്നതു്. നൂതനപരിഷ്ക്കാരസരിത്തുകളുടെ അനുസ്യൂതപ്രവാഹത്താൽ മറഞ്ഞുപോയ വീരകാലത്തിന്റെ നേരിയ നിഴലുകൾപോലും മാഞ്ഞുകഴിഞ്ഞിരുന്നതിനാൽ മഹാകവിയുടെ ഭാവനാമുകുരത്തിൽ അവയുടെ വിശദചിത്രങ്ങൾ ഉടലെടുക്കയും അവയ്ക്കു ശാശ്വതത്വം പ്രദാനംചെയ്യുകയുമാണ് ഈ പ്രശസ്തകൃതികളിൽ സാധിച്ചിട്ടുള്ളതു്. ഒരു നവയുഗത്തിന്റെ അരുണോദയത്തിനു് സംപ്രേരകമായിരിക്കും ചേതസ്സമാകർഷമായ പൂർവമഹത്വത്തിലേയ്ക്കുള്ള ഈ അതിനിപുണമായ നോട്ടം.

ഉള്ളൂർ കവിതയുടെ ഉച്ചകോടി പ്രദർശിപ്പിക്കുന്ന 'കർണ്ണഭൂഷണം' 'പിംഗള' എന്നീ ഖണ്ഡകാവ്യങ്ങൾ പ്രസിദ്ധമായപ്പോൾതന്നെ സഹൃദയലോകത്തിന്റെ സമാരാധനയ്ക്കു് പാത്രമായി. പുരാണപ്രസിദ്ധമായ കർണ്ണന്റെ ദാനവീരത്വത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ള 'കർണ്ണഭൂഷണം', ഉള്ളൂർ കാവ്യസൌധത്തിന്റെ തിളക്കമേറിയ താഴികക്കുടമെന്നുവേണം പരിഗണിക്കുവാൻ. വിഷയവിശുദ്ധി, രചനാസൌഷ്ഠവം, പ്രതിപാദനസൌകുമാര്യം എന്നിവകൊണ്ടു് അത്യുജ്ജ്വലമാണ് പ്രസ്തുത കൃതി. പൌരാണികകഥയിൽ മഹാകവി വരുത്തിയിട്ടുള്ള നൂതനകല്പനകൾ സമഞ്ജസങ്ങളും സന്ദർഭോചിതങ്ങളുമാണ്. അതു് നവീനസാഹചര്യങ്ങളിൽ സുരഭിലമായിത്തന്നെ വികസിക്കുന്നുമുണ്ട്. വെറും ഒരു നീചപാത്രമായി ചിലർ കരുതിവരുന്ന കർണ്ണനു് എത്രമാത്രം മഹത്വവും മാററും മഹാകവിയുടെ ചിത്രണത്തിൽ പ്രതിബിംബിക്കുന്നുവെന്നു് നിർണ്ണയിക്കുവാൻ പ്രയാസമാണ്. വേശ്യയായ പിംഗള ഭോഗലോലുപതയിൽനിന്നുയർന്നുയർന്നു് ജീവന്മുക്തയായിത്തീരുന്നതാണ് ആ ഖണ്ഡകാവ്യത്തിലെ പ്രതിപാദ്യം. യാദൃച്ഛികമായുണ്ടായ ശ്രീരാമചിത്രദർശനമാണ് അവളുടെ മാനസപരിണാമത്തിനു പ്രേരകമാകുന്നതും. അതു് ആ സർവാംഗസുന്ദരിയെ ജീവിതബന്ധിയായ തത്വചിന്താസരണിയിലേയ്ക്കും നിർവേദത്തിലേയ്ക്കും അനുക്രമം നയിക്കുന്നു. ഭാരതീയാദർശങ്ങളുടെ അമൂല്യത പ്രദർശിപ്പിക്കുന്ന രണ്ടു ഉത്തമ കൃതികളാണ് 'കർണ്ണഭൂഷണ'വും 'പിംഗള'യും. സർവാംഗീണ സൌന്ദര്യത്തിന്റെ സങ്കേതഭൂമിയിലാണ് ഇവ രണ്ടും തത്തിക്കളിക്കുന്നതെന്നു് ആർക്കും തോന്നാതിരിക്കുകയില്ല.

ഉള്ളൂർ സംഭവബഹുലമായ ഉദ്യോഗജീവിതത്തിൽനിന്നു് വിരമിച്ചതിനുശേഷം കാവ്യനന്ദനവനസഞ്ചാരിയായിത്തന്നെ ജീവിതശേഷം നയിച്ചു. വാർദ്ധക്യകാലത്തു് അനുഭവിച്ചിരുന്ന സാമ്പത്തികമായ സമൃദ്ധി സാഹിത്യവ്യവസായത്തിനു് പ്രത്യേകം സഹായകമായിത്തീർന്നു. പണത്തിന്റെ കുറവുകൊണ്ടുണ്ടാകുന്ന പ്രാരബ്ധങ്ങളിൽനിന്നും വിമുക്തമാകുകയെന്നതു് സരസ്വതീദാസന്മാർക്ക്—വിശേഷിച്ചും മലയാളത്തിലെ—അപൂർവാനുഭവമാണല്ലോ. നൂതനമായി ഖണ്ഡകൃതികൾ രചിക്കുന്നതിനും പഴയവയെ ശേഖരിച്ചു പ്രകാശിപ്പിക്കുന്നതിനും വേണ്ട സകലസൌകര്യങ്ങളും മഹാകവിക്ക് സുലഭമായി. അതിന്റെ ഫലമായി 'ഹൃദയകൌമുദി', 'രത്നമാല', 'മണിമഞ്ജൂഷ', 'അമൃതധാര', 'കല്പശാഖി' 'തപ്തഹൃദയം' എന്നിങ്ങനെ ആറു സമാഹാരങ്ങൾ തുടരെ പ്രസിദ്ധപ്പെടുത്തി. ബാഹ്യമായും ആന്തരമായും ചില വ്യതിയാനങ്ങൾ ഇക്കാലത്തെ കൃതികളിൽ പ്രകടമാണ്. പഴയ ദ്രാവിഡവൃത്തങ്ങൾക്ക് ഉള്ളൂർ കവിത

യിൽ ഈ ഘട്ടമായപ്പോഴേയ്ക്കു് ഭൂരിപ്രചാരം സിദ്ധിച്ചു. നാടൊട്ടുക്കുവന്ന നവീനസ്ഥിതിയാണു് ഇതിനു നിദാനം. മഹാകവി പൊതുവേ പരിസരങ്ങളുടെ സൃഷ്ടിയാണു്; അവയുടെ അമിതപ്രഭാവനായ സ്രഷ്ടാവല്ല. ലളിതങ്ങളും മൃദുലങ്ങളുമായ ആശയങ്ങളെ പ്രകാശിപ്പിക്കുവാൻ കരുതപ്പെട്ടിട്ടുള്ള മാകന്ദമഞ്ജരിമുതലായ ദ്രാവിഡവൃത്തങ്ങൾ ഉള്ളൂരിന്റെ പാണ്ഡിത്യജടിലമായ പ്രതിഭാസാന്ദ്രതയെ എങ്ങനെ താങ്ങുമെന്നു് സംശയമുണ്ടാകാം. പാണ്ഡിത്യഭാരവും പ്രതിഭാഘനവും കൊണ്ടു് അവ ചിലടത്തെല്ലാം ഞെങ്ങിഞെരുങ്ങുന്നുണ്ടോ എന്നു തോന്നിപ്പോകും. സംസ്കൃതഛന്ദോവൃത്തങ്ങളിലാണു് ഉള്ളൂരിന്റെ കവനപാടവം അത്യധികം തെളിഞ്ഞുവിളങ്ങുന്നതെന്നു് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ടു്. ദ്രാവിഡവൃത്തകവനങ്ങൾക്കു്, ആ മിഴിവും വടിവും ഭാവരൂപങ്ങൾ തമ്മിലുള്ള പൊരുത്തവും, ലഭിച്ചിട്ടുണ്ടോ എന്നു സംശയമാണു്. പുറമോടിയിലല്ലാതെ ആശയങ്ങളിൽതന്നെ അഭിനന്ദനീയമായ പരിവർത്തനം ഈ കാലഘട്ടത്തിലെ കൃതികളിൽ ദർശിക്കാം. വെറും ആകാരത്തിൽനിന്നു് ആന്തരസത്തയിലേയ്ക്കു മഹാകവിയുടെ അന്തരംഗം മാറിപ്പതിഞ്ഞു തുടങ്ങിയെന്നു സ്പഷ്ടമാണു്. ജീവിതത്തിലെ ശാശ്വതമൂല്യങ്ങളെക്കുറിച്ചു് ഉദ്ബോധനങ്ങളും വ്യാഖ്യാനങ്ങളും നൽകണമെന്നുള്ള അഭിവാഞ്ഛ മഹാകവി നല്ലപോലെ പ്രകടിപ്പിക്കുന്നുണ്ടു്. പ്രതിഭാശക്തിയുടെ ആദ്യമായ പ്രവാഹവും ഘനവും അനുസ്യൂതമായി പ്രത്യക്ഷപ്പെടുന്നു. ഈ നവീനസരണി അംഗീകരിച്ചതോടുകൂടി ഉള്ളൂർ കവിതയ്ക്കു് അത്യുന്നതമായ ഒരു ആദർശവും സന്ദേശവും ഉള്ളതായും ജീവിതത്തിന്റെ ഭാവനാമധുരമായ വ്യാഖ്യാനവും വിമർശവുമായി അതുയരുന്നതായും സഹൃദയന്മാർക്കു് അനുഭവപ്പെടുന്നു.

വെറും ഗതാനുഗതികത്വം വിട്ടു് അഭിനവചൈതന്യത്താൽ ഉന്മിഷത്തായിത്തീർന്നുവന്നിരുന്ന ഭാഷാകവിതയുടെ നില ഉള്ളൂരിനേയും വേണ്ടവിധം സ്പർശിച്ചു. ഉള്ളൂർ കവിതയുടെ കേവലസ്വരവും തനിനിറവും ധാർമ്മികമായിത്തീർന്നു. ജീവിതത്തിനു് ധാർമ്മികമായ ഒരു ലക്ഷ്യവും മൂല്യവുമുണ്ടെന്നുള്ള അചഞ്ചലവിശ്വാസത്തിലാണു് അദ്ദേഹത്തിന്റെ കവിത അധിഷ്ഠിതമായിരിക്കുന്നതും. അദ്ദേഹത്തിന്റെ കാവ്യകലയ്ക്കുണ്ടായ പ്രധാന പരിവർത്തനം ഇതാണു്; ജീവിതധർമ്മപ്രതിപാദകങ്ങളായ കലാസൃഷ്ടികളാണു് ഈയിടയ്ക്കു പ്രസിദ്ധം ചെയ്ത കവനങ്ങൾ.

അത്ഭുതാവഹവും ഒട്ടൊക്കെ വിപ്ലവാത്മകവുമായ ഈ വ്യതിയാനം ശരിയായി ആസ്വദിക്കണമെങ്കിൽ, അദ്ദേഹത്തിന്റെ പരിതഃസ്ഥിതി, മാനസികസംസ്കാരഘടന, അവയുടെ ഫലമായ ജീവിതനിരീക്ഷണരീതി എന്നിവയെക്കുറിച്ചു് പൊതുവേ മനസ്സിലാക്കേണ്ടതുണ്ടു്. 'കല കലയ്ക്കുവേണ്ടി' എന്ന പാശ്ചാത്യാശയം അംഗീകരിക്കുവാൻ അദ്ദേഹം ഒരുക്കമല്ലായിരുന്നു. ഉത്തമകവിത ഒരു മഹനീയസന്ദേശത്തിന്റെ വാഹനമായിരിക്കണമെന്നും അനുകരണീയങ്ങളായ ആദർശങ്ങളെ വചോമുകുരത്തിൽ പ്രതിബിംബിച്ചുകാട്ടണമെന്നും അദ്ദേഹം എപ്പോഴും ദൃഢമായി വിശ്വസിച്ചു. അദ്ദേഹത്തിന്റെ കവിതയ്ക്കു അടിസ്ഥാനമായ ജീവിതസന്ദേശം, സ്വായത്തമല്ലെന്നും പഴഞ്ചനാണെന്നുംമറ്റും ചില പുരോഗമനക്കാർ പരാതിപറഞ്ഞിട്ടുണ്ടു്. പ്രാചീനഭാരതീയസംസ്കാരത്തിൽ അന്തർല്ലീനമായ ആദർശങ്ങളുടെ പ്രദർശനമാണു് മഹാകവിയുടെ ഉന്നം. സ്വന്തമായി ഒരു തത്വചിന്താസരണിയും മഹാകവി പടുത്തുകെട്ടിയിട്ടില്ല. ആർഷസംസ്കാരാനുഗുണമായ ജീവിതസന്ദേശത്തെ പല വേഷത്തിലും മട്ടിലും പാടുവാനേ മുതിർന്നിട്ടുള്ളൂ. അതിപവിത്രങ്ങളായ അതിന്റെ ആദർശങ്ങളിൽകൂടി ഇന്നത്തെ ലോകത്തെ യഥാർത്ഥമനുഷ്യത്വത്തിന്റെ ചിരന്തനമൂല്യങ്ങളോടു മമതയും മതിപ്പും ഉള്ളതാക്കിത്തീർക്കുവാനായിരുന്നു ഉള്ളൂരിന്റെ ലക്ഷ്യം. ഈ ധർമ്മോപദേശസംരംഭം ചിലപ്പോൾ കലാസൌകുമാര്യത്തിനു് വിഘാതമായിത്തീർന്നിട്ടില്ലേയെന്നു് ശങ്ക ഉദിപ്പിക്കുന്നുമുണ്ടു്.

'ഞാനഹന്നിശം വർദ്ധിപ്പാനുദ്യോഗിപ്പൂ' എന്നതത്രേ അദ്ദേഹത്തിന്റെ സർവ്വോന്നതമായ

# ഇന്ത്യൻ ലൈബ്രറിപ്രസ്ഥാനം

[ഹൈദരാബാദിൽവച്ച് ഈ ജൂൺ 1 മുതൽ 4 വരെ തീയതികളിൽ നടന്ന അഖിലേന്ത്യാ ലൈബ്രറി കോൺഫറൻസിൽ ഡൽഹി സർവ്വകലാശാലാ ലൈബ്രേറിയൻ ശ്രീ. എസ്. ദാസ്ഗുപ്താ ചെയ്ത അദ്ധ്യക്ഷ പ്രസംഗത്തിന്റെ സംക്ഷേപം. തർജ്ജിമ പി. എസ്. പി.]

പുസ്തകങ്ങൾ ശേഖരിച്ചു സൂക്ഷിക്കുന്നതിലും രേഖകൾ ശരിപ്പെടുത്തിവയ്ക്കുന്നതിലും മാത്രം വ്യാപൃതനായ, പഴയ രീതിയിലുള്ള ലൈബ്രേറിയൻ നമുക്കൊക്കെ സുപരിചിതനാണ്. എന്നാൽ ആധുനികസാമൂഹ്യസമ്പ്രദായങ്ങൾ പല പുതിയ കരുവിലുള്ള ലൈബ്രറികളേയും വിവിധരീതിയിലുള്ള ലൈബ്രേറിയന്മാരേയും ഉളവാക്കിയിരിക്കുന്നു. പത്തൊൻപതാം ശതകത്തിന്റെ മദ്ധ്യദശ കഴിഞ്ഞാണ് ഈ പുതിയ ലൈബ്രറികൾ രൂപംകൊണ്ടിട്ടുള്ളതു്. വ്യവസായികമായ വികസനം ഉരുക്കൂട്ടിയ സമുദായങ്ങളുടെ ഉള്ളിൽ ഉടലെടുത്ത ഇത്തരം ലൈബ്രറികൾ, സയൻസും സാങ്കേതികശാസ്ത്രങ്ങളും ജനകീയഭരണം, സാർവ്വത്രികവിദ്യാഭ്യാസം എന്നീ പ്രസ്ഥാനങ്ങളോട് അടുത്ത സാഹചര്യം പുലർത്തിയതിന്റെ ഫലമായി ഉദയംകൊണ്ടതാണ്. നവീനനായ ഒരു ലൈബ്രേറിയന് ഇങ്ങനെ, സയൻസിന്റെ പുരോഗമനത്തോടും, ജനകീയഭരണത്തിന്റെ അന്തിമലക്ഷ്യത്തോടും, കെട്ടുപെട്ടുള്ള ഒരു നിലപാടാണുള്ളതു്.

അന്താരാഷ്ട്രീയമായ വിശാലതയുള്ള ഒരു വിഷയമാണ് സയൻസ്. അതിനെ സംബന്ധിക്കുന്ന സാഹിത്യമാകട്ടെ വളരെ പരപ്പേറിയതുമാണ്. ശാസ്ത്രീയഗവേഷണമാണെങ്കിൽ നാൾക്കുനാൾ അഭിവൃദ്ധിയെയും പുഷ്ടിയെയും പ്രാപിച്ചു വരുന്നു. എന്നാലതു് വളരുന്നതും പെരുകുന്നതും പലരുടേയും ശ്രമംകൊണ്ടാണ്. ഒരുത്തൻ ചെയ്തുതീർത്തതു് എന്താണെന്നു മററുള്ളവർ അറിയണം. എന്നുയല്ല, തന്നെ ഒരുത്തൻ ചെയ്തതിൽ എന്തുമാത്രം അവന്റെ സ്വന്തമാണ് തന്റെ മുൻഗാമികളിൽ ആരുടെയെല്ലാം എന്തെല്ലാം പ്രയത്നഫലങ്ങൾ അവൻ എത്രമാത്രം ആശ്രയിച്ചിരുന്നു എന്നൊക്കെ ചില സംഗതികൾ മററുള്ളവർ ഉടനടൻ അറിയണം. എന്നാലേ അവരുടെ ജോലി

---

ആദർശം. 'ചാകുംവരെയ്ക്കുൽഗതിക്കടി നേടി— ഞാൻ ജീവിതത്തെച്ചരിതാർത്ഥമാക്കണമെന്നാണ് അദ്ദേഹത്തിനു നൽകാനുള്ള ഉപദേശവും. മനുഷ്യന്റെ സകലാഭ്യുദയത്തിനും ആസ്പദമായിരിക്കുന്നതു് അത്യുൽക്കടമായ ഉൽകർഷേച്ഛയാണെന്നു്:—

'ആശിക്ക; സൃഷ്ടിക്ക ജഗൽപിതാവു
മാശിച്ചുവെന്നായ് ശ്രുതിപൊങ്ങിടുന്നു.
നിന്നു തൻജീവിതമാശ; മൃത്യു
നൈരാശ്യമെന്നാണടിയുക്തവാക്യം'

എന്നു് 'ഭാവനാഗതി' യിൽ പ്രസ്താവിക്കുന്നു. 'പ്രേമസംഗീതം' എന്ന കവിതയിൽ:—

'നമിക്കിലുയരാം, നടുകിൽത്തിന്നാം,
നൽകുകിൽ നേടീടാം
നമുക്കു നാമേ പണിവതു നാകം,
നരകവുമതുപോലെ'

എന്നിങ്ങനെ നമ്മുടെ കർമ്മങ്ങളുടെ ഫലമാണ് ജീവിതാനുഭവങ്ങളെന്നു് ഉദ്ബോധിപ്പിക്കുന്നു. അവനവൻ ധാർമ്മികമായും ആദ്ധ്യാത്മികമായും ഉയരാൻ പരിശ്രമിച്ചാൽ മതിയെന്നാണു മഹാകവി ഉപദേശിക്കുന്ന മറെറാരു പ്രധാനതത്വം. ഉള്ളൂർ കവിതയിൽ പ്രതിഫലിച്ചുകാണുന്ന ജീവിതാദർശങ്ങൾ ഒട്ടുമുക്കാലും ആർഷസംസ്കാരത്തിന്റെ മാറൊലികൾ മാത്രമാണ്. ആ സംസ്കാരികാന്തരീക്ഷത്തിലത്രേ കവിഹൃദയം എപ്പോഴും നടമാടുന്നതും.

സുഗമമാകയുള്ളൂ. ഇവിടെയാണു് ലൈബ്രേറിയന്റെ ആവശ്യം വരുന്നതു്. അവൻ ഈ ഭിന്നകക്ഷികൾ തമ്മിൽ ആശയവിനിമയത്തിനു് ഒരു പാലം പോലെ പ്രവർത്തിക്കുന്നു.

ആധുനികജീവിതത്തിന്റെ ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങളിൽ ഈ മദ്ധ്യേവർത്തിത്വം ഫലപ്രദമാകണമെങ്കിൽ പ്രസ്തുത ലൈബ്രേറിയൻ ചുറുചുറുക്കുള്ളവനും, പ്രത്യുല്പന്നമതിയും, അന്നേവരെയുമുള്ള വിവരങ്ങളിൽ സുപരിചിതനും ഒക്കെയാകാൻ നിർബന്ധിതനാവുന്നു. തിടുക്കത്തിൽ കാര്യപ്രസക്തമായ സഹകരണവും, അനുയോജ്യമായ സാമഗ്രികൾ കണ്ടുപിടിക്കുന്നതിലുള്ള ചുറുക്കുമാണു് ഒരു ലൈബ്രേറിയനെ ഏറെ പ്രയോജനമുള്ളവനാക്കുന്നതു്. ചുരുക്കത്തിൽ അയാൾ വിദഗ്ദ്ധപരിശീലനം സിദ്ധിച്ച ഒരു വിജ്ഞാനവിതരണക്കാരനത്രേ.

ആശയങ്ങളെ കൈമാറം ചെയ്യുന്ന പദ്ധതിയുടെ രൂപവല്ക്കരണം നിലനിറുത്തൽ എന്നിവയ്ക്കു് ലൈബ്രേറിയന്മാർ ഉന്നയിച്ചിട്ടുള്ള സാങ്കേതിക മാർഗ്ഗം ഡെപ്ത് ക്ലാസിഫിക്കേഷൻ എന്ന പേരിൽ അറിയപ്പെടുന്നു. ഈ വകുപ്പിൽ അടുത്ത കാലത്തു് ഇൻഡ്യയിൽ നടന്നിട്ടുള്ള പ്രയത്നം വളരെ പുരോഗമനാത്മകവും, നവീനവും അത്രേ. മൗലികങ്ങളായ ചില തത്വങ്ങളെ ആസ്പദമാക്കി സ്വരൂപിച്ച ഈ ഇന്ത്യൻപദ്ധതിക്കു് ഇതിനകം ബാഹ്യലോകത്തിന്റെ ശ്രദ്ധ ആകർഷിക്കാനും സ്വീകരണം ലഭിക്കാനും കഴിഞ്ഞിട്ടുണ്ടു്. ബർനൽ തുടങ്ങിയ ശാസ്ത്രജ്ഞന്മാർ ഇന്ത്യ വിന്യസിച്ച തത്വങ്ങൾ അനുസരിച്ചേ ഭാവിയിൽ ശാസ്ത്രത്തിന്റെ വർഗ്ഗക്രമീകരണം മുന്നോട്ടുകൊണ്ടുപോകുവാൻ എളുപ്പമുള്ളൂ എന്നുകൂടി അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇക്കാര്യത്തിൽ നമ്മുടെ അഭിനന്ദനങ്ങളെ ഡാ. രംഗനാഥനും അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരും സവിശേഷം അർഹിക്കുന്നു.

ജനകീയ ഭരണസംപ്രദായവും, സാർവ്വത്രിക വിദ്യാഭ്യാസവും ആസ്പദമാക്കി ഒരു ലൈബ്രേറിയനു വന്നുചേർന്നിട്ടുള്ള സാമൂഹ്യമായ സ്ഥിതിപരിണാമം വളരെ അർത്ഥവത്താണു്. സാമാന്യമനുഷ്യനു് കൂടുതൽ മെച്ചമേറിയതും തികവുള്ളതുമായ ഒരു ജീവിതരീതിയെ കൈവരുത്തുന്നതിനു നിർമ്മിക്കപ്പെട്ട ആയുധങ്ങളാണു് ജനകീയഭരണവും, സാർവ്വത്രികവിദ്യാഭ്യാസവും. രാജ്യഭരണരീതികളിൽ ജനകീയഭരണം, പുലർത്തിക്കൊണ്ടു പോകുവാൻ ഏററവും വിഷമംപിടിച്ചതാണു്; വിശേഷിച്ചും, അതു് സമാധാനപൂർവ്വവും പൊതുസമ്മതത്തോടെയും സാമുദായികമായ മാററങ്ങൾ വരുത്താൻ ഉദ്യമിക്കുമ്പോൾ. ആലോചനാശീലരായ ഒരു ജനതയുടെ പ്രവർത്തനം അതിന്റെ നിലനില്പിനു് ആവശ്യമാണു്. ആശയങ്ങൾ തള്ളുവാനും കൊള്ളുവാനും ഒരു പൗരനുള്ള കഴിവിനെ ആശ്രയിച്ചാണല്ലോ പൊതുജനാഭിപ്രായം രൂപംകൊള്ളുന്നതു്. ഇവിടെയാണു് ഒരു സാമാന്യപൗരന്റെ ജീവിതദശയിൽ ഓരോഘട്ടത്തിലും പുത്തനായ അഭ്യാസം ആവശ്യമായി വരുന്നതു്. അതിനുപകരിക്കുന്ന ഏകസ്ഥാപനം ഗ്രന്ഥശാലകൾ മാത്രമാണുതാനും. ഓരോ പൗരനും അവന്റെ താത്പര്യവും, കഴിവും, തീക്ഷ്ണതയുമനുസരിച്ചു് യഥാർത്ഥമായ സേവനം നൽകുവാൻ പര്യാപ്തമായിട്ടുള്ള ഏകവിദ്യാഭ്യാസ സ്ഥാപനം ഗ്രന്ഥശാലയത്രേ.

ഇപ്രകാരം ഒരു പൗരനു് ആവശ്യമായിട്ടുള്ള സ്വയം പഠനത്തിൽ ഒരു ലൈബ്രറിയന്റെ സ്ഥാനമെന്താണു്? പഠനത്തിനുള്ള കരുക്കൾ ശ്രദ്ധയോടെയും ക്ഷമയോടെയും തൽപഠിതാക്കൾക്കു് അടുപ്പിച്ചുകൊടുക്കുക എന്നതാണതു്. അയാൾ ഒരു സമൂഹത്തിന്റെ നേതാവാകുന്നു; സ്വയംപഠനം ലക്ഷ്യമാക്കി അതിനുള്ള മൗലികസ്ഥാപനമായ ഗ്രന്ഥശാലയെ ശരണം പ്രാപിക്കുന്ന, പഠിച്ചവരും പഠിക്കാൻ തുടങ്ങിയവരും പഠിക്കാൻ ഉത്സാഹമുള്ളവരുമായ ഏവരുടെയും.

ജനഭരണത്തിന്റെയും സാർവത്രികമായ സ്വയം അഭ്യാസത്തിന്റെയും വിനിമയകേന്ദ്രമായ ഗ്രന്ഥശാല ഒരു പൊതു സ്ഥാപനമാകുന്നു. ഇന്ത്യ ഒരു പുതിയ ജനകീയഭരണ രാജ്യമാകുന്നു. ഒരു നവീന ഇന്ത്യയെ നല്ല അടിസ്ഥാനത്തിൽ പടുത്തുകെട്ടാനുള്ള ഒരു ശ്രമമാണു് നാം പഞ്ചവത്സര

പദ്ധതിയിൽ കാണുന്നതു്. അതിന്റെ വിജയത്തിന്റെ താക്കോൽ അതിന്റെ മാർമ്മിക തത്വങ്ങളുടെ സ്വീകരണത്തിലും, രാജ്യം കെട്ടിപ്പടുക്കുന്നതിലുള്ള ബഹുജനങ്ങളുടെ ബുദ്ധിപൂർവവും സ്വതന്ത്രവുമായ പങ്കുവഹിക്കലിലുമാകുന്നു സ്ഥിതിചെയ്യുന്നതു്. ശരിയായ പങ്കുകൊള്ളൽ അതിലേർപ്പെടുന്ന വ്യക്തികളുടെ ബോധപൂർവമായുള്ള നടപടികൊണ്ടു മാത്രം കൈവരേണ്ടതാണു്. ഇപ്രകാരമുള്ള ബോധം ബഹുജനങ്ങളിൽ വളർത്തുവാനും പുലർത്തുവാനും ഉപകരിക്കുന്ന ഏക സ്ഥാപനം ഒരു പബ്ളിക്ക്ലൈബ്രറിയാകുന്നു. ഒരു പബ്ളിക്ക്ലൈബ്രറിക്കു് ലൈബ്രറി വികസനനയത്തിൽ അംഗീകരിക്കേണ്ടതായ ചില വിശേഷലക്ഷണങ്ങൾ ഉണ്ടായിരിക്കണം.

ഒന്നാമതായി ഒരു പബ്ളിക്ലൈബ്രറി നികുതികൊണ്ടുപുലരുന്നതായിരിക്കണം. അതിനു തുടർച്ചയായുള്ള ധനസഹായം ആവശ്യമായിരിക്കകൊണ്ടു് അതിനെ നിലനിർത്തിക്കൊണ്ടുപോകാൻ മററു മാർഗ്ഗങ്ങളില്ല. ഉദാരസംഭാവനകൾവഴിക്കു് സ്ഥാപിതമായ അമേരിക്കൻ ഐക്യനാടുകളിലെ പല ലൈബ്രറികളും ഇപ്പോൾ നികുതിയെ ആശ്രയിച്ചാണു് തുടന്നു നടത്തപ്പെടുന്നതു്. ഇംഗ്ലണ്ടിൽ നികുതിസഹായം 1850 മുതല്ക്കേ നിലവിലിരിക്കുന്നു. രണ്ടാമതായി ഒരു പബ്ളിക്ലൈബ്രറി തികച്ചും സ്വതന്ത്രമായിരിക്കണം. അംഗത്വത്തിനു് യാതൊരു നിയന്ത്രണങ്ങളും പാടില്ല. അംഗത്വത്തിനു് വരിസംഖ്യ വസൂലാക്കുന്ന പക്ഷം അതു് പബ്ളിക്ലൈബ്രറി എന്ന അവസ്ഥയെ വെടിയുന്നു. ലൈബ്രറി നിയമങ്ങൾ ഇപ്രകാരമുള്ള വരിപിരിക്കലിനു് എതിരാണു്.

മൂന്നാമതായി പബ്ളിക് ലൈബ്രറി ഒരു സങ്കീർണ്ണവലയമാകുന്നു. അംഗത്വത്തിനുള്ള സ്വാതന്ത്ര്യം പ്രയോഗത്തിൽ വരുന്നതു്, പുസ്തകങ്ങൾ നേരിട്ടെടുക്കാനും അവയെ വീട്ടിൽവച്ചുപയോഗപ്പെടുത്താനും പൂർണ്ണമായ സൗകര്യങ്ങളുള്ളപ്പോഴാണു്. വലിയതോതിൽ പുസ്തകങ്ങളുടെ ഉപയോഗം ഏർപ്പെടണമെങ്കിൽ ലൈബ്രറി ജീവനുള്ളതും വളർന്നുകൊണ്ടിരിക്കുന്നതുമായ ഒരു സ്ഥാപനമായിരിക്കണം. വളരെ ചെറുതും അന്യോന്യബന്ധമില്ലാത്തതുമായ ലൈബ്രറികൾക്കു് ഇതു സാദ്ധ്യമല്ല. ചെറു ലൈബ്രറികൾ വലിയവയുമായി ബന്ധപ്പെടുത്തി ഒരു സങ്കീർണ്ണവലയം നിർമ്മിക്കുന്നതുകൊണ്ടു മാത്രമേ, പൊതുഗുണങ്ങൾ എല്ലാത്തിലും ഒന്നുപോലെ പകരൂ. ഗവമ്മെൻറു ഗ്രാൻറുകൊണ്ടും, നികുതിപിരിവുമുഖാന്തിരവും ധനസഹായം നൽകാൻ സാദ്ധ്യമായിവരുന്നതും ഇങ്ങനെ പല യൂണിററുകളും സംഘടിച്ചു് ഒരു സങ്കീർണ്ണവലയമായി പ്രവർത്തിക്കുമ്പോൾ മാത്രമേ പററൂ. മററു ചുററുപാടുകളൊന്നും ഒരു പബ്ളിക്ലൈബ്രറിക്കു് ഉപയോഗപ്രദമോ ധനപരമായ പ്രായോഗികത ഉള്ളതോ ആയി ഭവിക്കുന്നതല്ല.

നാലാമതായി, ഒരു പബ്ളിക്ലൈബ്രറി ജനങ്ങളുടെ വകയാണു്. നഗരപ്രദേശമായാലും ഗ്രാമസങ്കേതങ്ങളായാലും എല്ലാ സ്ഥലങ്ങളിലും ഒന്നുപോലെ ലൈബ്രറിയെപ്പററിയുള്ള ഉടമയുടെ ബോധം ഉണ്ടായിരിക്കണം. രാഷ്ട്രീയപ്രാധാന്യമുള്ളതെങ്കിലും പബ്ളിക്ലൈബ്രറിമുഖേനയുള്ള സേവനം എപ്പോഴും സംഘടിക്കപ്പെടുന്നതു് സ്ഥലം പ്രമാണമാക്കി അതായതു് നഗരങ്ങൾ, പട്ടണങ്ങൾ, ഡിസ്ട്രിക്ടുകൾ, ഗ്രാമങ്ങൾ എന്ന ക്രമത്തിലാണു്. ഒരു പബ്ളിക്ലൈബ്രറിക്കു് അതിന്റെ നടത്തിപ്പിനും സേവനത്തിനുമൊന്നുപോലെ അതിന്റെ പ്രവർത്തനപരിധിക്കുള്ളിലുള്ള സകല ജനങ്ങളുടെയും സമ്പർക്കസാഹചര്യങ്ങൾ അത്യന്താപേക്ഷിതമാണു്.

അവസാനമായി, ഒരു പബ്ളിക് ലൈബ്രറി നിയമമനുസരിച്ചു സംഘടിക്കപ്പെട്ടതാവണം. ജനകീയഭരണം സിദ്ധിച്ച ഒരു ജനസമുദായത്തിന്റെ ആദ്യത്തെ നിയമാവലിയിൽ, പബ്ളിക്ലൈബ്രറി സംബന്ധിച്ച നിയമവും സ്ഥാനം പിടിച്ചിരിക്കണം. തോന്നിയാഭാസങ്ങളിൽനിന്നു രക്ഷിക്കാനും, ക്രമഗതമായ വളർച്ചയും പ്ലാനനുസരിച്ചുള്ള വികസനവും കൈവരു

ത്താനും ഒരു ലൈബ്രറി നിയമത്തിനുമാത്രമേ കഴിയൂ.

ഇൻഡ്യയിൽ മദ്രാസ്സ്റ്റേററിൽ മാത്രമേ ഒരു ലൈബ്രറിനിയമം നിലവിലുള്ളൂ. 1950-നു ശേഷം ഇൻഡ്യ മുഴുവൻ ഉൾക്കൊള്ളിച്ചുകൊണ്ടു് നമുക്കൊരു ലൈബ്രറി വികസനപദ്ധതിയുണ്ടു്. ഡാ: രംഗനാഥനാൽ രൂപവല്ക്കരിക്കപ്പെട്ട ഈ പദ്ധതി 30 വർഷംകൊണ്ടു് രാജ്യമൊട്ടാകെ 160 നഗരലൈബ്രറി വലയങ്ങളും 400 ഗ്രാമലൈബ്രറിവലയങ്ങളും ഉൾപ്പെട്ട ഒരു വമ്പിച്ച സംഘടനയെ വിഭാവനം ചെയ്യുന്നു.

ലൈബ്രറി പ്രവർത്തകന്മാരെ അഭിമുഖീകരിക്കുന്ന സത്വരമായ പ്രധാന പ്രശ്നം, ഗ്രന്ഥശാലകൾ സ്വയംപര്യാപ്തമായി നടത്താൻ വേണ്ടുന്ന ആളുകളെ പരിശീലിപ്പിച്ചെടുക്കുക എന്നതാണു്. സർവകലാശാലകൾ ഉള്ളിടത്തു് ഗ്രന്ഥശാലാസേവനം സംബന്ധിച്ചുള്ള ഒരുമാമൂൽ പരിശീലനം നൽകിവരുന്നുണ്ടു്. എന്നാൽ ഒരു ലൈബ്രറിയനു് ജീവിതസംബന്ധിയായും, താനുൾപ്പെടുന്ന സമുദായത്തിനു് ആവശ്യമായ വിധത്തിലും, ഉള്ള ഒരു പരിശീലനം കിട്ടുക എന്ന കാര്യം ഇന്നും വളരെ അപര്യാപ്തമായ നിലയിൽ അവശേഷിക്കുന്നു. എന്നാൽ ഇതു്, സാമാന്യവിദ്യാഭ്യാസത്തിന്റെ തകരാറു കൊണ്ടാണെന്നല്ലാതെ ലൈബ്രറി വിദ്യാഭ്യാസത്തിന്റെ കുഴപ്പം കൊണ്ടാണെന്നു പറഞ്ഞുകൂടാ. രാഷ്ട്രീയയത്നങ്ങൾക്കുള്ള പരിപാടിയുമായി പബ്ളിക്കു് ലൈബ്രറിയന്റെ പരിശീലനക്കാര്യവും കൂട്ടിത്തൊടുത്തേണ്ടതു് ആവശ്യമായിരിക്കുന്നു.

പാശ്ചാത്യ ദേശങ്ങളിൽനിന്നും ഭിന്നമായി ഇൻഡ്യയിൽ ജീവിതത്തിന്റെയും സംസ്കാരത്തിന്റേയും മർമ്മപ്രാധാന്യം ഗ്രാമങ്ങൾക്കാണു്. വിവിധ സ്ഥലങ്ങളിലെ പ്രകൃതം ഏകരൂപത്തിലുള്ളതല്ല എന്നിരിക്കിലും, ഗ്രാമീണസേവനത്തെ നാഗരീകസേവനത്തിന്റെ പുറത്തോട്ടുള്ള ഒരു വികസനം മാത്രമായെണ്ണുന്നതു് അബദ്ധമായിരിക്കും. ഒരു ക്ലിപ്തവലയത്തിനുള്ളിൽ മാത്രം പുസ്തകം കടം കൊടുക്കുന്നതും ഇളകുന്നതുമായ ലൈബ്രറികൾപോലും ഗ്രാമപ്രദേശങ്ങളിൽ പ്രചരിപ്പിക്കുന്നതു്, അതാതിടത്തെ സ്ഥിതി സൗകര്യങ്ങൾ അനുസരിച്ചു വേണ്ടിയിരിക്കുന്നു. അല്ലാതായാൽ ഉദ്ദേശിക്കുന്ന ഫലം അവകൊണ്ടു സിദ്ധിച്ചില്ലെന്നുവരും. ഗ്രാമലൈബ്രേറിയന്മാരെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിവിധങ്ങളും പ്രത്യേകങ്ങളുമത്രേ. അവയെ മനസ്സിലാക്കി പ്രവർത്തനം നടത്താൻ സ്ഥിരം വില്ലേജ്സ്ഥാപനങ്ങൾവഴിക്കല്ലാതെ, സഞ്ചരിക്കുന്ന യൂണിററുകൾക്കു് പററുകയില്ല. ചുരുക്കത്തിൽ ഒരു ഗ്രാമീണ ലൈബ്രറിയനു് മൗലികമനുഷ്യന്റെ പരിശീലനമാണാവശ്യം.

ഗ്രന്ഥശാലകളുടെയും, തൽപ്രവർത്തകന്മാരുടേയും നവീകൃതമായ വിന്യാസമാണു് നമ്മെ തുറിച്ചുനോക്കുന്ന ഏററവും വിഷമംപിടിച്ച പ്രശ്നം. ഗ്രന്ഥശാലാപ്രവർത്തനത്തിന്റെ നിലവിലുള്ള സാങ്കേതികവശങ്ങൾ പരിഷ്കരിക്കപ്പെടേണ്ടതായുണ്ടു്. പ്രയോഗത്തിൽ സൂസൂക്ഷ്മങ്ങളും സാങ്കേതികമാത്രങ്ങളുമായ ചില ചിട്ടകളെ കൈവെടിഞ്ഞു് അവയ്ക്കു ബദലായി പ്രയോജനം കൂടുതലുള്ളവയെ സ്വീകരിക്കണം. അതിനുംപുറമേ, പ്രതിഭയും, ബുദ്ധിശക്തിയും, സ്വഭാവഗുണവും പ്രയത്നക്ഷമതയുമുള്ള ആളുകളെ ലൈബ്രേറിയന്മാരായും കിട്ടണം. നമുക്കു് അറിവും പ്രവർത്തനപരിചയവും ലോകത്തെവിടേയും നിന്നു കൈക്കലാക്കാൻ ലജ്ജിക്കേണ്ടതില്ല. എന്നാൽ നമ്മുടെ ഗ്രാമലൈബ്രറികളുടെ നേരാംവണ്ണമുള്ള പ്രവർത്തനത്തിനു വേണ്ട ആളും, അയാൾക്കു സമ്യക്കായ പരിശീലനപരിപാടികളും ഇവിടെത്തന്നെ ഉണ്ടാകണം. നാം ഈ പ്രസ്ഥാനത്തിൽ നല്ല ഒരാരംഭമാണു് തുടങ്ങിയിട്ടുള്ളതു്. സ്വന്തം കഴിവുകളിൽ വിശ്വാസവും, കഠിനപ്രയത്നവും, സംഘടിച്ചുള്ള പ്രവർത്തനവും, എല്ലാത്തിനും ഉപരിയായി ദേശീയമായ ഐക്യബോധവും മുൻനിർത്തി പ്രവർത്തിക്കുന്ന പക്ഷം ഈ പ്രസ്ഥാനം ഇൻഡ്യയുടെ അഭിമാനഭാജനമാമ്മാറു വളർന്നു് പുഷ്ടി പ്രാപിക്കുന്നതാണു്. നിങ്ങൾക്കു നമസ്കാരം.

# ഒരു കേന്ദ്രലൈബ്രറിയുടെ ആവശ്യം

"തിരു-കൊച്ചി സംസ്ഥാനത്തു് ഒട്ടേറെ ഗ്രന്ഥശാലകൾ പ്രവർത്തനം നടത്തുന്നുണ്ടെങ്കിലും, ഒരു കേന്ദ്രലൈബ്രറിയുടെ അഭാവം, ഈ പ്രസ്ഥാനത്തിന്റെ സ്ഥായിയായ പുരോഗതിക്കു് ഒരു വിഘാതമായിത്തീർന്നിരിക്കുന്നു. ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ പരിപോഷണത്തിനായി, ഇൻഡ്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും കൂടുതൽ ഔത്സുക്യം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന ഇവിടത്തെ ഗവമ്മെൻറ ഇതു് ഒരു അടിയന്തിരപ്രശ്നമായി പരിഗണിക്കുമെന്നും ഒരു സ്റ്റേററ്ലൈബ്രറി സ്ഥാപിക്കുവാനുള്ള നടപടികൾ എത്രയും വേഗം കൈക്കൊള്ളുമെന്നും ന്യായമായി പ്രതീക്ഷിക്കാവുന്നതാണു്" എന്നിപ്രകാരമാണു തിരുവനന്തപുരത്തു വച്ചു നടത്തപ്പെട്ട ഒരു പ്രസ്സ്കോൺഫറൻസിൽ അഖിലേന്ത്യാ ലൈബ്രറി അസോസിയേഷൻ പ്രസിഡൻറും, കൽക്കട്ടായിലെ നാഷണൽ ലൈബ്രറി ഓഫ് ഇൻഡ്യയുടെ ചീഫ് ലൈബ്രേറിയനുമായ ശ്രീ. ബി. എസ്. കേശവൻ പ്രസ്താവിച്ചതു്.

ഗ്രന്ഥശാലകളുടെ പുരോഗതിയിൽ തിരു-കൊച്ചി ഗവമ്മെൻറ അതിയായ താല്പര്യം പ്രകടിപ്പിച്ചു കാണുന്നതിൽ അദ്ദേഹം അഭിനന്ദനം രേഖപ്പെടുത്തി. അദ്ദേഹം ഇപ്രകാരം പറഞ്ഞു: ഇൻഡ്യയിൽ മറ്റെങ്ങും ദൃശ്യമല്ലാത്ത ഒരു സഹകരണമനോഭാവമാണു് ഇവിടത്തെ ഗവർമ്മെൻറിനു് ഇക്കാര്യത്തിലുള്ളതു്. ചീഫ്മിനിസ്റ്റർതന്നെ പബ്ലിക്ക്ലൈബ്രറി കമ്മററിയുടെ ചെയർമാനായിരിക്കുക, ധനകാര്യമന്ത്രി തിരു: കൊച്ചി ഗ്രന്ഥശാലാ സംഘത്തിന്റെ അദ്ധ്യക്ഷനായിരിക്കുക, ഇതു രണ്ടും ഗ്രന്ഥശാലാപ്രസ്ഥാനത്തിൽ ഈ ഗവമ്മെൻറിനുള്ള താല്പര്യം എത്രമാത്രമെന്നു് വ്യക്തമാക്കുന്നു. നാട്ടിലെ വിവിധ ഗ്രന്ഥശാലകൾക്കായി ഒരു ലക്ഷത്തിനാല്പതിനായിരം രൂപയാണു് സഹായധനമായി നൽകുന്നതു്, പബ്ലിക്ക ലൈബ്രറിയുടെ പ്രവർത്തനത്തിനായി പ്രതിവർഷം അമ്പതിനായിരം രൂപയും വിനിയോഗിക്കുന്നുണ്ടു്. ലൈബ്രറി ആക്ടു് നിലവിലുള്ള മദ്രാസ് മുതലായ സംസ്ഥാനങ്ങളിൽ പോലും ഇവിടത്തെ നിരക്കിലുള്ള ഗ്രാൻറു് ഗ്രന്ഥശാലകൾക്കു ലഭിക്കുന്നില്ല. എങ്കിലും, ആധുനികമായ പലതും ഇനിയും നേടുവാനുണ്ടു്. ഇവിടെ ഒരു പബ്ലിക്ക ലൈബ്രറി ഉണ്ടു്. മനോഹരമായ ഒരു കെട്ടിടവും വിസ്തൃതമായ പരിസരങ്ങളും അതിനുണ്ടു്. എന്നിരുന്നാലും ലൈബ്രറിസജ്ജീകരണങ്ങളുടെ കാര്യത്തിൽ വളരെയേറെ പരിഷ്കാരങ്ങൾ ഉടനടി ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. ലൈബ്രറി ഉദ്യോഗസ്ഥന്മാർക്കു് അവർ വഹിക്കുന്ന ഉത്തരവാദിത്വത്തിന്റെ ഗൗരവത്തിനും അന്തസ്സിനും അനുസരിച്ച ഒരു ശമ്പളക്രമവും ഇവിടെ അനുവദിച്ചിട്ടില്ലെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. വികസനത്തിനുള്ള എല്ലാ സാദ്ധ്യതകളും നിറഞ്ഞ ഇവിടത്തെ പബ്ലിക്ക ലൈബ്രറിയെ ആധുനിക രീതിയിൽ പരിഷ്കരിക്കുന്ന വിഷയത്തിൽ ഗവമ്മെൻറിന്റെ സത്വരശ്രദ്ധ പതിയുമെന്നു വിശ്വസിക്കുന്നു.

തിരു:കൊച്ചി ഗ്രന്ഥശാലാസംഘം ചെയ്യുന്ന മെച്ചമേറിയ സേവനത്തെപ്പററി ഇൻഡ്യയിലെ ഗ്രന്ഥശാലാലോകത്തിനു് വളരെ മതിപ്പാണുള്ളതു്. എന്നാൽ പ്രസ്തുത സംഘം ഒന്നു തിരിഞ്ഞുനിന്നു് അതു ചെയ്തുതീർത്ത ജോലിയെപ്പററി മൂല്യനിർണ്ണയം ചെയ്യാനുള്ള ഒരു സന്ദർഭമിപ്പോൾ ഉണ്ടായിരിക്കയാണു്. കൂടുതലായ ഏകീകരണവും ചെറിയ ചെറിയ ലൈബ്രറികൾ പലതൊന്നിച്ചു് ചിലവിനത്തിൽ കാര്യക്ഷമമായ യൂണിററുകൾ ഉണ്ടാക്കുന്നതും ആവശ്യമായിരിക്കുന്നു. പബ്ലിക്ക് ലൈബ്രറിയെ ഒരു സ്റ്റേററ ലൈബ്രറിയായി മാറേറണ്ട കാര്യവും ആസന്നമായിരിക്കുന്നു. ഇപ്പോൾ ഡി: മജിസ്ട്രേട്ടന്മാക്കും, പബ്ളിക്റിലേഷ്യൻസ് ഡയറക്ടർക്കും അയക്കുന്ന പുതിയ പുസ്തകങ്ങളുടെ പ്രതികളെല്ലാം

ഈ സ്റ്റേറ്റ് ലൈബ്രറിക്കാണ് പോകേണ്ടതു്. ഒരു കേന്ദ്രസ്ഥാപനമായ സ്റ്റേറ്റ് ലൈബ്രറിക്കു സഹായകമായി ഓരോ താലൂക്കിലും ഓരോ നല്ല ലൈബ്രറി വീതമെങ്കിലും വേണം. ഇവയായിരിക്കണം അതാതു സ്ഥലങ്ങളിലെ ഗ്രാമലൈബ്രറികൾക്കും മററും പോഷണം നൽകത്തക്ക വിധം പ്രവർത്തിക്കേണ്ടതു്. ഈ മാതിരിയുള്ള സംഘടനാ പ്രവർത്തനത്തിൽ വേണം ഗ്രന്ഥശാലാസംഘം അടുത്ത ഒരു കൊല്ലം അതിൻെറ ശ്രദ്ധ പതിപ്പിക്കാൻ. കൂടാതെ ലൈബ്രേറിയന്മാരുടെ ഉപയോഗത്തിനായി ഒരു പരിശീലനകേന്ദ്രം സ്ഥാപിച്ചു നടത്തേണ്ടതും ഗ്രന്ഥശാലാ സംഘത്തിൻെറ ചുമതലയാണു്. ആദ്യത്തെ ഒരു കൊല്ലത്തേക്കു് ഇതിന്നായി ഇൻഡ്യൻ ലൈബ്രറി അസോസിയേഷൻെറ സഹായസഹകരണങ്ങൾ ആവശ്യപ്പെടാവുന്നതുമാണു്.

ഈ ഘട്ടത്തിൽ ഇവിടത്തെ ജനങ്ങളെപ്പററിയും, ഗവർമ്മെൻറ ഉദ്യോഗസ്ഥന്മാരെപ്പററിയും രണ്ടു വാക്കു പറയാതെ നിവൃത്തിയില്ല. കേരളീയർ കർമ്മനിരതരും, പ്രയത്നശാലികളുമാണു്. ഏതൊരു പ്രവൃത്തിമണ്ഡലത്തിലും ഒരു സജീവത്വം ദൃശ്യമാണു്. ലൈബ്രറിപ്രസ്ഥാനത്തെ കൂടുതൽ പരിപുഷ്ടമാക്കുവാനും, മലയാളഭാഷയിലെ സാഹിത്യകൃതികളുടെ ഒരു ബിബ്ളിയോഗ്രഫി (Bibliography) പ്രസിദ്ധീകരിക്കുവാനുമുള്ള ഏതൊരു ശ്രമത്തിനും ഗവർമ്മെൻറിൻെറ സമ്പൂർണ്ണമായ പ്രോത്സാഹനം ഉണ്ടാകുമെന്നാണു് ഞാൻ പ്രതീക്ഷിക്കുന്നതു്. മററു പല ഭാഷകളിലും 'ബിബ്ളിയോഗ്രഫി' പ്രസിദ്ധീകരിക്കപ്പെടുകയോ അല്ലെങ്കിൽ പ്രസിദ്ധീകരണ ഏർപ്പാടുകൾ ചെയ്തുകഴിയുകയോ ഉണ്ടായിട്ടുണ്ടു്. മലയാളത്തിനുമാത്രം ഇതേവരെ ഒന്നും ആരംഭിച്ചിട്ടില്ലെന്നുള്ളതു് നിർഭാഗ്യകരമാണു്. വളൎന്നുകൊണ്ടിരിക്കുന്ന ഒരു ഭാഷയാണു് ഇവിടെയുള്ളതു്. നിരവധി ഉത്തമസാഹിത്യഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ടുമിരിക്കുന്നു.

ഞാൻ ഇപ്പോൾ ദക്ഷിണേന്ത്യയിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്നതു് ഇൻഡ്യയുടെ പൊതുസ്വത്തായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന നാഷണൽ ലൈബ്രറിയുടെ ഉദ്ദേശലക്ഷ്യങ്ങളെ പൊതുജനങ്ങൾക്കു വിശദമാക്കുന്നതിനാണു്. ഇൻഡ്യയിൽ എല്ലാ പ്രദേശത്തും ഭാഷകളിലുമുള്ള എല്ലാവിധ ഗ്രന്ഥങ്ങളും സൂക്ഷിക്കുന്നതിനായിട്ടാണു് കേന്ദ്രഗവർമ്മെൻറിൽ നിന്നും ഈ ലൈബ്രറി സ്ഥാപിച്ചിരിക്കുന്നതു്. പൗരസ്ത്യ പാശ്ചാത്യ സംസ്കാരങ്ങളെ ഇണക്കിച്ചേർക്കുന്നതിനും ഭാരതത്തിൻെറ സംസ്കാരികവും ചരിത്രപരവുമായ എല്ലാ ലക്ഷ്യങ്ങളുടേയും കലവറയായിരിക്കുന്നതിനും, വിജ്ഞാന ഭിക്ഷുക്കൾക്കും, പഠിതാക്കൾക്കും ഗവേഷണാലയമാക്കുന്നതിനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കേന്ദ്രഗ്രന്ഥാലയമാണിതു്. കൽക്കട്ടായിൽ ഗവർണ്ണർ ജനറാലിൻെറ ഔദ്യോഗിക വസതിയായി ഉപയോഗിച്ചിരുന്ന ബെൽവഡീർ കെട്ടിടങ്ങളിലാണു് ലൈബ്രറി സ്ഥാപിച്ചിരിക്കുന്നതു്. ഇതിനകം എഴരലക്ഷം ഗ്രന്ഥങ്ങൾ അവിടത്തെ ശേഖരത്തിലുണ്ടു്. ഇൻഡ്യക്കു് വെളിയിൽ പ്രസിദ്ധീകരിക്കുന്ന ഉത്തമഗ്രന്ഥങ്ങളെല്ലാം വരുത്തുന്നതിനു് പ്രത്യേകഫണ്ടു് അനുവദിച്ചിട്ടുണ്ടു്. ഇൻഡ്യയിൽ പ്രസിദ്ധീകരിക്കുന്ന എല്ലാ ഭാഷകളിലുമുള്ള ഗ്രന്ഥങ്ങളുടെ ഒരു പ്രതി വീതം നാഷണൽ ലൈബ്രറിക്കു് അയച്ചുകൊടുക്കണമെന്നു് ഇൻഡ്യൻ റജിസ്ട്രേഷൻ ആക്ടനുസരിച്ചു് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ ലൈബ്രറിയിലെ ഏതൊരു ഗ്രന്ഥവും ഇൻഡ്യയിലുള്ള ഏതൊരു പൗരനും സൗജന്യമായി ഉപയോഗപ്പെടുത്താനുള്ള വ്യവസ്ഥകളും ഉണ്ടാക്കിയിട്ടുണ്ടു്.

# ഒരു യാത്രാവിവരണം

(തുടർച്ച)

കെ. രാഘവൻപിള്ള എം. എ; പിഎച്ച്. ഡി (ലണ്ടൻ)

വൈസ്രായി പദത്തിൽനിന്നു രാജിവച്ചു പിരിഞ്ഞ വേവൽപ്രഭുവിനെ ഞങ്ങൾ ഇന്ത്യൻ സ്റ്റുഡൻറ്സ് യൂണിയൻെറ ഒരു യോഗത്തിൽ പ്രസംഗിയ്ക്കാൻ ക്ഷണിച്ചു; നിർദ്ദിഷ്ട സമയത്തുതന്നെ പ്രഭു അവർകളും പത്നിയും എത്തിച്ചേരുകയുംചെയ്തു. വേവൽപ്രഭു അടിമുടി അന്തസ്സുള്ള ഒരു പട്ടാളമേധാവി തന്നെ ആയിരുന്നു; വളരെ വളയുകയോ വളയാൻ കഴിയുകയോ ചെയ്യാത്ത ഒരു സൈന്യാധിപൻ. ഇന്ത്യയിൽ അധികാരകൈമാററം ചെയ്യപ്പെട്ടതിനു ശേഷമുള്ള, ഒരു സമയത്തായിരുന്നു ഞങ്ങളോടു് പ്രസംഗിയ്ക്കാൻ വേവൽപ്രഭു വന്നതു്. നല്ല സാഹിത്യവാസനയുണ്ടായിരുന്ന പ്രഭുവിൻെറ മുഖത്തു് എല്ലാപ്പോഴും ഒരു വിഷാദഛായ പരന്നിരുന്നു, അന്നാകട്ടെ, ഇന്ത്യയിൽ തനിയ്ക്കുണ്ടായ രാഷ്ട്രീയപരാജയം പ്രഭുവിൻെറ മുഖത്തു് ഇരുളിൻെറ ഒരു ചുരുൾകൂടി പരത്തിയിരുന്നില്ലേ എന്നു് ഞങ്ങൾ സംശയിച്ചു. പ്രഭുവിൻെറ പ്രസംഗം അദ്ദേഹത്തിൻെറ ആകൃതിയും നിലപാടും നടപ്പും പോലെ തന്നെയായിരുന്നു. ഒരു പരേഡിനു് എന്നപോലെ വാക്കുകൾ ക്രമത്തിൽ അദ്ദേഹത്തിൻെറ വായിൽ നിന്നു ചാടിവീണു കൊണ്ടിരുന്നു. ഒരു വാക്യത്തിൻെറ ആദ്യഭാഗം കേട്ടിട്ടു് അന്ത്യം കേൾക്കാൻ അധികം കാത്തിരിയ്ക്കേണ്ടിയിരുന്നില്ല. അദ്ദേഹത്തിൻെറ വാക്യങ്ങൾ നെടുനീളത്തിൽ അല്ല വെളിയിൽ വന്നുകൊണ്ടിരുന്നതു്, കുറുകെയാണു്; ബാററൻ തടി പോലെയുള്ള കൊച്ചുകൊച്ചു വാക്യങ്ങൾ ക്ലിപ്തമായി അളന്നു് ഉച്ചരിച്ചിരുന്ന സ്വരത്തിൽ വെളിയിൽ വന്നുകൊണ്ടിരുന്നു. ഏതാണ്ടു് നാല്പത്തിയഞ്ചു മിനിട്ടു് പ്രസംഗിച്ചതിൽ ഒരൊററ പ്രാവശ്യം എങ്കിലും സ്വരം ഉയർത്തിയില്ല. വേവൽ പ്രഭുവിൻെറ നിലപാടും, രീതിയും പ്രസംഗവും കണ്ടപ്പോഴാണു്, ഇതുപോലെ ഒരു സന്ദർഭത്തിൽതന്നെ മൗണ്ടുബാററൻ പ്രഭുവിനെ അറിയുവാനും പഠിയ്ക്കുവാനും സന്ദർഭം കിട്ടിയിരുന്ന എനിയ്ക്കു്, ഇന്ത്യയിലെ കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഒരാൾ വിജയിയും അപരൻ പരാജിതനും ആയതിനുള്ള കാരണങ്ങളിൽ ഒന്നു മനസ്സിലായതു്. വേവൽപ്രഭുവിൻെറ മനസ്സു് പട്ടാളക്കരുവിൽ വാർക്കപ്പെട്ടിരുന്നു. പട്ടാളക്കാരനായ മൗണ്ടു്ബാററൻപ്രഭുവിൻെറ മനസ്സിനു് ആകട്ടെ അയയാനുള്ള സാദ്ധ്യതയുണ്ടായിരുന്നു.

വേവൽപ്രഭുവിൻെറ നിര്യാണത്തിനുശേഷം അദ്ദേഹത്തിൻെറ ജീവിതത്തെ വിശകലനം ചെയ്തുകൊണ്ടു് എഴുതപ്പെട്ടിരുന്ന ലേഖനങ്ങളിലും ഗ്രന്ഥങ്ങളിലും എല്ലാം പ്രഭു അവർകൾക്കു് തൻെറ ജീവിതത്തിൽ അനുസ്യൂതമെന്നോണം നേരിടേണ്ടിവന്ന ഭാഗ്യദോഷത്തെ പരാമർശിച്ചിരുന്നു. വിഷമകരമായ കൃത്യങ്ങളിൽ പലപ്പോഴും നിയോഗിയ്ക്കപ്പെട്ടിരുന്ന അദ്ദേഹത്തിനു്, തൻെറ കൃത്യങ്ങൾ വേണ്ടവിധം നിർവ്വഹിയ്ക്കുവാൻ അനപേക്ഷണീയമായ കരുക്കൾ ലഭിച്ചിരുന്നില്ല. ലിബിയായിലെ മണലിലും, ബർമ്മായിലെ വനങ്ങളിലും അദ്ദേഹത്തെ തോല്പിച്ചതു് ശത്രുക്കൾ മാത്രമല്ല; കരുക്കളില്ലായ്മകൂടിയായിരുന്നു. ഗ്രീക്കു് നാടകങ്ങളിലെ നായകന്മാരെപ്പോലെ പരാജയത്തിൻെറ കർമ്മവിധിയും തലയിൽ ഏന്തിക്കൊണ്ടായിരുന്നു വേവൽപ്രഭു തൻെറ കൃത്യങ്ങളിൽ പ്രവേശിയ്ക്കേണ്ടിവന്നതു്.

ഞങ്ങളുടെ അന്നത്തെ യോഗത്തിൽ പ്രസംഗിയ്ക്കാൻ വന്ന പ്രഭുവിനെയും കർമ്മദോഷം അല്പം ബാധിച്ചില്ലേ എന്നു് ഞാൻ ശങ്കിച്ചു. ആ യോഗത്തിൽ പ്രസംഗിയ്ക്കാൻ ദക്ഷിണഭാരതീയനായ ഒരു പ്രശസ്തനും ഉണ്ടായിരുന്നു. പ്രഭു

വിന്റെ പ്രസംഗത്തിനു പിമ്പ് സംസാരിച്ച ആ മാന്യൻ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയ്ക്കു് ഉണ്ടായിട്ടുള്ള നേട്ടങ്ങളെയായിരുന്നു പ്രധാനമായി പരാമർശിച്ചതു്. ഇന്ത്യയിൽ തുടങ്ങിയിട്ടുള്ള ഓരോ പദ്ധതിയെക്കുറിച്ചു് പ്രസ്താവിയ്ക്കുമ്പോഴും ആ മാന്യൻ വേവൽ പ്രഭുവിന്റെ നേക്കു് തിരിഞ്ഞു, സർ, എന്നു് പ്രഭുവിനെ അഭിസംബോധനം ചെയ്തുകൊണ്ടിരുന്നു. പ്രഭുവിന്റെ നേക്കു് തിരിഞ്ഞുള്ള ഈ ഓരോ വിളിയും, ഇന്ത്യയിൽ തനിയ്ക്കു് സംഭവിച്ച രാഷ്ട്രീയ പരാജയത്തിന്റെ പടുകുഴിയുടെ ഒരു പകർപ്പു് ലണ്ടൻ സർവ്വകലാശാലയുടെ ആ കെട്ടിടത്തിൽ പ്രഭുവിന്റെ കൺമുമ്പിൽ ചമച്ചുവയ്ക്കുന്നതായി ഞങ്ങളിൽ പലർക്കും തോന്നി. അതിഥിയായി ക്ഷണിച്ചുവരുത്തിയ പ്രഭുവിന്റെ മനസ്സിനെ മറെറാരതിഥി, മനഃപൂർവ്വമായിട്ടല്ലെങ്കിലും, പീഡിപ്പിയ്ക്കുന്നെന്നു് തോന്നിയ ഞങ്ങൾക്കു് കുറെ കുണ്ഠിതം ഉണ്ടാകുകയും ചെയ്തു. ഏതായാലും വേൽപ്രഭുവിന്റെ ശാന്തവും ശോകച്ഛായ കലർന്നതുമായ മുഖം എന്റെ മനസ്സിൽ ഇപ്പോഴും മായാതെ നിൽക്കുന്നുണ്ടു്.

ഇന്ത്യയിൽ ദീർഘകാലം ജീവിച്ചു്, ഇന്ത്യയെ സ്നേഹിയ്ക്കാനും വിലമതിയ്ക്കാനും പഠിച്ച ഇംഗ്ലീഷുകാരെ അന്നാട്ടിൽ ചെല്ലുമ്പോൾ കണ്ടുമുട്ടുകയെന്നതു് വളരെ സന്തോഷകരമായ കാര്യമാണു്. ഇന്ത്യയോടു് ഉണ്ടായിട്ടുള്ള നവീനമായ മമതയെ കുറിച്ചു് നാക്കിനു് നല്ല നീളമുള്ള രാഷ്ട്രീയ പ്രവർത്തകർ സ്ഥാനത്തും അസ്ഥാനത്തും നടത്തുന്ന പ്രസംഗങ്ങൾക്കിടയിൽ, മുകളിൽ പറഞ്ഞ ചിലരുടെ ആത്മാർത്ഥത മനം കവരാറുണ്ടു്; വിശുദ്ധികൊണ്ടു് വേറിട്ടു നിൽക്കാറുണ്ടു്. ഇക്കൂട്ടത്തിൽപെട്ട ഒരാൾ ആണു് മതോപദേശിയും മനുഷ്യവംശശാസ്ത്രജ്ഞനും ആയ വെരിയർ എൽവിൻ. ആസ്സാമിലെ മലവർഗ്ഗക്കാരുടെ ചരിത്രം പഠിയ്ക്കുവാൻ പോയ എൽവിൻ പഠിച്ചു് പഠിച്ചു് പരദേശിപ്പാതിരി അല്ലാതെ ആയി. ഒരു മലവർഗ്ഗക്കാരിയിൽക്കൂടി രണ്ടു മൂന്നു സങ്കരസന്തതികളെ വർഗ്ഗത്തിനു് സമർപ്പിയ്ക്കാൻ എൽവിനു് കഴിഞ്ഞു. ദീർഘകാലമായി ആസ്സാംമലകളിലെ ആദിമകാലസംസ്കാരത്തിൽ ജീവിച്ച ഈ പാതിരി ഒരു പ്രത്യേക സ്നേഹത്തോടു കൂടിയാണു് ആ മലവർഗ്ഗക്കാരെ കുറിച്ചു് സംസാരിയ്ക്കാറുള്ളതു്. ശാസ്ത്രീയ പരീക്ഷണങ്ങൾക്കുള്ള ഗിനിപ്പന്നികൾ ആയി അദ്ദേഹം മനുഷ്യരെ കരുതിയിട്ടില്ലെന്നുള്ളതാണു് എൽവിന്റെ വിജയത്തിനു കാരണം. ചോരയും മാംസവും ഉള്ള മനുഷ്യർ ഭൂമുഖത്തു് എവിടെയും പ്രാഥമിക വികാരങ്ങളെ പ്രദർശിപ്പിയ്ക്കുന്നതും, അവയ്ക്കു് ഉപശമനം വരുത്തുന്നതും ഏതാണ്ടു് ഒരേ രീതിയിൽ ആണെന്ന പാഠം പഠിച്ച ആധുനിക നരവംശ ശാസ്ത്രജ്ഞരിൽ ഒരാളാണു് എൽവിൻ. ശാസ്ത്രീയപഠനത്തിനു് അത്യന്താപേക്ഷിതമായ ഈ പാഠം ആകട്ടെ, വർഗ്ഗങ്ങൾ തമ്മിൽ കൂടുതൽ അടുത്തു പഴകാൻ സന്ദർഭം കിട്ടിയ ഇരുപതാംനൂററാണ്ടിന്റെ ഒരു സന്താനവുമാണു്. തങ്ങൾ പഠനം നടത്തുന്ന നരവംശങ്ങളെയും സമുദായങ്ങളെയും കുറിച്ചുള്ള ഈ പ്രബുദ്ധമായ മനോഭാവം വെരിയർ എൽവിനെയും, മാലിനോസ്കിയെയും, മാർഗററ് മീഡിനെയും, പതിനെട്ടും പത്തൊൻപതും ശതാബ്ദങ്ങളിലെ മിക്ക നരവംശ ശാസ്ത്രജ്ഞരിൽ നിന്നും വേർതിരിച്ചു നിർത്തുന്നു.

ഇംഗ്ലണ്ടിൽവച്ചു് എനിക്കു് കാനൻഹോളണ്ടു് എന്നു് ഒരാളെ പരിചയമായി, അദ്ദേഹം കോട്ടയം കോളേജിൽ ഒരുകാലത്തു് ഒരു ലക്ചറർ ആയിരുന്നു. ഞാനും ഒരുപക്ഷേ എന്റെ വായനക്കാരിൽ ഒരു നല്ല വിഭാഗവും ഇഴഞ്ഞു നടക്കുന്ന കാലത്തായിരുന്നു കാനൻഹോളണ്ടിന്റെ ശബ്ദം കോട്ടയം കോളേജിന്റെ ഭിത്തികളിൽ കേട്ടുകൊണ്ടിരുന്നതു്. ഓരോ പ്രാവശ്യം കാണുമ്പോഴും നമ്മുടെ പേർ ഒന്നു് പറഞ്ഞു് വയോധികനായ കാനന്റെ നാമസംബന്ധമായ ഓർമ്മയെ തട്ടി ഉണർത്തണമായിരുന്നു. അദ്ദേഹവുമായുണ്ടായ പരിചയത്തിന്റെ ഫലമായി, ആറു മാസത്തിനുള്ളിൽ നാരായണപിള്ള, പരമേശ്വരൻപിള്ള, രാമൻപിള്ള തുടങ്ങി വിവിധ നായർ നാമങ്ങൾ കൊണ്ടുള്ള ഒരു മാല, അടുത്ത ഗ്രാമത്തിലെ തലവെട്ടടിയന്തിരം കഴിഞ്ഞിട്ടു വരുന്ന ഒരു നാഗനെപ്പോലെ ഞാൻ അണിഞ്ഞു

കഴിഞ്ഞിരുന്നു. എന്നാൽ, ഈ വിഷമത ഉണ്ടായിരുന്നെങ്കിലും, കാനൻഹോളണ്ടിനെ കണ്ടുമുട്ടുന്നതും സംസാരിയ്ക്കുന്നതും എല്ലാപ്പോഴും രസകരമായ ഒരു കാര്യം തന്നെ ആയിരുന്നു.

ലണ്ടനിലെ പൗരസ്ത്യഭാഷാ സ്കൂളിന്റെ ഡയറക്ടർ ആയിരിയ്ക്കുന്ന പ്രൊഫ: സർ. റാൽഫ് ടേർണർ ഭാരതത്തിന്റെ ഒരു ബന്ധുവാണ്. ഒരു കാലത്ത് ഭാരതസേനയിൽ ഉദ്യോഗസ്ഥൻ ആയിരുന്ന ഇദ്ദേഹം, ഭാരതീയഭാഷകളെക്കുറിച്ച് ആഴമുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നിപ്പാളീസ് ഡിക്ഷണറി പ്രസിദ്ധമാണ്. എന്നാൽ ആ മഹാപണ്ഡിതന്റെ പാണ്ഡിത്യമല്ല പ്രഥമസന്ദർശനത്തിൽ തന്നെ നമ്മെ അദ്ദേഹത്തോട് അടുപ്പിയ്ക്കുന്നത്; അദ്ദേഹത്തിന്റെ സ്വഭാവസരളതയാണ്. സ്കൂൾ ഓഫ് ഓറിയന്റൽ സ്റ്റഡീസിലെ ഉദ്യോഗസ്ഥന്മാരിൽ ഇങ്ങേ അറ്റത്ത് നിൽക്കുന്നവരോടുപോലും അദ്ദേഹത്തിന്റെ പെരുമാററം സ്നേഹമധുരമാണ്. അതിരുകടന്ന പ്രാമാണ്യബോധത്തിന്റെ ഭാരമല്ല അദ്ദേഹത്തെ വിനയാവനമ്രനാക്കുന്നത്. പാണ്ഡിത്യത്തിനും അപ്പുറത്തുള്ള ഒരു അടിസ്ഥാനപരമായ മനുഷ്യത്വം ആണ്. സുദീർഘകാലത്തെ പ്രയത്നം ആണ് അദ്ദേഹത്തെ പ്രാമാണ്യത്തിന്റെ എവറസ്റ്റിൽ എത്തിച്ചതെങ്കിലും, ആവശ്യം അനുസരിച്ച് അവിടെ നിന്ന് ഇറങ്ങിവരാൻ അദ്ദേഹത്തിന് വിഷമം ഇല്ല; വൈമനസ്യവുമില്ല.

ലണ്ഡൻസ്കൂളിലെ ശബ്ദശാസ്ത്രവകുപ്പിന്റെ അദ്ധ്യക്ഷനും എന്റെ ഗുരുവും ആയിരുന്ന പ്രൊഫസർ ജെ. ആർ. ഫെർത്ത് ബാഹ്യപ്രകൃതിയിൽ സർ. റാൽഫിൽനിന്ന് വളരെയേറെ വിഭിന്നൻ ആണ്. സാധാരണയായി അദ്ദേഹം പെരുമാററത്തിൽ മര്യാദയുടെ ചില നിയമങ്ങൾ എല്ലാം പാലിയ്ക്കാറുണ്ടെങ്കിലും, കർക്കശമായ ഒരു രീതിയും അദ്ദേഹത്തിന് വശമുണ്ട്. പ്രകൃത്യാ ശാന്തനും രമ്യനും ആയ അദ്ദേഹം ചില സന്ദർഭങ്ങളിൽ കാർക്കശ്യത്തിന്റെ ഒരു ഹനുമാൻ പണ്ടാരത്തല ധരിയ്ക്കുകയാണ് ചെയ്യുന്നത്. ആഫ്രിക്കാക്കാർക്ക് ബുദ്ധിശക്തിയില്ല, ബ്രിട്ടീഷ് തൊഴിലാളിക്കക്ഷി മണ്ടത്തരത്തിന്റെ ഒരവതാരമാണ് [പ്രൊഫസർ ഫെർത്ത് ഒരു വലതുപക്ഷ ടോറിയാണ്] എന്നിങ്ങനെ തുടങ്ങിയ അഭിപ്രായങ്ങൾ അദ്ദേഹം എതിരാളികളുടെ മുൻപിൽവച്ചുതന്നെ തട്ടിവിടും.

പ്രൊഫസർ ഫെർത്ത് ഇന്നത്തെ പ്രമുഖ ശബ്ദശാസ്ത്രപണ്ഡിതന്മാരിൽ ഒരാൾ ആണ്. പ്രൊഫസർ ഡാനിയൽജോൺസിനെപ്പോലെ ബൃഹത്തായ ശബ്ദോച്ചാരണകോശങ്ങൾ അദ്ദേഹം എഴുതിയിട്ടേയില്ല; പക്ഷെ, 'ദി ടങ്ങ്സ് ആഫ് മാൻ' എന്നു തുടങ്ങിയ ചെറിയ പുസ്തകങ്ങൾ ഭാഷയെക്കുറിച്ചുള്ള അനാക്രാന്തങ്ങളായ ചില ചിന്താസരണികളിലേയ്ക്ക് നമ്മെ നയിക്കുന്നു. പ്രൊഫസർ ഫെർത്തിന്റെ ബുധനാഴ്ച രാവിലത്തെ സാമാന്യഭാഷാശാസ്ത്രപ്രസംഗങ്ങൾ പല കാരണങ്ങളാൽ സ്കൂളിൽ പ്രസിദ്ധമാണ്. അദ്ദേഹത്തിന്റെ പ്രതിപാദനം ലളിതവും, സരസവും ആണ്. ഉപദ്രവകാരികളായ ചോദ്യകർത്താക്കളെ അദ്ദേഹം അസ്സലപ്രജ്ഞർ ആക്കാറുണ്ടായിരുന്നു. റബ്ബർ ഫാക്ടറിയിലെ കുഴൽവിളിയുടെ ശബ്ദത്തോടുകൂടിയ ഒരു അൻപതു വയസ്സായ അവിവാഹിത നാലഞ്ചു് ചോദ്യങ്ങൾ ചോദിച്ച ഒരു ഘട്ടം ഇവിടെ ഓർമ്മിക്കുന്നു. രണ്ടുമൂന്നു ചോദ്യങ്ങൾക്ക് അദ്ദേഹം ഉത്തരം നൽകി. പക്ഷെ ആ കുഴലിൽനിന്നു വീണ്ടും ചോദ്യങ്ങൾ വെളിയിൽ വന്നുതുടങ്ങിയപ്പോൾ അദ്ദേഹം അക്ഷമനായി. ആംഗലവംശത്തിന്റെ കൂടെപ്പിറവിയെന്ന് അവർ വിചാരിക്കുംവള്ള ആ മര്യാദ, അല്ലെങ്കിൽ വികാരസംയമനം, ഒരുനിമിഷം ഇംഗ്ലീഷ്ചാനലിന് അപ്പുറത്തായി. പ്രൊഫസറുടെ രണ്ടുവാക്കുകൾ ആ വൃദ്ധകുമാരിയുടെ നാക്കിന് പൂട്ടിട്ടു!

ഒരു ദിവസം ഒന്നുരണ്ടു മലയാളി സ്നേഹിതന്മാരും ഞാനുംകൂടി ലണ്ടനിലെ ഒരു ഹോട്ടലിൽ കാപ്പികുടിച്ചുകൊണ്ടിരിക്കയായിരുന്നു. ഇററലിക്കാർ ആയ വിളമ്പുകാരികൾ, പരസ്പരം ഇററാലിയൻ ഭാഷയിലും, ഹോട്ടലിലെ ഭക്ഷകരോട് ഇംഗ്ലീഷുഭാഷയിലും വ്യവഹാരം ചെയ്യുന്നതു് [ചിലപ്പോൾ രണ്ടുസ്ഥത്തിലും വ്യവഹാരംതന്നെ] കേൾക്കാൻ രസമുള്ള കാര്യമായിരുന്നു. അതുൾ

ട്ടൂടെ പല വിഷയങ്ങളെക്കുറിച്ചു് മലയാളത്തിൽ സംസാരിച്ചുകൊണ്ടിരുന്ന ഞങ്ങളെ അധികം ദൂരത്തല്ലാതെ ഒരു ബെഞ്ചിൽ ഇരുന്നുകൊണ്ടു് ഒരു എഴുപത്തഞ്ചുകാരിയായ മദാമ്മ നോക്കിക്കൊണ്ടിരുന്നു—ലണ്ടനിൽ അല്ല ഇംഗ്ലണ്ടിൽ വടക്കൊങ്ങാനും ഉള്ള വല്ല നാട്ടിൻപുറത്തുവച്ചായിരുന്നു എങ്കിൽ കറപ്പൻമാരെ കാണാനുള്ള കൗതുകംകൊണ്ടു് അവർ നോക്കുകയാണെന്നു് സങ്കല്പിക്കാമായിരുന്നു. കിഴക്കൻ രാജ്യങ്ങളിലെ ജനങ്ങളെ കാണുന്നതു്, സയാമിലെ കഥാപ്രസിദ്ധമായ വെള്ളാനകളെ കാണുന്നതുപോലെ അപൂർവ്വും അത്ഭുതകരവും ആയി കരുതിവരുന്ന ഉൾപ്രദേശങ്ങൾ ഇന്നും ഇംഗ്ലണ്ടിൽ ഉണ്ടു്. ലണ്ടൻ ആകട്ടെ ലണ്ടൻകാക്കു് വിദേശമാകത്തക്കവണ്ണം വിദേശികളുടെ സ്വദേശമാണു്. അവിടെ ഒരു ഇന്ത്യാക്കാരൻ പുത്തരിയല്ല. അതുകൊണ്ടു് ഈ വൃദ്ധ ഞങ്ങളെ സൂക്ഷിച്ചുനോക്കുന്നതിൻെറ രഹസ്യം ഞങ്ങൾക്കു മനസ്സിലായില്ല. അൽപം കഴിഞ്ഞു് ഞങ്ങൾ ഇരിക്കുന്നിടത്തുവന്നു് "നിങ്ങൾ മലബാറിൽനിന്നാണു വരുന്നതു് അല്ലേ" എന്നു് അവർ നല്ല മലയാളത്തിൽ ചോദിച്ചു. നല്ല മലയാളം എന്നുപറഞ്ഞാൽ പദാദിയിലെ 'ന'കാരം എല്ലാം ആദ്യക്ഷരം കഴിഞ്ഞുവരുന്ന 'ന'യെപ്പോലെ ഉച്ചരിക്കുന്നതൊഴിച്ചാൽ. എന്തെല്ലാം കുറവുകൾ ഉണ്ടായാലും, ലണ്ടൻ നഗരത്തിൻെറ മദ്ധ്യത്തു് ഞങ്ങളോടു് ഒരു മദാമ്മ മലയാളത്തിൽ സംസാരിച്ചതിൽ ഞങ്ങൾക്കു വളരെ സന്തോഷം തോന്നി; മലയാളം പറയാൻ രണ്ടുമൂന്നു മലയാളികളെ കിട്ടിയതിൽ അവരിലും ഒരു സന്തോഷം പ്രകടമായിക്കണ്ടു. മിസ്സിസ് തോംപ്സൺ എന്നു പേരായ അവർ കുറേനാൾ മലബാറിൽ ഒരു മിഷനറിയായി പ്രവർത്തിച്ചിരുന്നുവത്രേ. 'വെണ്ടയ്ക്കാ'യെ 'വിന്തിയ്ക്കാ'യും മററും ആക്കിയിട്ടാണെങ്കിലും, അവർ നല്ലവണ്ണം മലയാളം പറയാൻ അഭ്യസിച്ചിരുന്നു. (തുടരും)


## കാട്ടൂക്കാരൻ ബുക്സ്റ്റാൾ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| | രൂ. | ണ. | സ. |
| ആത്മാപഹാരം നോവൽ—അബ്ബാസ് ... ... | 0 | 10 | 0 |
| ഇടുങ്ങിയ വാതിൽ നോവൽ—ആന്ദ്രജീദ് ... ... | 2 | 4 | 0 |
| അട്ടത്തൂൺ ഫലിതം-പുത്തഴത്തു രാമമേനോൻ ... ... | 1 | 12 | 0 |
| കുരുവികൾ കഥകൾ—അബ്ബാസ് ... ... ... | 0 | 14 | 0 |
| കൊച്ചുറോസി കഥകൾ—റാഫി ... ... ... | 1 | 8 | 0 |
| ലെഫ്ലെററർ ടി സി. വി. എൻ. നമ്പൂതിരി ... | 1 | 0 | 0 |
| മാർബിൾ പ്രതിമ കഥകൾ—ആധുനിക റഷ്യൻ കഥാകാരന്മാർ ... | 1 | 0 | 0 |
| വെള്ളിക്കപ്പു് കഥകൾ—റോബർട്ടു് ... ... | 1 | 0 | 0 |
| തകന്ന ഹൃദയങ്ങൾ ,, എൻ. ആർ മേനോൻ ... ... | 1 | 0 | 0 |
| ഭാവി തലമുറ ,, ,, ... ... | 0 | 12 | 0 |
| സ്നേഹവും വിശപ്പും ,, മേരി വർഗ്ഗീസ് കുന്നിൽ ... ... | 1 | 0 | 0 |
| ഗ്രാമാലങ്കാരണം ചുരുക്കിയപതിപ്പു് വി. ആർ. കൃഷ്ണനെഴുത്തച്ഛൻ | 1 | 8 | 0 |
| നിലച്ചഗാനം നാടകം കെ. ഏ. തോമ്മസ് ... | 1 | 10 | 0 |
| തറവാട്ടുഭാഗം ,, പി. കുമാരൻനായർ ... ... | 0 | 8 | 0 |
| റേഷൻ വ്യാപാരി ,, പി. ടി. നായർ ... ... | 1 | 0 | 0 |
| ഓണപ്പാട്ടുകാർ പദ്യം—വൈലോപ്പിള്ളി ... ... | 1 | 8 | 0 |
| ഉരുക്കും മാംസവും—ടാററാപുരം സുകുമാരൻെറ മികച്ച 10 കഥകൾ (അച്ചടിയിൽ) | 1 | 0 | 0 |

ഇവ കൂടാതെ ഇംഗ്ലീഷിലും മലയാളത്തിലും മറെറല്ലാ ഭാഷകളിലുമുള്ള ഏററവും ആധുനികങ്ങളായ പ്രസിദ്ധീകരണങ്ങളും ലൈബ്രറി റിക്കാർഡുകളും ഇവിടെ കിട്ടും.

KATTOOKAREN BOOK STALL BROADWAY-ERNAKULAM

# ഗ്രന്ഥനിരീക്ഷണം

"കലയും സാമാന്യജനങ്ങളും"—കെ. സുരേന്ദ്രൻ, മംഗളോദയം—തൃശ്ശൂർ
വില 1 ക. 4 ണ.

"കലയും സാമാന്യജനങ്ങളും" ഇതാണ് പുസ്തകത്തിൻെറ പേര്. അപ്പോൾ കലയെന്താണ്? കല കലതന്നെ. അല്ലെങ്കിൽ എന്തുമാകട്ടെ. അതിനെപ്പററി നോട്ടമില്ല. സാമാന്യജനങ്ങളാരാണ്? സാധാരണയായി നാമെല്ലാം അറിഞ്ഞുവച്ചിരിക്കുന്നതു്, ജീവിതസൗകര്യങ്ങൾ കൈയടക്കിയിരിക്കുന്ന ഒരു "ന്യൂനപക്ഷ"ത്തിൻെറ ബാക്കിയായ "ഭൂരിപക്ഷം" എന്നായിരിക്കും. ശരി; പക്ഷെ ഈ ഭൂരിപക്ഷവും കലയുമായുള്ള ബന്ധമെന്തു്? വലിയ കലാകാരന്മാർ പലരും ഈ സാമാന്യജനങ്ങളിൽ തന്നെയല്ലേ ഉണ്ടായിട്ടുള്ളതു്? ഗ്രന്ഥകാരൻ കുറേ പേജുകൾ തീരുംവരെ ഇങ്ങനെയൊരു സംശയത്തെപ്പററി ഒന്നും പറയുന്നില്ല. എന്നാൽ പെട്ടെന്നു ഒരു ഭൂതോദയമോ ബോധോദയമോ ഉണ്ടായതുപോലെ 50-ാം വശത്തു് അദ്ദേഹം പറയുന്നു കലയെന്തെന്നറിയാത്തവരാണ് സാമാന്യജനങ്ങളെന്ന്! ഇസ്തിക്കാരന് മറവുള്ളവർ മഹാരാജാക്കന്മാരായാലും വെറും സാമാന്യജങ്ങൾ തന്നെ. ദാശ്നികന്മാർക്ക് ചക്രവർത്തികൾപോലും വെറും സാമാന്യജനങ്ങൾ മാത്രം. "ഓരോ വിദ്യയിൽ സവിശേഷവൈദഗ്ദ്ധ്യം നേടിയവരെല്ലാം ബാക്കിയുള്ളവരെ സാമാന്യജനങ്ങളായി എണ്ണുന്നു" എന്നുള്ള തീർപ്പ് അസന്നിഗ്ദ്ധമായങ്ങനെയും.

ഇത്രയുംകൊണ്ടു് ഒരു കാര്യം തെളിഞ്ഞു. സാമ്പത്തികമണ്ഡലത്തിലെ സാമാന്യജനങ്ങളല്ല കലയിലെ സാമാന്യജനങ്ങൾ. ചക്രവർത്തിമാർ, മഹാരാജാക്കന്മാർ, പ്രഭുക്കന്മാർ എല്ലാവരും അതാ സാമാന്യജനങ്ങളായി മാറിയിരിക്കുന്നു! സാമാന്യജനങ്ങളെല്ലാം ഒററ മൂച്ചിന് കാശിനു കൊള്ളാത്ത ത്രിലോകവിഡ്ഢികളായും തീർന്നിരിക്കുന്നു! അത്രമാത്രമോ? ഗ്രന്ഥകർത്താവു് ആ വിഡ്ഢികളും കലയും തമ്മിലുള്ളതോ, ഉണ്ടായിരിക്കേണ്ടതോ ആയ ബന്ധത്തെപ്പററി അവരുടെ പക്ഷത്തിനുവേണ്ടി വാദിക്കാനാണ് ഈ ഗ്രന്ഥമെഴുതിയിരിക്കുന്നതു്. മഹാരാജാക്കന്മാർക്കും, ചക്രവർത്തിമാർക്കും ഇതിലേറെ നല്ല ഒരവസരം ഇതിനു മുൻപ് കിട്ടിയിട്ടില്ല, തീർച്ച!

എന്താണ് കലയും ഈ ചക്രവർത്തിമാരും തമ്മിലുള്ള ബന്ധം? അഥവാ, കലാകാരൻ ആർക്കുവേണ്ടി ജീവിക്കണം? ഗ്രന്ഥകർത്താവുതന്നെ പറയുന്നു:—"തർക്കമില്ല — സാമാന്യജനങ്ങൾക്കുവേണ്ടി." സാമാന്യജനങ്ങളോ? കലയെന്തന്നറിയാത്തവർ, കാശിനു കൊള്ളാത്തവർ, അഥവാ ചക്രവർത്തിമാർ, രാജാക്കന്മാർ, പ്രഭുക്കൾ മുതലായവർ! കലാകാരൻ ജീവിക്കേണ്ടതു് ഇവർക്കുവേണ്ടിയാണ്—!

പക്ഷേ ഗ്രന്ഥകർത്താവു് ഈ അഭിപ്രായത്തിൽ ചെന്നു ചാടിയതു വെറുതേയല്ല; തനിയേയുമല്ല. പല മഹാന്മാരും അദ്ദേഹത്തിൻെറ അഭിപ്രായം പ്രകടിപ്പിച്ചുകഴിഞ്ഞിരിക്കുന്നു—ടാൾസ്റ്റോയി, റൊളാങ്ങ്, ഗാന്ധി, വിററ്മാൻ എന്നിങ്ങനെ പലരും. സാങ്കേതികവും, സങ്കീർണ്ണവുമായ കല സാമാന്യക്കാർക്ക് പററിയതല്ല. അതിനാൽ അത്തരം കലകൾ പാടില്ല. ഇതാണ് ഇവരുടെയെല്ലാം അഭിപ്രായം. എങ്കിലും ഈ സാങ്കേതികസങ്കീർണ്ണകലകളുടെ കൂട്ടത്തിൽ കഥകളി ഉൾപ്പെട്ടമോ? അത്തരം കലാകാരന്മാരുടെ കൂട്ടത്തിൽ കലാമണ്ഡലം കൃഷ്ണൻനായർ, ചെങ്ങന്നൂർ, മാങ്കുളം മുതലായവരും ഉണ്ടായിരുന്നേയ്ക്കുമോ? ടാൾസ്റ്റോയിക്കും മററും ഇതൊന്നും അറിയേണ്ട ആവശ്യമില്ല. പക്ഷേ മലയാളിക്ക് അതറിയണം. ലോകകലാവിഭവത്തിലേയ്ക്കു് അവ

ന്റെ സംഭാവന, അതായത്, ലോകത്തിന് മികച്ച കേരളീയസംഭാവനയാണ് കഥകളി. അതിലേപ്പോലെ സാങ്കേതികത്വവും, സങ്കീർണ്ണതയും മറ്റൊന്നിലും കാണുകയുമില്ല.

എന്നല്ല, മേൽപ്പറഞ്ഞ സിദ്ധാന്തം കുറേക്കൂടി വികസിപ്പിച്ചാൽ കാശിനുകൊള്ളാത്ത വിഡ്ഢികൾക്കു വേണ്ടാത്തതൊന്നും ലോകത്തിൽ ശേഷിച്ചുകൂടെന്നു വരും. ഐൻസ്റ്റീന്റെ സകല സിദ്ധാന്തങ്ങളും നശിപ്പിക്കണം. വിമാനങ്ങൾ വേണ്ടേ, വേണ്ട! മലകയറ്റ ബൂഷ്വകളായ ടെൻസിംഗും മറ്റും മാത്രമല്ലാതെ സാധാരണക്കാരാരും കയറിയിട്ടില്ലാത്ത എവറസ്റ്റ് കൊടുമുടി തകർന്നുതന്നെ. ഇങ്ങനെ പിന്നെപ്പലതും ഗ്രന്ഥകർത്താവിന്റെ ലോകത്തിൽ കാണാതാകും. ചുരുക്കത്തിൽ അലക്സാൻഡ്രിയൻ ലൈബ്രറിക്കു പറ്റിയ ആപത്താണ് ആ ലോകത്തിലെ അനുഭവം. ഐൻസ്റ്റീനും എവറസ്റ്റും മറ്റും സാമാന്യജനങ്ങളുടെ ചവറ്റുകുട്ടയിൽ ഇല്ലെങ്കിൽ അക്കാരണംകൊണ്ടുതന്നെ അതൊന്നും ശേഷിക്കാൻ പാടില്ല. അതല്ല, ആ ചവറ്റുകുട്ടയിലുണ്ടോ? ഉണ്ടെങ്കിൽപിന്നെ ശേഷിക്കുന്നതുകൊണ്ടെന്തു ഫലം?

ഗ്രന്ഥകർത്താവിന്റെ ഇത്തരം നിർവചനങ്ങൾക്കും പ്രവചനങ്ങൾക്കും ഉദാഹരണങ്ങൾ ഗ്രന്ഥത്തിൽ ഒട്ടധികമുണ്ട്. എല്ലാം പുതിയവയും പുരോഗമനങ്ങളുംതന്നെ. പ്രതിഭയെന്നുവച്ചാൽ എന്തെന്നാണ് നാമൊക്കെ ധരിച്ചിരിക്കുന്നത്? അതെന്തായാലും ഗ്രന്ഥകർത്താവിന്റെ പ്രതിഭ അതൊന്നുമല്ല. "ഒരു പ്രത്യേക പ്രവണതയുടെ അതിക്രമണം......അങ്ങനെ ഒരു വശം മറ്റു പലവശങ്ങളെ വെട്ടിച്ചുരുക്കുമ്പോൾ അവന്റെ (പ്രതിഭാശാലിയുടെ) ജീവിതത്തിന്റെ താളം (ബാലൻസ്) കുഴപ്പത്തിലാകാതെ തരമില്ല. ഒരു കാലിനു നീളം കുറഞ്ഞാൽ മാത്രമല്ല; ഒരു കാലിനു നീളം കൂടിയാലും ആൾ നൊണ്ടിയായിപ്പോകും." അങ്ങനെ പ്രതിഭയും വളരെവേഗം നിർവചിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പ്രതിഭ എല്ലാ പ്രവണതകളേയും വളർത്തുന്നതാണെന്നു ധരിച്ചിട്ടുണ്ടെങ്കിൽ ആ ധാരണ ഉടൻ മാറ്റിയേക്കണം. ഒരു കാലിനു നീളം കൂടുമ്പോൾ മറ്റേ കാലിനു നീളം കുറയുകയെന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ലെന്നാണ് വിചാരമെങ്കിൽ അതും ഉടൻ തിരുത്തിക്കൊള്ളണം. ഇതിനുംപുറമേ, ബാലൻസു ഉണ്ടാക്കാനുള്ള എളുപ്പവഴി നീളം കൂടിയ കാൽ മുറിച്ചേച്ചുകതന്നെയാണെന്നുള്ളതിൽ സംശയിക്കാനുമില്ല. ഏതായാലും പ്രതിഭാശാലികൾ സൂക്ഷിക്കണം. എവറസ്റ്റിന്റെ പൊക്കവും, ശാന്തസമുദ്രത്തിന്റെ ആഴവും കുറച്ചാൽ, നൊണ്ടിയുടെ കാൽ മുറിച്ച ഫലമുണ്ടായാൽ തന്നെയും, ബാലൻസു കിട്ടും; താളം കിട്ടും. അപ്പോൾ താളം എന്നു പറയുന്നതിന്റെ നിർവചനവുമായി—വെറും സമനിരപ്പാണ് താളം! എന്താ, ഇതൊന്നും മനസ്സിലാകുന്നില്ലെന്നുണ്ടോ? എങ്കിൽ തീർച്ചയായും നിങ്ങളൊരു ബൂർഷ്വായാണ്; "പിൻതിരുപ്പ"നാണ്, തർക്കമില്ല.

എന്നാൽ ഈ മാതിരി നിർവചനങ്ങളുമായിറങ്ങുന്നവർ എഴുതാൻ ശീലിക്കുന്നതിനേക്കാൾ എഴുതാതിരിക്കാൻ ശീലിക്കുകയാണുവേണ്ടതെന്നു ചിലർക്കെങ്കിലും ഇടയ്ക്കിടെ തോന്നുന്നുണ്ടായിരിക്കണം. താളത്തിനുവേണ്ടി ഒരു താളവുമില്ലാത്ത ഒപ്പനിരപ്പു വരുത്തുന്ന ആ അവതാളമൊന്നാലോചിക്കുക. ഒരു കാലിനു നീളം കൂടിയാൽ താളം ഇല്ലാതാകുകയല്ല, വേറൊരു താളമുണ്ടാകുകയാണു ചെയ്യുന്നതെന്നു കാണാൻ വെറും "സാമാന്യജന"ങ്ങളൊഴിച്ചെല്ലാവർക്കും സാധിക്കും. അതുതന്നെയുമല്ല, കാലിന്റെ സമത്വത്തിലല്ല, ചലനക്രമത്തിലാണു താളമിരിക്കുന്നതെന്നു് അത്തരം സാമാന്യജനങ്ങൾക്കു മാത്രമേ അറിയാൻ പാടില്ലാതുള്ളുതാനും. ഇതിനെല്ലാം പുറമേ, താളവും ബാലൻസും ഒന്നാണെന്നുള്ള കണ്ടുപിടിത്തം ഒരു "ഭയങ്കര" പുരോഗമനമാണെന്നു പറയാതെ നിവൃത്തിയുമില്ല. ഇത്രയും തികഞ്ഞ കുഴപ്പം പലതും ഒരൊറ്റവാക്യത്തിൽ തന്നെ കാണണമെങ്കിൽ "കലയും സാമാന്യജനങ്ങളും" എന്ന ഈ ഗ്രന്ഥം തന്നെ വായിക്കണമെന്നു ശുപാർശ ചെയ്യാൻ മടിക്കേണ്ടതുമില്ല.

അധികമായതെല്ലാം ചെത്തിക്കളയാൻ ഉപദേശിക്കുന്ന ഈ പുസ്തകം കലയുടെയും കൊലപാതകത്തിനുതന്നെയാണോ പുറപ്പെട്ടിരിക്കുന്നതെന്നാണു് അടുത്ത സംശയം. സംശയിക്കാനൊന്നുമില്ല. ലക്ഷ്യം അതുതന്നെ. ഇതാനോക്കണം:– "അപ്പോൾ, കല ജനങ്ങൾക്കുവേണ്ടിയാണെങ്കിൽ ജനങ്ങളുടെ നിരയിൽനിന്നു ചിന്തകനേപ്പോലെ കലാകാരനു മുൻകയറി നിൽക്കുക സാദ്ധ്യമല്ലെങ്കിൽ, ചെയ്യേണ്ടതു് എന്താണു്? ബോധപൂർവകമായ യത്നം കൂടാതെ ആസ്വാദകരെ ആകർഷിക്കുകയും, സമ്പന്നമാക്കുകയും ചെയ്യുന്ന കലയാണു ഫലപ്രദവും തൻമൂലം ഉത്തമവുമായ കലയെന്ന തത്വം അംഗീകരിക്കുക; ബോധപൂർവമായ യത്നത്തെ കുറയ്ക്കാൻവേണ്ടി രൂപസങ്കീർണ്ണതയെ യഥാവശ്യം കുറയ്ക്കുകയും ചെയ്യുക."

അതെ: കോഹിനൂർ രത്നം സാമാന്യജനങ്ങൾക്കു കിട്ടുകയില്ലെങ്കിൽ അവക്കു് കിട്ടുന്ന കാക്കപ്പൊന്നുതന്നെയാണു ഏററവും ഫലപ്രദവും, തൻമൂലം ഉത്തമവുമായ രത്നമെന്നു എല്ലാവരുംകൂടിച്ചേർന്നു് പ്രമേയം പാസ്സാക്കി അംഗീകരിക്കുക. ഇങ്ങനെ ഒരിക്കൽ അംഗീകരിച്ചുകഴിഞ്ഞാൽപിന്നെ കേമം കാക്കപ്പൊന്നുതന്നെ; യാതൊരു തർക്കവുമില്ല.

ഇനി ഗ്രന്ഥകർത്താവിന്റെ സങ്കീർണ്ണതയെത്തന്നെ പരിശോധിക്കുക. സങ്കീർണ്ണതയ്ക്കു് ഉദാഹരണം ആശാന്റെ 'നളിനി' യാണു പോൽ! ഇതു കേൾക്കുമ്പോൾ വായനക്കാർ തലയിൽ കൈവച്ചു് ശിവ, ശിവ വിളിച്ചുപോകും. സങ്കീർണ്ണതയ്ക്കു ഏററവും നല്ല ഉദാഹരണം മഹാഭാരതമാണു്. സാമാന്യക്കാർക്കു് രസിക്കാൻ വയ്യാത്ത ഒന്നല്ല ആ ബൃഹത്ഗ്രന്ഥം. ചില ഭാഗങ്ങൾ പിടികിട്ടാതെ വരുമെങ്കിൽ അതിനു കാരണം സങ്കീർണ്ണതയല്ല. ഗഹനതത്വങ്ങളായിരിക്കണം. സങ്കീർണ്ണങ്ങളാണു് ലോകോത്തരകൃതികൾ പലതുമെങ്കിലും അതുകൊണ്ടു് അവ അല്പപ്രചാരങ്ങളായതായി കേട്ടിട്ടില്ല. കൃതി കേവലം സാങ്കേതികമോ, ഗഹനമോ ആണെങ്കിൽ പ്രചാരം കുറയാതെ ഗത്യന്തരവുമില്ല. മഹാഭാരതത്തിലെ ലഘുവായ ശാകുന്തളകഥയ്ക്കു്, ബാരീഡേൽ കീത്തു് പറയുംപോലെ, പാശ്ചാത്യലോകത്തെ കീഴടക്കാൻ കഴിഞ്ഞതു്, കാളിദാസൻ അതിനെ സങ്കീർണ്ണമാക്കിയതിനുശേഷമാണെന്നുള്ളതു് ഈ ഘട്ടത്തിൽ സ്മരണീയവുമായിരിക്കും.

കഥകൾ ഇങ്ങനെയൊക്കെയാണെങ്കിലും, ഗ്രന്ഥകർത്താവു് കുഴപ്പങ്ങൾക്കൊന്നിനും കുററക്കാരനല്ല. എന്തെന്നാൽ അദ്ദേഹം ഒരു സംഗതിയെക്കുറിച്ചു ഒരു പേജിൽ പറയുന്ന അഭിപ്രായം അതേ സംഗതിയേക്കുറിച്ചു മറെറാരു പേജിൽ പറയേണ്ടിവരുമ്പോൾ പാടേ മാറിപ്പോകുന്നുണ്ടു്. രണ്ടു് അഭിപ്രായത്തിലും അദ്ദേഹത്തിനു വിശേഷിച്ചു താല്പര്യമൊന്നുമില്ല താനും. ആ സ്ഥിതിക്കു് തെററിന്റെയും ശരിയുടേയും, യുക്തിയുടേയും യുക്ത്യാഭാസത്തിന്റേയും, എന്നല്ല, ഒന്നിന്റേയും ഉത്തരവാദിത്വം അദ്ദേഹത്തിൽ ആരോപിക്കാവുന്നതല്ലല്ലോ. കലാകാരനു് ചിന്തകനേപ്പോലെ സമൂഹത്തിന്റെ അഥവാ സമഷ്ടിയുടെ മുന്നിൽ കടന്നു നിൽക്കാൻ അവകാശമില്ലെന്നാണു് ഒരിക്കൽ പറയുക. അടുത്ത നിമിഷത്തിൽ പറയുന്നതു് കലാകാരൻ ഒന്നാംതരം ചിന്തകനാണെന്നായിരിക്കും. പാവപ്പെട്ട വായനക്കാരൻ കറങ്ങും; കറങ്ങാതെ യാതൊരു ഗതിയുമില്ല. കലാകാരനു് മുൻകയറി നിൽക്കാൻ സാദ്ധ്യമല്ലെന്നു 35–ാം പേജിൽ പറഞ്ഞുവച്ചതു് അറിയാതെ വിശ്വസിച്ചുകൊണ്ടു്, ഒടുവിലത്തെ പേജുകൾ എങ്ങനെയിരിക്കുന്നു എന്നറിയാനുള്ള കൗതുകംകൊണ്ടു മറിച്ചുനോക്കിയപ്പോൾ (പേ. 105) കാണാം:–"സാഹിത്യം എപ്പോഴും സമുദായത്തിന്റെ മുന്നോടിയായി ചലിച്ചുകൊണ്ടിരുന്നാലേ പററൂ" എന്നു്. പോരേ! അപ്പോൾ സാഹിത്യം മുന്നിലും (സാഹിത്യ) കലാകാരൻ സമുദായത്തിന്റെ ഇടയ്ക്കോ നടുക്കോ എവിടെയെങ്കിലും തോന്നിയെടത്തു ! മുന്നിൽ കയറി നിന്നുകൂടെന്നു മാത്രം. മുന്നോട്ടും പിന്നോട്ടുമുള്ള ഇത്തരം ചാട്ടങ്ങൾ ഒന്നുരണ്ടല്ല അനേകമാണു് ഈ ഗ്രന്ഥത്തിൽ.

എങ്കിലും ഒരു സത്യം ഈ വൻപിച്ച ആശയക്കുഴപ്പത്തിൽ ചിലപ്പോൾ കാണ്മാനുണ്ടു്. സമു

ദായം സാഹിത്യകാരനെ മുന്നോട്ടു നയിക്കുന്നു എന്നാണു് മേലുദ്ധരിച്ച വാക്യത്തിന്റെ സാരമെന്നു തോന്നുന്നു. ആ സാധുവിനെ മുന്നോട്ടു തള്ളിക്കയററാനുള്ള പ്രാഗത്ഭ്യം സമുദായത്തിനുണ്ടെങ്കിൽ അയാളുടെ സഹായമൊന്നും കൂടാതെ അതിനങ്ങു പുരോഗമിച്ചുകൂടെ? അതൊന്നും നടപ്പില്ല. മോട്ടാർകാർ, ഡ്രൈവറെ പിടിച്ചു അല്പം മുൻപിലിരുത്തുന്നു; ഡ്രൈവർ കാറിനെ മുന്നോട്ടോടിക്കുന്നു, എന്നാണു സിദ്ധാന്തം!. സിദ്ധാന്തത്തിൽ തെററുപററാൻ പാടില്ലതാനും. പക്ഷെ ഡ്രൈവന്മാർക്കു് ഈ ബുദ്ധിമോശം അംഗീകരിക്കാൻ സാധിക്കയില്ല. ഉടനെ കേൾക്കാം ഒരു മറുചോദ്യം—സമുദായം സജീവവും മോട്ടാർകാർ നിർജ്ജീവവുമാകയാൽ ആ യുക്തി പററുമോ? ചോദ്യം എങ്ങനെയായാലും കാര്യം പററുന്നതായിട്ടാണു കണ്ടിട്ടുള്ളതു്. ഏതു സമൂഹവും ഒരു ഗുരു, ഒരു കവി, ഒരു നേതാവു് എന്നിവരിൽ ആരെങ്കിലും വരുമ്പോൾ നിർജ്ജീവയന്ത്രങ്ങളെപ്പോലെ വിട്ടുന്നവഴിക്കു പോകുകയാണു പതിവു്. യന്ത്രം ചിലപ്പോൾ മാവിൽ ചാടിക്കയറി ഡ്രൈവറെ കൊന്നെന്നു വരാം. പക്ഷേ അതു് അതിന്റെ സജീവത്വത്തിന്റെ ലക്ഷണമായി ആരും വ്യാഖ്യാനിക്കാറില്ലല്ലോ. സമൂഹത്തിന്റെ നിർജ്ജീവത്വം, പട്ടാളത്തിൽ, കൂടുതൽ പ്രകടമായിക്കാണുമെന്നുള്ളതു് ഇവിടെ അനുചിന്ത്യവുമായിരിക്കും.

കലാകാരൻ സമുദായത്തിനുവേണ്ടി ജീവിക്കണമെന്നു ടാൾസ്റ്റായി തുടങ്ങിയവർ പറയുന്നതിനു്, സമുദായത്തെ നേർവഴിക്കു് നയിക്കാൻ വേണ്ടി കലാകാരൻ ജീവിക്കണമെന്നല്ല അർത്ഥമെങ്കിൽ, പിന്നെ അതിനു പറയത്തക്ക അർത്ഥമൊന്നും കല്പിക്കാനില്ല. പക്ഷെ അദ്ദേഹംപോലും അങ്ങനെയൊരർത്ഥം അതിനു വിശേഷിച്ചു കല്പിച്ചതായി തോന്നുന്നില്ല. സാധാരണ കല്പിച്ചുവരുന്ന അർത്ഥമാണു് അതിനുള്ളതെങ്കിൽ ചില സംശയങ്ങൾ പിന്നെയും ഉത്ഭവിക്കുകതന്നെ ചെയ്യും.

വാല്മീകിയുടെ മുൻപിൽ ബ്രഹ്മാവു് പ്രത്യക്ഷനായി കവിതയെഴുതാൻ പറഞ്ഞു. ഗ്രീക്കു് നാടകകവിയായ എയ്സ്കിലസ്സിന്റെ മുൻപിൽ അവിടത്തെ ഡയൊണീസസ് ദേവൻ പ്രത്യക്ഷനായി നാടകമെഴുതാൻ പറഞ്ഞു. കാളിദാസനു കാളിയുടെ അനുഗ്രഹമാണു കിട്ടിയതു്. ഇതെല്ലാം പഴയ ഗ്രന്ഥങ്ങളുടെ കള്ളക്കഥകളാകയാൽ നമുക്കാർക്കും വിശ്വസിക്കാൻ സാധിക്കയില്ല. പക്ഷെ വേറെ ചില കള്ളക്കഥകൾ വിശ്വസിക്കേണ്ടതായിത്തന്നെ, അഥവാ, അവിശ്വസിക്കേണ്ട ആവശ്യമില്ലാത്ത നിലയിൽ തള്ളിക്കയറിവരുന്നു. യാജ്ഞവൽക്യനു് ഉറക്കത്തിൽ ഒരു ശിവപഞ്ജരസ്തോത്രം നിർമ്മിക്കാൻ സാധിച്ചു. വാല്മീകിയിൽ നിന്നു് ഒരു ശ്ലോകം ആരുമറിയാതെ, അദ്ദേഹംപോലും അറിയാതെ, വെളിക്കുചാടി. കോൾറിഡ്ജ് എന്ന ആംഗലകവി, യാജ്ഞവൽക്യനേപ്പോലെ, ഉറക്കത്തിൽ "കുബ്ലൈഖാൻ" എന്ന കൃതി രചിച്ചു. മററാരെ അവിശ്വസിച്ചാലും കോൾറിഡ്ജിനെ അവിശ്വസിക്കാൻ ആർക്കാണു ധൈര്യം? ഇവിടത്തെ കഥ അതല്ല. കോൾറിഡ്ജെങ്കിലും ഉറക്കത്തിൽ കാവ്യനിർമ്മാണത്തിനു പുറപ്പെട്ടെങ്കിൽ ആ സന്ദർഭത്തിൽ അദ്ദേഹം ഏതു സമുദായത്തിനു വേണ്ടി ജീവിച്ചു? ഏതു സമുദായത്തിന്റെ തള്ളലേററിട്ടാണു് അദ്ദേഹം കവിത എഴുതിയതു്? വാല്മീകിയുടെ ആദ്യശ്ലോകം, എയ്സ്കിലസ് തുടങ്ങിയവരുടെ വരലാഭം ഇതൊക്കെ കാര്യത്തിൽ ഒരേ പ്രചോദനത്തെയാണു കാണിക്കുന്നതു്. പക്ഷേ അതിലൊന്നും സമുദായത്തിന്റെ പ്രചോദനമോ, ഇന്നത്തെ പ്രലോഭനമോ തീർച്ചയായുമില്ല; ഉണ്ടെന്നു സ്ഥാപിക്കാൻ പാങ്ങുമില്ല.

സംഗീതത്തെക്കുറിച്ചും ഗ്രന്ഥകർത്താവിനു ധാരാളം പറയാനുണ്ടെന്നു തോന്നുന്നു— വിശേഷിച്ചു ക്ലാസിക്കൽ സംഗീതത്തെപ്പററി. ക്ലാസിക്കൽ സാഹിത്യം മേൽവിവരിച്ച മട്ടിലൊക്കെ പുരോഗമനത്തിനു കീഴടങ്ങിക്കഴിഞ്ഞിട്ടും ക്ലാസിക്കൽ സംഗീതക്കോട്ടെ കീഴടങ്ങിയിട്ടില്ലെന്നാണു് പുസ്തകത്തിലെ പരാതി. സെയിൻവ്ബോവിന്റെ നിർവചനമനുസരിച്ചു്, ഹൃദയോൽക്കർഷം നൽകുന്നതാണു് ക്ലാസിസിസം. പക്ഷേ

സാമാന്യജനങ്ങൾക്ക് അതിന്റെ ആവശ്യമില്ലത്രേ. ഇവിടെയും സാമാന്യജനങ്ങൾ പണക്കാരല്ലാത്തവരല്ല, ബോധമില്ലാത്തവരാണെന്നോർക്കണം. പക്ഷേ, നിർവചനം അതാണെങ്കിലും സാമാന്യക്കാരെന്നു പറയുമ്പോഴൊക്കെ പണമില്ലാത്തവരെന്നു മാത്രമേ ഗ്രന്ഥകർത്താവു വിവക്ഷിക്കുന്നുള്ളു. പണമില്ലാത്തവരെല്ലാം കലയിൽ ബോധമില്ലാത്തവരോ ക്ലാസിക്കൽ കലകളെ വെറുക്കുന്നവരോ അല്ലെന്ന് നിരന്തരമായ ആശയക്കുഴപ്പത്തിനിടയിൽ അദ്ദേഹം വിസ്മരിച്ചു കളയുന്നു എന്നേയുള്ളു.

ഹൃദയോൽക്കർഷം നൽകുന്ന കാര്യത്തിൽ ഗോവിന്ദമാരാർ, വടിവേലു, ത്യാഗരാജൻ, ടാൻസൻ (ധനസേനൻ) എന്നിവർ അദ്വിതീയന്മാരായിരുന്നു. ഇവരെല്ലാം ക്ലാസിക്കൽ സംഗീതജ്ഞന്മാരുമായിരുന്നു. എല്ലാവരും പാവങ്ങൾതന്നെ. ത്യാഗരാജനൊഴിച്ചു ബാക്കിയെല്ലാവരും അവരുടെ നൈപുണ്യം മൂലം രാജാവിനെയോ ചക്രവർത്തിയെയോ തൃപ്തിപ്പെടുത്തിയെന്നല്ലാതെ മറ്റു തെറ്റൊന്നും ചെയ്തില്ല. സ്വാതിതിരുനാളും, അക്ബറും സംഗീതകലയെ പ്രോത്സാഹിപ്പിച്ചു എന്നൊരു തെറ്റ് അവരുടെ പേരിലുമുണ്ടു്. ഇതു് ഫ്യൂഡലിസമാണെന്നത്രേ ഗ്രന്ഥകർത്താവു മനസ്സിലാക്കിയിരിക്കുന്നതു്. ലെനിനുമായുള്ള ഒരു കൂടിക്കാഴ്ചയ്ക്കുശേഷം എച്ച്. ജി. വെൽസു പറഞ്ഞു, അയർലൻഡിൽ ഉണ്ടായ മതലഹളപോലും തൊഴിലാളി മുതലാളി സമരമായിട്ടാണ് റഷ്യൻനേതാക്കന്മാരുടെ കൂട്ടത്തിൽ ബുദ്ധികൂടിയ ലെനിൻപോലും കണ്ടതെന്ന്. ഏതായാലും സ്വാതിതിരുനാൾ, കലയെ പ്രോത്സാഹിപ്പിച്ചതു ഫ്യൂഡലിസമാണെങ്കിൽ അദ്ദേഹം ഇവിടെ ഇംഗ്ലീഷ് വിദ്യാഭ്യാസം ഏർപ്പെടുത്തിയതും മറ്റൊന്നായിരിക്കാനിടയില്ല. ക്ലാസിക്കൽ കലകളെല്ലാം തൊഴിലില്ലാത്ത രാജാക്കന്മാരുടേയും മറ്റും അന്തഃപുരവസ്തുക്കളായിപ്പോയതുകൊണ്ടാണ് അവ സാങ്കേതികങ്ങളായി ജനങ്ങളിൽ നിന്നകന്നുപോയതെന്നു മറ്റു ചില നേരമ്പോക്കുകളും ഗ്രന്ഥകർത്താവു് കണ്ടുപിടിച്ചിരിക്കുന്നു. അപ്പോൾ, രാവിലെ കുളിക്കുന്നതു് ഫ്യൂഡലിസം; ഉച്ചയ്ക്കു ഉറങ്ങുന്നതു് അന്തഃപുരയിസം; മനുഷ്യനെപ്പോലെ ചിന്തിക്കുന്നതു് പിൻതിരിപ്പനിസവും! അങ്ങനെ മൂന്ന് ഇസം. ലോകവും ജീവിതവുമെല്ലാം അതിലായിക്കഴിഞ്ഞു എന്നു കൂടി വായനക്കാർ ഓർത്തുകൊള്ളണം.

ക്ലാസിക്കൽ സംഗീതത്തിലെ സങ്കീർണ്ണവും, സാങ്കേതികവുമായ നാദക്രമവൽക്കരണങ്ങളെല്ലാം ചില കസർത്തുകളാണെന്നാണ് ഗ്രന്ഥകർത്താവു പറയുന്നതു്. പണ്ടു് കേരളവർമ്മ കോയിത്തമ്പുരാന്റെ പള്ളിക്കെട്ടിനു ഒരു തകിൽക്കാരൻ അദ്ദേഹത്തോടൊരു വാതുകെട്ടി—തകിലിൽ ഒരടി അടിക്കുമ്പോൾ മുകളിൽ തൂങ്ങുന്ന ശരറാന്തൽ പൊട്ടിത്താഴെ വീഴുമെന്ന്. പറഞ്ഞതുപോലെ തകിലിലെ ഒറ്റയടികൊണ്ടു് ശരറാന്തൽ പൊട്ടിവീഴുകയും ചെയ്തു. നാദത്തെ ക്രമവൽക്കരിച്ചു സ്പന്ദിപ്പിക്കുമ്പോൾ എന്തെല്ലാം അത്ഭുതങ്ങൾ സാധിക്കാമെന്നുള്ളതിനു് ഉദാഹരണങ്ങൾ നിരവധികളാണു്. വടിവേലു ഭൂപാളരാഗക്കസർത്തു കാണിച്ചപ്പോഴാണു് നട്ടുച്ചയ്ക്കു് സ്വാതിതിരുനാളിനു കുളിരു തോന്നിയതു്. ഗോവിന്ദമാരാരുടെ നാദക്കസർത്തുകൾ കേട്ടപ്പോൾ ആദ്യം തിരുമനസ്സിലെ ക്ഷണം നിരസിച്ച ത്യാഗരാജൻ മാരാരുടെ കൂടെത്തന്നെ മഹാരാജാവിനെ കാണാൻ തിരുവനന്തപുരത്തേക്കു പുറപ്പെട്ടു. ഇവിടെയെത്തുന്നതിനു മുൻപു തിരുമനസ്സുകൊണ്ടു നാടു നീങ്ങിയതിനാൽ അവർ തമ്മിൽ കാണാൻ തരപ്പെട്ടില്ലെന്നു മാത്രം.

ടാൻസൻ പാട്ടുപാടി കാട്ടുമൃഗങ്ങളെ ആകർഷിക്കുമായിരുന്നുപോൽ. പുന്നാഗവരാളി വിസ്തരിച്ചു് പാമ്പിനെ വരുത്തിയ ആളാണത്രേ വടിവേലു. നാദസ്പന്ദനത്തെ ചില പ്രത്യേക രീതികളിൽ ക്രമപ്പെടുത്തിയാൽ ടാറന്റുലാ മുതലായവയുടെ വിഷത്തിനും, മറ്റു ചില രോഗങ്ങൾക്കും ഔഷധമാകുമെന്ന് ഒരു ഇറ്റാലിയൻ സംഗീതജ്ഞൻ 17-ാം നൂറ്റാണ്ടിൽതന്നെ തെളിയിച്ചു. ഇതൊക്കെ ക്ലാസിക്കൽ സംഗീതത്തിന്റെ സിദ്ധികളാണ്; പുരോഗമകസംഗീതത്തിന്റേതല്ല. ആ സംഗീതം മൃഗങ്ങളെ ആകർഷിക്കുന്ന

തിനു പകരം ഓടിച്ചുകളയുകയോ കൊല്ലുകയോ ചെയ്യേക്കാം.

വാൽമീകി ഒരു കാട്ടാളനായിരുന്നു. രാമൻ അയോദ്ധ്യയിലുള്ളപ്പോൾ പോലും മഹർഷി വാല്മീകി കൊട്ടാരത്തിലെങ്ങും താമസമാക്കിയുമില്ല. കാട്ടിലെ പർണ്ണശാലയിൽ ജീവിക്കുമ്പോൾ അദ്ദേഹത്തിൻെറ ഒരു പ്രധാന തൊഴിൽ ഒരു വിശേഷാത്തര മഹാകാവ്യം രചിക്കുകയായിരുന്നു. രാമൻ തന്നെ ഏറെക്കാലം കഴിഞ്ഞുകൂടിയതും, അദ്ദേഹത്തിൻെറ പുത്രന്മാർ വളന്നതും കാട്ടിൽതന്നെ. അന്തഃപുരങ്ങളിൽ നിന്നെല്ലാം വളരെ അകന്ന മുനിമാരുടെ പരിലാളനയിൽ പ്രാചീനകലകളും, ശാസ്ത്രങ്ങളും ഒട്ടേറെ തഴച്ചു വളന്നു. മുനിവാടങ്ങളിലും ഗുരുകുലങ്ങളിലും കൂടിത്തന്നെ അവ പ്രചരിക്കുകയും നിലനില്ക്കുകയും ചെയ്തു. ഇനി രാജാക്കന്മാരുടെ കഥയോ? അനേകം യുദ്ധങ്ങളിൽ ഏപ്പെട്ടുകയും, ജനക്ഷേമത്തിനു വേണ്ടി വിശ്രമം കൂടാതെ പ്രയത്നിക്കയും ചെയ്ത രാജാക്കന്മാർ തന്നെയാണ് തൊഴിലില്ലാത്ത രാജക്കന്മാരേക്കാൾ കൂടുതലായി കലകളെയും പ്രോത്സാഹിപ്പിച്ചതു്. അക്ബർ, ഷാർലിമെയിൻ, അലക്സാൻഡർ തുടങ്ങിയവർ ഉദാഹരണങ്ങൾ.

ഇത്തരം എഴുത്തു് ഒരു പ്രചാരവേലയുടെ അംശമാണെന്നു എല്ലാവരും സമ്മതിച്ചുകഴിഞ്ഞു. പ്രചാരവേലയിൽ തന്നെ ഒരു പ്രധാന ഘടകം മററാരോ ചൊല്ലിക്കൊടുക്കുന്ന മുദ്രാവാക്യം സങ്കേതപദം മുതലായവ അത്ഥഗ്രഹണം കൂടാതെ ചെവിത്തഴമ്പുകൊണ്ടുമാത്രം വശമാക്കി കണ്ടേടത്തെല്ലാം തട്ടിവിടുകയെന്നുള്ളതാണു താനും. അതുകൊണ്ടെന്തുപററി? കോഹിനൂർ മോശം. ഉത്തമരത്നം വെട്ടുകല്ലുതന്നെ. കലയിൽ, സമഷ്ടിയുടെ മുൻപിലോ ഇടയ്ക്കോ നിൽക്കേണ്ടതെന്നു തിട്ടമില്ലാത്ത കലാകാരൻ മാത്രം അല്പം ബോധപൂർവ്വം വല്ലതും എഴുതണം. കലാകാരൻെറ സ്ഥാനം നിർണ്ണയിക്കേണ്ട സാമാന്യ ജനങ്ങൾ യാതൊരു ബോധവുമില്ലാതെ അതെല്ലാം ആസ്വദിച്ചുകൊള്ളുകയും വേണം. ഒരു വേള, ബോധമുള്ളവരുടെയിടയിൽ ഈ ജാതി കലയ്ക്കു് നിൽക്കക്കള്ളിയില്ലെന്നായിരിക്കാം വിവക്ഷ. അങ്ങനെയാണെങ്കിൽ കാര്യം വളരെ ഭംഗിയായെന്നു തന്നെ പറയണം. എങ്കിലും ഇസത്തിൻെറ മഷിക്കണ്ണട മാററാതെ ഒന്നും കാണാൻ സാധിക്കയില്ലെന്നറിയുന്നതു് നന്നായിരിക്കുമെന്നു് സൂചിപ്പിക്കാൻ തോന്നിപ്പോകുന്നു.

ആകപ്പാടെ ഈ ഗ്രന്ഥം കാടെന്നു പറഞ്ഞാൽ പോരാ, കൊട്ടംകാടെന്നു തന്നെ പറയണം. ആശയക്കുഴപ്പമല്ലാതൊന്നും ഇതിൽ കാണ്മാനില്ല. അർദ്ധസത്യങ്ങളും, അബദ്ധങ്ങളുമങ്ങനെ. ഏകാഗ്രചിന്ത കൂടാതെ എഴുതിയിരിക്കുന്നതിനാൽ വായനക്കാരെ മുഷിപ്പിക്കാൻ ഇതിനു ധാരാളം കഴിയും. സാമാന്യജനങ്ങളുടെ കഴിവനുസരിച്ചു് കലയെ ചെത്തിക്കുറയ്ക്കുക; അല്ലെങ്കിൽ അവരുടെ ദഹനശക്തിക്കു പററിയ രീതിയിൽ ധാരാളം പച്ചവെള്ളം ചേത്തു കാച്ചിയേക്കുക— ഇതാണു് ഇതിലെ മഹനീയ സന്ദേശം. സാമാന്യക്കാർക്കു് വിമാനത്തിലേറാൻ നിർവാഹമില്ലെങ്കിൽ വിമാനം തറയിൽതന്നെ ഓടിക്കുക; അല്ലെങ്കിൽ സകല വിമാനവും ബസ്സാക്കി മാററുക. ഇതിലധികം പുനരെന്തൊരു കുതുകം!

പി. ദാമോദരൻപിള്ള.

---

### * വനസംഗീതം
### * കുടിലുകളുടെ ഉത്സവം

ഉയൻവരുന്ന ഒരു യുവകവിയുടെ രണ്ടു കവിതാസമാഹാരങ്ങളാണു് 'വനസംഗീത'വും, 'കുടിലുകളുടെ ഉത്സവ'വും. ചങ്ങമ്പുഴയ്ക്കുശേഷം മലയാളകവിത വീണ്ടുമൊരു പരിവത്തനത്തിൻെറ വക്കിൽനിൽക്കുകയാണു്. പ്രേമഗാനങ്ങൾ ഹൃദയത്തിൻെറ വിരപ്പായി വ്യാഖ്യാനിക്കപ്പെട്ടുകയും അധിക്ഷേപിക്കപ്പെട്ടുകയും ചങ്ങമ്പുഴയുടെ ജീവിതകാലത്തുതന്നെ സംഭവിച്ചുകഴിഞ്ഞിരുന്നു. അതിൽപിന്നെ വളരെ ധൈര്യമുള്ളവക്കു

---

* കവി: സി. ജെ. മണ്ണുമ്മൂട്ടു്. പ്രസാ: സാഹിത്യനിലയം, കലൂർ. എറണാകുളം.

മാത്രമേ ആ വിഷയത്തെക്കുറിച്ചു് മിണ്ടാൻ കഴിഞ്ഞിട്ടുള്ളൂ. ശേഷിച്ച വിഷയം തൊഴിലാളിയുടെ മുന്നേററമാണു്. അതിനെപ്പററി കുറേനാൾ ആവേശത്തോടെ പലരും കവിതയെഴുതി. പക്ഷേ വിചാരിച്ചതിലേറെ എളുപ്പത്തിൽ ആ ആവേശം ഉറഞ്ഞുപോയി. എന്നു മാത്രമല്ല, ആവേശവും കവിതയും തമ്മിലുള്ള ബന്ധപ്പാച്ചിലിൽ ... ത്തിൽ കവിത കമന്നുവീണു് മണ്ണു കപ്പുകയും ആവേശം ആ സാധുവിൻെറ പുറത്തുകയറി ക്ഷതങ്ങളേല്പിക്കുകയും ആണു് പലപ്പോഴും സംഭവിച്ചതു്. അങ്ങനെ കവിത ഒന്നു പകച്ചുനില്ക്കുന്ന സന്ദർഭത്തിലാണു് കവിതയുടെ ക്രമ്പടഞ്ഞു എന്നു് ചില നല്ല മനുഷ്യർ പറഞ്ഞുപോയതു് ഉടൻതന്നെ കവികൾ അവരുടെ പിടലിക്കു ചാടിവീണു. പക്ഷേ ആ ചാടിവീണ കവികൾക്കുതന്നെ കുറച്ചുകൂടി ഇരുന്നാലോചിച്ചപ്പോൾ കാര്യം ശരിയാണെന്നും കാലൊന്നു മാററിച്ചവുട്ടണമെന്നും ബോദ്ധ്യമായി.

ഇന്നു വലിയ ആവേശമൊന്നും കാണാനില്ല. ഗ്രാമീണജീവിതത്തിൻെറ സാരാംശങ്ങളെ സഹാനുഭൂതിയോടെ ചിത്രീകരിക്കാനുള്ള ഉദ്യമത്തിലാണു് ഇപ്പോഴത്തെ പല മുന്തിയ കവികളും ഏർപ്പെട്ടിരിക്കുന്നതു്. പഴയ വടക്കൻ പാട്ടുകളിലെ വരികൾ തന്നെയാണോ എന്നു നമുക്കു പലപ്പോഴും സംശയം തോന്നും, ചില വടക്കൻ കവികളുടെ ഈയിടത്തെ കൃതികൾ വായിക്കുമ്പോൾ.

"അവിടന്നും മെല്ലെ നടന്നാനുണ്ണി
പറയൻെറ മണ്ടകം കണ്ടാനിണ്ണി"
ഇടശ്ശേരി—പൂതപ്പാട്ടു്)

ഒളപ്പമണ്ണയുടെ "ഒരു പാഞ്ചാലിയുടെ മരണം" അക്കിത്തത്തിൻെറ ഒററപ്പാലം പരിഷത്തിലെ കവിത (പേരോർക്കുന്നില്ല) ഇവയെല്ലാം ഈ വടക്കൻ പാട്ടു ശൈലിയാണു്. സോഷ്യലിസ്റ്റ് റിയലിസത്തിൽനിന്നു് സോഷ്യലിസം പോയിട്ടു റിയലിസം മാത്രം വീണ്ടും ശേഷിച്ചിരിക്കുന്നു എന്നാണു് ഇതിൻെറ അർത്ഥം.

ശ്രീ മണ്ണുംമൂടിൻെറ ഖണ്ഡകൃതികളും ഏതാണ്ടു് ഈമാതിരിയൊക്കെത്തന്നെ. നാടൻ ഇതിവൃത്തങ്ങളും നാടൻ ശൈലികളും ഇവയിൽ സുലഭമാണു്. കൊയ്ത്തു കഴിഞ്ഞ പാടങ്ങളിൽ സോല്ലാസം കൂത്താടുന്ന കന്നുകാലികൾ, മാവിൻ ചുവട്ടിൽ തിരുവാതിരപ്പാട്ടും പാടി വട്ടമിട്ടാടിക്കളിക്കുന്ന മധുരാംഗനകൾ, മാമ്പഴം പൊഴിയുന്ന മീനമാസത്തിൽ അണ്ണാക്കണ്ണൻെറ പിമ്പേ പായുന്ന കിടാങ്ങൾ, ഇങ്ങനെ നിരവധി ചിത്രങ്ങൾ ഇവിടെയുണ്ടു്.

ഒരുദാഹരണം മാത്രം ഇവിടെ കാണിക്കാം:—

"മേഘക്കുട്ടികളാകും പയ്യുകൾ
മാനത്തെങ്ങുമുലാത്തുമ്പോൾ
അരുമയെഴുന്നോരപ്പൂൽത്തകടിയി–
ലണയും പയ്യുകൾ സാമോദം
തല കുലുക്കിത്താടകളാട്ടി–
ത്തമ്മിൽക്കുത്തിക്കൂത്താടി"

ഗ്രാമസൗന്ദര്യത്തിൻെറ ഇമ്മാതിരി വർണ്ണനകൾ നല്ലതുതന്നെ. പക്ഷേ യാഥാർത്ഥ്യത്തിൻെറ അഗാധതയിലേയ്ക്കു ചെല്ലാൻ കവിയുടെ ദൃഷ്ടിക്കു കഴിവുപോരാ. ഓണമൊരുക്കൽ (കുടിലുകളുടെ ഉത്സവം) ഓണക്കാഴ്ച (വനസംഗീതം) ഇങ്ങനെ രണ്ടു കവിതകൾ ഈ കൃതികളിലുണ്ടു്. രണ്ടും ദരിദ്രജീവിതത്തിൻെറ ചിത്രങ്ങളാണു്. പക്ഷേ ഉപരിപ്ലവമായ സമീക്ഷണംകൊണ്ടും അനുകരണവാസനകൊണ്ടും ആ രണ്ടു കവിതകളും കുറിക്കു കൊള്ളുന്നില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ജി. ശങ്കരക്കുറുപ്പു് അവതാരികയിൽ ഇതു സൂചിപ്പിച്ചിട്ടുണ്ടു് "ചങ്ങമ്പുഴയുടെ വാഴക്കുലയെ അറിഞ്ഞോ അറിയാതെയോ അനുകരിക്കുന്ന ഓണക്കാഴ്ച....വാഴക്കുലയ്ക്കു പകരം മത്തങ്ങയാണു് എന്നേയുള്ളൂ" ഇങ്ങനെ സാധനം മാത്രം മാറിയാൽ പുതിയ കവിതയാകുകയില്ലല്ലോ. ചുരുക്കത്തിൽ, കേട്ട ശബ്ദങ്ങൾ തന്നെ വീണ്ടും വീണ്ടും കേൾക്കുകയാണെന്ന തോന്നൽ ശ്രീ മണ്ണുമ്മൂടു് നമ്മിൽ ഉളവാക്കുന്നു. അദ്ദേഹത്തിനു് സ്വന്ത

മായി വല്ലതും പറയാനുണ്ടെങ്കിൽ അതു കേൾക്കാൻ നമുക്കാഗ്രഹമുണ്ടു്.

എസ്. ഗുപ്തൻനായർ.

---

## പ്രാചീന കേരളലിപികൾ

ഗ്രന്ഥകർത്താ:- വൈദ്യശാസ്ത്രനിപുണൻ
ഡാക്ടർ എൽ. എ. രവിവർമ്മ

പ്രസാധകർ:- കൊച്ചി മലയാളഭാഷാ പരിഷ്കരണ-ക്കമ്മിററി. വില. 3. ക.

മലയാണ്മയുടെ സൂക്ഷ്മവും വിശദവുമായ ചരിത്രം മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്ന ജിജ്ഞാസുക്കൾക്കു പ്രാചീനകേരള ലിപികളെക്കുറിച്ചുള്ള പഠനം അപരിത്യാജ്യമാണെന്നുള്ളതിനു സംശയമില്ല. ഇതിലേയ്ക്കു സവിശേഷം ഉപകരിക്കുന്ന ഒരു പ്രഥമപാഠ ഗ്രന്ഥമാണു് പ്രസിദ്ധപണ്ഡിതനും ഗവേഷകനുമായ വൈദ്യശാസ്ത്രനിപുണൻ ഡാക്ടർ എൽ. എ. രവിവർമ്മ തയ്യാറാക്കിയിട്ടുള്ള പ്രാചീനകേരള ലിപികൾ. ഭാഷാമൂല്യവും സാഹിത്യപ്രാധാന്യവുമുള്ള ഇത്തരം ഗ്രന്ഥങ്ങൾ പ്രകാശിപ്പിക്കുന്ന കൊച്ചി ഭാഷാ പരിഷ്ക്കരണക്കമ്മിററി ഏററവും വിലയേറിയ സേവനമാണു് നിർവ്വഹിക്കുന്നതു്.

കേരളലിപികളുടെ ചരിത്രം സംഗ്രഹ രൂപത്തിൽ വിശദീകരിച്ചിട്ടുള്ള വിജ്ഞേയമായ ഒരു പ്രവേശികയും, സുപ്രസിദ്ധ വിദ്വാനായ സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ അവർകളുടെ ബഹുമൂല്യമായ ആമുഖവും ഈ ഗ്രന്ഥത്തിന്റെ ശിരോഭൂഷണങ്ങളാണു്. ഭാഷാപണ്ഡിതന്മാർക്കും ചരിത്ര പഠിതാക്കൾക്കും അത്യന്തം പ്രയോജനകരമായ പല വസ്തുതകളും ഈ രണ്ടു പ്രബന്ധങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്.

കേരളത്തിന്റെ പ്രാചീന സമ്പത്തുകളായ താളിയോല ഗ്രന്ഥങ്ങൾ, ശിലാശാസനങ്ങൾ, ചെമ്പുപട്ടയങ്ങൾ, ക്ഷേത്രരേഖകൾ മുതലായവ ശരിയായി വായിച്ചു കാര്യം ഗ്രഹിക്കാൻ കഴിവുള്ളവർ കൈവിരലിലെണ്ണാൻ മാത്രമായി കലാശിച്ചിരിക്കുന്ന ഇക്കാലത്തു് ഈ വിധത്തിലുള്ള ഒരു ലിപി വിവരണഗ്രന്ഥം നമ്മുടെ ഭാഷയെ സംബന്ധിച്ചേടത്തോളം ഒരനുഗ്രഹം തന്നെയാണു്.

വെട്ടെഴുത്തു്, കോലെഴുത്തു്, മലയാണ്മ എന്നിവയുടെ കാലികവും പ്രാദേശികവുമായ രൂപഭേദങ്ങളെ നിഷ്കൃഷ്ടമായി പ്രകാശിപ്പിക്കുവാനും അവയുടെ പരിണാമ സമ്പ്രദായത്തെ സുഗ്രഹമായ രീതിയിൽ ചൂണ്ടിക്കാണിക്കുവാനും ഗ്രന്ഥകാരൻ വളരെയധികം ക്ലേശം സഹിച്ചിട്ടുണ്ടു്. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ ഭിന്ന സംസ്ഥാനങ്ങളിൽ പ്രചരിച്ചിരുന്ന വെട്ടെഴുത്തിന്റേയും കോലെഴുത്തിന്റേയും വിവിധ രൂപങ്ങൾക്കു പുറമേ, അളവു മുതലായവയുടേയും പല വക ചുരുക്കങ്ങളുടേയും പഴയ ആര്യ എഴുത്തിന്റേയും പ്രതിരൂപങ്ങൾകൂടി ഇതിൽ ചേർത്തു കാണുന്നു. അവസാനമായി, ബ്രാഹ്മിയിൽ നിന്നു പഴയ കേരളലിപികളുടെ വളർച്ചയെ പ്രത്യക്ഷമാക്കുന്ന ഒരു പരിലേഖവും പ്രകാശിപ്പിച്ചിരിക്കുന്നു.

ഒന്നാന്തരം കടലാസിൽ മനോഹരമായി മുദ്രണം ചെയ്തിട്ടുള്ള ഈ വിശിഷ്ടഗ്രന്ഥത്തിന്റെ ഓരോ പ്രതി ഓരോ വായനശാലയും വാങ്ങി സൂക്ഷിക്കേണ്ടതാണു്. പ്രാചീന രേഖാകാന്താരത്തിലേയ്ക്കു കടന്നു് അവിടെയുള്ള വിചിത്രങ്ങളും വിസ്മയനീയങ്ങളുമായ വിഭവങ്ങൾ കണ്ടാനന്ദിക്കുവാനും അവയുടെ മൂല്യം ഗ്രഹിക്കുവാനും കൌതുകമുള്ള ഭാഷാഭിമാനികളുടെ ശ്രദ്ധ ഈ ഗ്രന്ഥത്തിന്റെ നേരേ തിരിയുമെങ്കിൽ അതു് അവർക്കും കൈരളിയ്ക്കും അത്യധികം ഉപകാരപ്രദമായിരിക്കുമെന്നു പറയാൻ ഞങ്ങൾക്കു വളരെ സന്തോഷമുണ്ടു്.

വെണ്ണിക്കുളം ഗോപാലക്കുറുപ്പു്.

---

## തത്വചിന്തകൾ

ദിവ്യശ്രീ. കെ. റ്റി. ചാക്കുണ്ണി കശീശ,
(കേർലാടി)— പഴഞ്ഞി, വില—8 ണ.

മനുഷ്യജന്മത്തിന്റെ യഥാർത്ഥമാഹാത്മ്യം അറിഞ്ഞു ജീവിക്കുവാൻ ഉതകുന്ന സന്മാർഗ്ഗതത്വങ്ങളാണ് തത്വചിന്ത എന്ന ഈ ലഘുകൃതിയിൽ അടങ്ങിയിരിക്കുന്നതു്. അവയിൽ അധികവും ബൈബിളിൽനിന്നും സ്വീകരിക്കപ്പെട്ടവ ആയതിനാൽ അവയ്ക്കു് പ്രത്യേക വിശുദ്ധിയും മാറ്റവും ഉണ്ടെന്നു പറയാതെ തരമില്ല. മാനവലോകം ധർമ്മപഥം വിട്ടു് കുത്സിതവൃത്തി അനുഷ്ഠിച്ചു തുടങ്ങുമ്പോഴാണല്ലോ അവതാരങ്ങൾ ഉണ്ടാകാറുള്ളതു്.

യേശുക്രിസ്തുവും, ബുദ്ധനും, ശ്രീകൃഷ്ണനും ഒക്കെ അവതാരപുരുഷന്മാരാണെന്നു പറയാൻ കാരണം അവർ ഉപദേശിച്ച മാർഗ്ഗങ്ങൾക്കു ഐകരൂപ്യവും അവ കൊണ്ടുദ്ദേശിക്കുന്നതു് മാനവസംസ്കാരവും ആണെന്നുള്ളതുകൊണ്ടാണു്. തത്വചിന്തകളുടെ കൂട്ടത്തിൽ ഉൾപ്പെട്ടന്ന പലതും സന്മാർഗ്ഗജീവിതത്തിനു് ഉത്തേജനം നൽകാൻ പര്യാപ്തമാണു്. "നിന്റെ കൈ കണ്ടെത്തുന്ന നന്മയെ ചെയ്യുക" "ഒരേ സമയം രണ്ടു ലോകങ്ങളുടേയും അവകാശിയായി ബുദ്ധിയോടെ ജീവിക്കുവാനത്രേ സാക്ഷാൽ മനുഷ്യൻ" "നിന്റെ വലത്തേ കൈ ചെയ്യുന്ന നന്മ ഇടത്തേ കൈ അറിയുന്നതിനു മുൻപേ ചെയ്തുകൊള്ളുക" "ഞാൻതന്നെ വഴിയും സത്യവും ജീവനും ആകുന്നു" "മററുള്ളവരോടു് പ്രസംഗിച്ചിട്ടു് ഞാൻതന്നെ കൊള്ളരുതാത്തവനായി പോകാതിരിപ്പാൻ ശ്രമിക്കുക" "ഭേദചിന്തകൂടാതെ പ്രവർത്തിക്കുക" "ദൈവത്തിന്റെ നന്മയെ കണ്ടു് അതിനെ തങ്ങളുടെ ജീവിതത്തിൽ ആവിഷ്കരിക്കുക" "മുകളിൽ കയറുന്നവർ സമഭൂമിയിൽ സഞ്ചരിക്കുന്നവരേക്കാൾ സൂക്ഷിക്കുക" "നിസ്വാർത്ഥ ജീവിതം നയിക്കുക" "ജീവിതത്തെ സ്വയം പരിശോധിക്കുക" "സംയമനം ശീലിക്കുക" എന്നു തുടങ്ങി ഉത്തമസ്വഭാവഗുണങ്ങൾ പലതും പരിശീലിക്കാൻ ഉപദേശിച്ചുകൊണ്ടാണു് ശ്രീ. കശീശയുടെ പോക്കു്. അദ്ദേഹം സ്വീകരിച്ചിട്ടുള്ള ആദർശങ്ങൾ എല്ലാം തന്നെ ബൈബിളിലും, ബൈബിളിനെ ഉപജീവിച്ചു കഴിഞ്ഞ മഹാന്മാരുടെ വചനങ്ങളിലും ഉള്ളവയാണു്.

"തത്വചിന്തകൾ" എന്ന നാമധേയം ഗ്രന്ഥത്തിനു നല്കിയ സ്ഥിതിക്കു് മററു മഹാന്മാരുടേയും ചിന്താസരണികൾ പരിശോധിച്ചു് ഒരു താരതമ്യപഠനം ചെയ്യാനുള്ള മഹാമനസ്കത ഗ്രന്ഥകാരനുണ്ടായിരുന്നുവെങ്കിൽ സാർവ്വലൗകിക സിദ്ധാന്തത്തിലേക്കു കുതികൊള്ളുന്ന മാനവലോകത്തിനു് ആകമാനം ഉത്തേജനം ചെയ്യാൻ അതു പര്യാപ്തമാകുമായിരുന്നു.

ബി. പത്മനാഭപിള്ള

## അംഗഗ്രന്ഥശാലകൾ (തുടച്ച്)

1444—പബ്ളിക്കുലൈബ്രറി, കീഴ്‌വായ്പൂരു്
1445—ബ്രദേഴ്സ്‌യൂണിയൻ വായനശാല, ത്രിതപുരം, കഴിത്തുറ
1446—തുരുത്തിക്കാട്ടു പബ്ളിക്കുലൈബ്രറി വെണ്ണിക്കുളം
1447—ഗ്രാമീണവായനശാല, ചെല്ലാനം
1448—ഗ്രാമീണവായനശാല, പൊന്നുരുത്തി എറണാകുളം.
1449—ഗ്രാമീണവായനശാല, പുത്തൻതോട്ടു്, കണ്ണമാലി.
1450—ബോധോദയം ലൈബ്രറി, ആലുംകടവു്, കരുനാഗപ്പള്ളി
1451—മഹാത്മാസ്മാരക ഗ്രാമീണവായനശാല എരിഞ്ഞപ്പുറം, ആത്താറവു്.
1452—ഗ്രാമീണവായനശാല, മിണാലൂർ Via-മുളങ്കുന്നത്തുകാവു്
1453—ഗ്രാമീണവായനശാല, മങ്ങാടു് Via-പഴഞ്ഞി
1454—എം. വി. എം. വായനശാല, പാണ്ടനാടു്.
1455—സ്ഥാനപ്രതിഷ്ഠാ പനദിനസ്മാരക ലൈബ്രറി, മരടു്.
1456—സർക്കാർ ഗ്രാമീണവായനശാല, കമ്പളങ്ങി

(തുടരും)

# ഷെർപ്പാ ടെൻസിങ്ങ്

## ഇന്ത്യയുടെ അഭിമാനഭാജനം

“........എന്നെച്ചൊല്ലി നിങ്ങൾക്കു യാതൊരു മനശ്ശല്യവും ഉണ്ടാകേണ്ടതില്ല. ഇത്തവണ എൻെറ ഹൃദയവും ശ്വാസകോശവും കൊടുമുടി കയറുന്നതിനു പററിയ വിധം വളരെ ആരോഗ്യത്തോടുകൂടിയിരിക്കുന്നു. നിങ്ങളുടേയും കുട്ടികളുടേയും കാര്യത്തിൽ നന്നായി ശ്രദ്ധ പതിപ്പിക്കുക. നിങ്ങളുടെ മൂന്നുപേരുടേയും ഒരു ഫോട്ടോ അയച്ചുതന്നാൽ വേണ്ടില്ല. നമ്മുടെ എല്ലാ സുഹൃത്തുക്കളേയും അയൽപക്കക്കാരേയും എൻെറ അഭിവാദനങ്ങൾ അറിയിക്കുക” എവറസ്റ്റ് കൊടുമുടി കീഴടക്കിയെന്ന വാർത്ത ലോകത്തിൻെറ നാനാഭാഗങ്ങളിലുമെത്തുന്നതിന് ഒരാഴ്ചമുമ്പ്, കൊടുമുടി കയററത്തിൽ വ്യാപൃതനായിരുന്ന ഭർത്താവിൽനിന്ന് മിസ്സിസ്സ് ടെൻസിങ്ങിനു ലഭിച്ച ഒരു കത്തിലെ ഒരു ഭാഗമാണ് മേൽ ചേർത്തത്.

1953-മാർച്ച് 1-ാംതീയതി കേണൽ ഹണ്ടിൻെറ പർവ്വതാരോഹണസംഘത്തിൽ ചേരുന്നതിനായി ഡാർജിലിങ്ങിൽ നിന്നു തിരിക്കുമ്പോഴും തൻെറ അടുത്ത ചില സുഹൃത്തുക്കളോട് ഷെർപ്പാ ടെൻസിങ്ങ് തൻെറ കൂടപ്പിറപ്പായ മന്ദഹാസത്തോടെ പറഞ്ഞത് ഇത്തവണ തനിക്കു വളരെയധികം ആത്മവിശ്വാസം തോന്നുന്നുണ്ടെന്നാണ്. കാലാവസ്ഥ സഹിക്കത്തക്കതാണെങ്കിൽ തൻെറ മുൻ റെക്കോർഡ് ഭേദിക്കുവാൻ തനിക്കു കഴിയുമെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. (1952-മേയ് 28-ാം തീയതിയാണ് സ്വിസ്സ് എവറസ്റ്റാരോഹണ സംഘത്തിൻെറ കൂടെ 28215 അടി ഉയത്തിൽ അദ്ദേഹം എത്തിച്ചേർന്നത്)

എവറസ്റ്റാരോഹകന് ഒഴിച്ചുകൂടാൻ വയ്യാത്ത വെളിച്ചം ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾക്കു പുറമേ കാലാവസ്ഥയ്ക്കനുയോജ്യമായ സജ്ജീകരണങ്ങളും ആവശ്യമാണെന്ന് അദ്ദേഹം തുടർന്നു പറഞ്ഞു: “24000 അടി ഉയരത്തിലോ അതിനു മേലായോ എത്തിക്കഴിഞ്ഞാൽപ്പിന്നെ കൂടുതൽ പങ്ക് ആരോഹകന്മാർക്കും അസഹ്യമായ തലവേദനയും മോഹാലസ്യവും അത്യുഗ്രമായ മനംപിരട്ടലും അനുഭവപ്പെടും. എന്നാൽ നേരെമറിച്ച് ദേഹസ്ഥിതി പററിയതാണെങ്കിലോ പിന്നെയൊക്കെ ഭാഗ്യത്തേയും ധൈര്യത്തേയും ആശ്രയിച്ചിരിക്കും. ധൈര്യത്തിനും ആത്മവിശ്വാസത്തിനും എനിക്കു കുറവേതുമില്ല. ഭാഗ്യംകൊണ്ടു എന്നെ അനുഗ്രഹിക്കണമെന്നു മാത്രമേ ദൈവത്തോടു എനിക്കു പ്രാർത്ഥനയുള്ളു.

ടെൻസിങ്ങ് വളരെ ലളിതസ്വഭാവിയും അഹങ്കാരമില്ലാത്തയാളുമാണ്. പർവ്വതത്തിൻെറ മുകളിൽ എത്തിക്കഴിഞ്ഞാൽ അദ്ദേഹത്തിൻെറ മട്ടൊക്കെയങ്ങു മാറും. എന്തൊരു പ്രസരിപ്പും ദൃഢനിശ്ചയവും ബുദ്ധിയുമാണ് അദ്ദേഹത്തിനപ്പോൾ കൈവരുകയെന്നോ! ടിബെററൻഭാഷയിൽ ടെൻസിങ്ങ് എന്ന വാക്കിൻെറ യഥാർത്ഥത്തിലുള്ള അർത്ഥംതന്നെ “പ്രജ്ഞ കൈവശമുള്ളവൻ” എന്നാണ്.

ഈ ബുദ്ധിയുടേയും ധൈര്യത്തിൻെറയും പർവ്വതാരോഹണ നൈപുണ്യത്തിൻെറയും ഫലമായിട്ടാണ് “എവറസ്റ്റ് കീഴടക്കിയ വീരൻ” എന്ന ബഹുമതി അദ്ദേഹത്തിനു ലഭിച്ചത്.

ടെൻസിങ്ങിനിപ്പോൾ 39 വയസ്സ് പ്രായമായിട്ടുണ്ട്. നേപ്പാളിൻെറ ഏററവും കിഴക്കെ അതിർത്തിയിലുള്ള സോലാഖുംബായിലെ താമേ വില്ലേജിലാണ് ജനിച്ചതെങ്കിലും 1932 മുതൽക്കുതന്നെ അദ്ദേഹം ഇന്ത്യയിൽ സ്ഥിരതാമസമാക്കിയിരിക്കുകയാണ്. അദ്ദേഹത്തിൻെറ ഭാര്യ

(മിസ്സിസ് ആങ്ങ് ലഹമു) യും രണ്ടു പുത്രന്മാരും (പെം പെമും നിമയും) ഇന്ത്യയിൽ തന്നെയാണ് ജനിച്ചതും വളന്നതും.

ടെൻസിങ്ങ് ഒരു ബുദ്ധമത വിശ്വാസിയാണ്. അദ്ദേഹം പുകവലിക്കുകയോ, ലഹരിയുള്ള പാനീയങ്ങൾ ഉപയോഗിക്കുകയോ ചെയ്യാറില്ല. എന്നാൽ കാപ്പി അദ്ദേഹത്തിന് വളരെ പത്ഥ്യവുമാണ്. നായ്ക്കളോട് വലിയ കാര്യമാണ് ടെൻസിങ്ങിന്. "ഖാൻഗാർ" എന്നൊരു ടിബററൻ നായയെ അദ്ദേഹം വളത്തുന്നുണ്ട്. സുപ്രസിദ്ധ ഇററാലിയൻ ടിബെറേറാളജിസ്റ്റായ പ്രൊഫസ്സർ ടുക്കിയുമൊരുമിച്ച് ലാസ്സാ സന്ദർശിച്ച അവസരത്തിലാണ് അദ്ദേഹത്തിനതിനെ കിട്ടിയതു്.

ഡാർജിലിങ്ങിലെ സുങ്ങ്ടൂങ്ങ് ബെസ്റ്റിയിലുള്ള മരംകൊണ്ടു നിർമ്മിച്ചതും തകരത്തിൻെറ മേൽക്കുരയോടുകൂടിയതുമായ ഒരു ഒററമുറി കെട്ടിടത്തിലാണ് ടെൻസിങ്ങ് കുടുംബം താമസിക്കുന്നതു്. പട്ടണത്തിൽ നിന്നു കുറെ ദൂരെയായിട്ടാണ് വീട്.

തനിക്കു 19 വയസ്സ് പ്രായമുള്ളപ്പോൾ തുടങ്ങിയതാണ് ടെൻസിങ്ങിൻെറ മലകയററം. അന്നൊക്കെ ഹിമാലയത്തിൻെറ ചെറുചെറു ശിഖരങ്ങളിൽ കയറിച്ചെല്ലുക അദ്ദേഹത്തിൻെറ ഒരു വിനോദമായിരുന്നു. എവറസ്റ്റിൻെറ ഉച്ചിയിലെത്തുവാൻ വേണ്ടിമാത്രം ഇതിനുമുമ്പ് ആറു തവണ അദ്ദേഹം ശ്രമം നടത്തിയിട്ടുണ്ടു്.

ഹിമാലയ പവ്വതത്തിൻെറ മുകളിൽ കയറുന്നതിനെ സംബന്ധിച്ച് മററാരെയും കാൾ വിപുലവും അനുഭവത്തിലധിഷ്ഠിതവുമായ അറിവു തനിക്കുണ്ടെന്നു ടെൻസിങ്ങിന് അഭിമാനത്തോടുകൂടി അവകാശപ്പെടാവുന്നതാണ്. എവറസ്റ്റ് കൊടുമുടിയെ സംബന്ധിച്ചേടത്തോളമാണെങ്കിൽ തെക്കുനിന്നും വടക്കുനിന്നുമുള്ള മാർഗ്ഗങ്ങളിലൂടെ കയറുവാനുള്ള പരിചയം അദ്ദേഹത്തിനു സിദ്ധിച്ചിട്ടുണ്ടു്.

ഷെർപ്പാഭാഷയ്ക്കു പുറമെ നേപ്പാളി, യേൽമോ, ഹിന്ദുസ്ഥാനി, പൊസ്സു, ചിത്രാലി, ടിബെററൻ (ഉത്തരപ്രദേശത്തു സംസാരിക്കുന്നതും ദക്ഷിണപ്രദേശത്തു സംസാരിക്കുന്നതും) എന്നീ ഭാഷകളും യഥേഷ്ടം കൈകാര്യം ചെയ്യുവാൻ അദ്ദേഹത്തിനു കഴിയും. ഇംഗ്ലീഷിൽ സംസാരിച്ചാൽ ശരിക്കു മനസ്സിലാക്കുവാനും, ഒരതിത്തിയോളം നന്നായി ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനും അദ്ദേഹത്തിനു പ്രയാസമില്ല.

ടെൻസിങ്ങ് നല്ലൊരു പാചകൻ കൂടിയാണെന്ന സംഗതി അധികമാളുകൾക്കും അറിയില്ല. ഏതു വിഷമം പിടിച്ച പരിതസ്ഥിതിയിലും സ്വാദുക്കളായ ഭോജ്യങ്ങൾ തയ്യാറാക്കുവാൻ അദ്ദേഹത്തിന്നു സാധിക്കും. ഒരു പർവ്വതാരോഹകനെ സംബന്ധിച്ചിടത്തോളമാകുമ്പോൾ പ്രത്യേകിച്ചും, വിലയിരുത്തേണ്ട ഒരു ഗുണവിശേഷമാണതു്.

ടെൻസിങ്ങിനും അദ്ദേഹത്തിൻെറ പത്നിയ്ക്കും അങ്ങേയററം ആഗ്രഹമുള്ള ചില സംഗതികളുണ്ട്. തങ്ങളുടെ പുത്രിമാർക്ക് നല്ല വിദ്യാഭ്യാസം നൽകുകയെന്നുള്ളതാണതിലൊന്ന്. മറെറാന്ന് പർവ്വതപ്രാന്ത നിവാസികളായ ഷെർപ്പാകൾ ഒരുമിച്ചു താമസിക്കുന്ന ഡാർജിലിങ്ങിലെ ടൂങ്ങ്സുങ്ങ് ബെസ്റ്റിയിൽ നല്ലൊരു ചെറിയ വീടു പണികഴിപ്പിക്കുകയെന്നതും.

ടെൻസിങ്ങിൻെറ മുഴുവൻ പേർ ടെൻസിങ്ങ് നൊർക്കെ എന്നാണ്. എന്നാൽ അദ്ദേഹത്തിൻെറ ജാതിപ്പേരിനോടനുബന്ധിച്ചുള്ള ഷെർപ്പാ ടെൻസിങ്ങ് എന്ന പേരിലാണ് കൂടുതലും അറിയപ്പെടുന്നതു്. ഷെർപ്പകൾ യഥാർത്ഥത്തിൽ ടിബെററുകാരാണ് അവർ നേപ്പാളിൽ വന്നു കുടികയറിപ്പാർക്കുകയാണ്. ചെയ്തതു്. ഒരു ടിബെററുകാരനേയും ഷെർപ്പായേയും വേർതിരിച്ചറിയാൻ നന്നേ വിഷമം നേരിടാറുണ്ടു്. കാരണം ഇരുകൂട്ടരേയും ഒരുപോലെ ബാധിക്കുന്ന എത്രയോ അധികം സംഗതികൾ ഉണ്ടെന്നുള്ളതുതന്നെ.

# ബി. കോംപ്ളെക്സ് ജീവകം

## ഇൻഡ്യൻ വൈദ്യശാസ്ത്രജ്ഞന്റെ കണ്ടുപിടുത്തം

മുൻപന്തിയിലുള്ള വൈദ്യശാസ്ത്രഗവേഷകന്മാരുടെ റിപ്പോർട്ടുകൾ അനുസരിച്ച്, വിററാമിൻസിന്റെ ഒരംശമായ ബി. കോംപ്ളക്സ് അല്ലെങ്കിൽ ഫോളിക് ആസിഡിന്റെ പരീക്ഷണാർത്ഥമുള്ള പ്രയോഗം, ശരീരം ഭക്ഷണസാധനത്തെ എന്തു മുഖേനയാണോ ജീവഖണ്ഡങ്ങളാക്കിത്തീർക്കുകയും, ഈ ജീവഖണ്ഡങ്ങളെ മാംസമായും മററ് അവയവഭാഗങ്ങളായും തീർക്കുകയും, ചെയ്യുന്നതു് ആശ്ചര്യകരമാംവിധം സങ്കീർണ്ണങ്ങളായ ആ പരിവർത്തനങ്ങളിൽ പുതിയ വെളിച്ചം വീശിക്കൊണ്ടേയിരിക്കുന്നു.

ഇതിനു പുറമേ ഫോളിക്ക് ആസിഡ് വിളർച്ച അല്ലെങ്കിൽ രക്തമില്ലായ്മ എന്ന സുഖക്കേടിനേയും ഏററവും അപായകരമായ പെർനിഷ്യസ് അനിമിയ, ട്രോപ്പിക്കൽ സ്പ്രൂ എന്ന ദഹനേന്ദ്രിയത്തെ ബാധിക്കുന്ന സുഖക്കേട്, എന്നിവയേയും തടയുന്നതിനും സുഖപ്പെടുത്തുന്നതിനും ഉപയോഗപ്പെടുന്നു. മേല്പറഞ്ഞ സുഖക്കേടുകൾ മുഖാന്തരം ഇന്ത്യയിലും ലോകത്തിന്റെ മററു ഭാഗങ്ങളിലും അനേകായിരം ജനങ്ങൾ കഷ്ടപ്പെടുകയും നശിക്കുകയും ചെയ്യുന്നു.

ഫോളിക്ക് ആസിഡ് എന്ന ജീവവസ്തു കണ്ടുപിടിക്കുക വേർതിരിക്കുക തുടങ്ങിയ ആദ്യനടപടികൾ ഇൻഡ്യയിലാണ് സാധിച്ചതെന്നു മാത്രമല്ല, വൈദ്യശാസ്ത്രപണ്ഡിതനായ ഡോ: എല്ലപ്രഗഡ സുബ്ബറാവുവിന്റെ ശ്രമം കൊണ്ടാണ് മുഖ്യമായി ഇതു നിർമ്മിക്കുവാൻ സാദ്ധ്യമായതും. ഇപ്പോൾ ഈ വിററാമിൻ ഇൻഡ്യയിലെ ഡോക്ടറന്മാർക്ക് ബോംബേയ്ക്കടുത്തുള്ള ബൽസാർ എന്ന സ്ഥലത്തെ ലാഡർലി മരുന്നു നിർമ്മാണശാലയിൽ നിന്നു ലഭിക്കുന്നതാണ്. മദ്രാസ് മെഡിക്കൽ കോളേജിലെ ഒരു ബിരുദധാരിയായിരുന്ന ഡോ. സുബ്ബറാവു 1942-ൽ അദ്ദേഹം മരിക്കുന്നതുവരെ, ലാഡർലി ലാബോട്ടറിയുടെ ഗവേഷണ ഡയറക്ടറായിരുന്നു.

വിളർച്ച അല്ലെങ്കിൽ രക്തക്കുറവിനെ സംബന്ധിച്ച സുഖക്കേടുകളെപ്പററിയുള്ള ഗവേഷണമാണ് ഫോളിക്ക് ആസിഡിനെപ്പററിയുള്ള കണ്ടുപിടുത്തത്തിന് ആദ്യകാരണമായിത്തീന്നതു്. ജീവവായുവിനെ ദേഹത്തിന്റെ എല്ലാ ഭാഗത്തും ചെലുത്താൻ അത്യാവശ്യമായ ശക്തിയുള്ള ചുവന്ന രക്തബീജങ്ങളെ സൃഷ്ടിക്കാൻ ശരീരത്തിനു കഴിവില്ലാതെ വരുമ്പോൾ ആണ് ഈ സുഖക്കേടുണ്ടാകുന്നതു്. ഇതിൽപ്പെട്ട ചില തരം സുഖക്കേടിൽ ഈ ബീജങ്ങൾ ചെറുതും വിളറിയതും ആയിരിക്കും. മററു ചിലതരം രോഗത്തിൽ ചുവന്ന രക്തബീജങ്ങൾ സാധാരണയിൽ വളരെ കവിഞ്ഞ വലിപ്പത്തിലായിരിക്കും. ഇൻഡ്യയിൽ സാധാരണയായി സ്പ്രൂ എന്ന സുഖക്കേടിന് അധികമായ വിളർച്ചയും അതിനോടുകൂടെ നീണ്ടു നില്ക്കുന്ന വയററിളക്കവും ഉണ്ടാകും. ഏററവും മാരണകരമായ പെർനിഷ്യസ് അനീമിയ ഉള്ളപ്പോൾ ഞരമ്പിനു കേടു തട്ടുന്നതാണ്. ഗർഭസംബന്ധമായ വിളർച്ചയുള്ളപ്പോൾ പൊതുവേ ക്ഷീണം വർദ്ധിക്കുക, മുട്ടുകൾ വീങ്ങുക, നാക്കു പൊട്ടുക, വയറിലും കുടലിലും അസുഖങ്ങൾ ഉണ്ടാകുക ഇവയും സംഭവിക്കും.

വിളർച്ചയുടെ ചികിത്സയിൽ ആദ്യത്തെ പടി കണ്ടെത്തിയതു പെർനിഷ്യസ് അനീമിയ ഉള്ളവർ ദിവസവും ഓരോ റാത്തൽ പച്ചക്കരൾ തിന്നുന്നതുകൊണ്ടു് അവരുടെ രോഗം ഭേദമാകുന്നു എന്ന കണ്ടുപിടുത്തത്തോടു കൂടെയാണ്. 1950 കഴിഞ്ഞ ഇടയ്ക്ക് ബോംബെയിൽവച്ചു ഡോ. ലൂസിവിൽസ് 'ഈസ്റ്റ്' എന്ന സാധനവും

ശുദ്ധമാക്കാത്ത കരൾസത്തും ഗർഭിണികൾക്കുള്ള വിളർച്ചയേ അകററുന്നുവെന്ന മനസ്സിലാക്കി. എന്നാൽ ആ ചികിത്സ സ്വല്പംകൂടെ നന്നാക്കുന്നതിനുള്ള ഉദ്യമത്തിൽ കരൾസത്തു ശുദ്ധീകരിച്ചു നോക്കിയപ്പോൾ അതിനുള്ള ഗുണശക്തി പാടേ നഷ്ടപ്പെട്ടതായി കണ്ടു.

ഉടൻതന്നേ ലോകമൊട്ടുക്കുള്ള ഗവേഷണ വിദഗ്ദ്ധന്മാർ—അതിൽ ഡാ. സുബ്ബറാവുവിൻെറ നേതൃത്വത്തിലുള്ള ഒരു സംഘവുമുണ്ടായിരുന്നു—ലാഡർലി ലാബറട്ടറിയുടെ ന്യൂയോർക്കിൽ പേൾറിവറിലുള്ള ഗവേഷണകേന്ദ്രത്തിൽവച്ച് അനേകായിരം റാത്തൽ മൃഗക്കരൾ, വിളർച്ചക്കെതിരായി പ്രവർത്തിക്കുന്ന അതിൻെറ ശക്തിയേ എങ്ങിനെ വേർതിരിച്ചെടുക്കാമെന്നു കണ്ടുപിടിക്കാനുള്ള ഉദ്യമത്തിൽ, പലതരത്തിൽ പാകപ്പെടുത്തി നോക്കുകയായി. അവസാനമായി ഈ പെട്ടെന്നു നഷ്ടപ്പെടുന്ന വിലയേറിയ വസ്തു ആദ്യമെല്ലാം വിററമിൻ എ, എന്നു വിളിച്ചിരുന്ന ഫോളിക്ക് ആസിഡ് ആണെന്നു മനസ്സിലായി.

എന്നാൽ ഈ കണ്ടുപിടിത്തം വൻതോതിലുള്ള പ്രയോഗത്തിനു ലഭിക്കാത്ത വിധത്തിൽ വലിയ ഒരു പ്രതിബന്ധം കാണപ്പെട്ടു. എന്തെന്നാൽ ഒരു ചെറുപയറിൻെറ വലിപ്പത്തിനൊക്കുന്ന, അതായതു് ഏകദേശം ഒരു ഗ്രാമിൻെറ മൂന്നിൽ രണ്ടു ഭാഗംമാത്രം തൂക്കം വരുന്ന ഫോളിക്ക് ആസ്ഡ് ഉണ്ടാക്കുന്നതിന് ഒരു ടൺ കരൾ ഉപയോഗിക്കേണ്ടിയിരുന്നു. അതിൻെറ വില താങ്ങാൻ കഴിയാത്തതായിരുന്നു. ഒരു ഗ്രാമിന് 2000-ൽ അധികം അമേരിക്കൻ ഡോളർ അല്ലെങ്കിൽ ഏകദേശം 9500 രൂപയാണു വില വന്നതു്.

ഡോ. സുബ്ബറാവുവും അദ്ദേഹത്തിൻെറകൂടെ പ്രവർത്തിച്ച മററു നാലു ശാസ്ത്രജ്ഞന്മാരുംകൂടെ അവസാനമായി ഈ തടസ്സത്തെ ദൂരീകരിച്ചു. അതിൽ എട്ടുപേർ ലാഡർലീ ലാബോറട്ടറിയിൽ പെട്ടവരും, ശേഷം എട്ടുപേർ കാൽടെക്കാ കെമിക്കൽസിൽ പെട്ടവരുമായിരുന്നു. രണ്ടു കൊല്ലത്തെ കഠിനമായ ഗവേഷണ പരീക്ഷണങ്ങളുടെ ഫലമായി, പ്രകൃതിതന്നെ കരളിൽ സൃഷ്ടിക്കുന്ന ഫോളിക്ക് ആസിഡിനെ അവർ ലാബറട്ടറിയിലെ രാസപദാർത്ഥങ്ങളിൽനിന്നു നിർമ്മിച്ചു. കൃത്രിമമായ ഈ ഫോളിക്ക് ആസിഡ് ചികിത്സാപരമായി ഉപയോഗിച്ചു നോക്കിയപ്പോൾ അതു് എല്ലാത്തരം വിളർച്ച സുഖക്കേടിനും അതായതു് സ്പ്രൂ, പെർണിഷ്യസ് അനീമിയാ, ശിശുക്കൾക്കും ഗർഭിണികൾക്കും ഉണ്ടാകുന്ന വിളർച്ച, വിററമിൻെറ കുറവുകൊണ്ടുണ്ടാകുന്ന മററു സുഖക്കേടുകൾ, ഇവയെല്ലാം വളരെ ശക്തികരമായ ചികിൽസയായി കാണപ്പെട്ടു. ഇന്നു് ഇതിനെ ഭക്ഷണത്തിൻെറ ഒരു അംശമായിട്ടു സാധാരണ ഉപയോഗിച്ചു വരുന്നുണ്ടു്. കാരണം ഫോളിക്ക് ആസിഡ് പല ഭക്ഷണപദാർത്ഥങ്ങളിലും അടങ്ങിട്ടുണ്ടു്. എങ്കിലും അതു് ഏററവും ചെറിയ തോതിൽ മാത്രമേ കാണപ്പെടുന്നുള്ളു. അതുകൊണ്ടു് സാധാരണ ഭക്ഷണത്തിൽനിന്നു ദഹനത്തിനാവശ്യമായത്ര ഫോളിക്ക് ആസിഡ് ലഭിക്കുന്നില്ല. അരി, ഗോതമ്പ് മുതലായ ധാന്യങ്ങളിൽ ഫോളിക്ക് ആസിഡ് വളരെ കുറവാണു്. അതുപോലെതന്നെ പഴവർഗ്ഗങ്ങളിലും "രക്ഷാഭക്ഷണ"മെന്നു പറയപ്പെടുന്ന പാൽ, ഇറച്ചി, മത്സ്യം ഇവയിൽപോലും ഫോളിക്ക് ആസിഡ് വളരെ കുറച്ചു മാത്രമേയുള്ളു. എന്നാൽ കരൾ, ഈസ്റ്റ്, സോയബീൻസ്, പച്ചക്കറികൾ ഇവയിൽ ധാരാളമായും മുട്ടയുടെ ഉള്ളിലെ മഞ്ഞയിലും പയറുകളിലും മിതമായ തോതിലും കാണപ്പെട്ടുന്നുണ്ടു്.

ലാഡർലി മരുന്നുശാലയിൽ നിർമ്മിക്കുന്ന ഫോർബെററ് എന്ന പേരിൽ അറിയപ്പെടുന്ന ഫോളിക്ക് ആസിഡ്, പ്രത്യേകിച്ചു ശിശുക്കളിലും ഗർഭിണികളിലും, സ്ത്രീകളിലും ഉണ്ടാകാവുന്ന ഫോളിക്ക് ആസിഡിൻെറ കുറവിനെ തടയുവാൻ ഡോക്ടറന്മാർ സാധാരണയായി വിധിക്കാറുണ്ടു്.

ഫോളിക്ക് ആസിഡുകൊണ്ടുള്ള ചികിത്സയുടെ ഗുണഫലങ്ങൾ ഏററവും നന്നായി പ്രത്യ

ക്ഷത്തിൽ കാണുന്നുണ്ടെങ്കിലും, അതു ശരീരത്തിൽ എപ്രകാരമാണു പ്രവർത്തിക്കുന്നതെന്നു ഇന്നും പറയാൻ സാധിക്കുന്നില്ല. എങ്കിലും ഈ കഴിഞ്ഞ രണ്ടു കൊല്ലങ്ങൾകൊണ്ടു് ലഭ്യമായ ചില ചില്ലറ അറിവുകൾ ഈ വിഷയത്തിൽ വൈദ്യശാസ്ത്ര ഗവേഷണ ലോകത്തിൻെറ ശ്രദ്ധയെ കൂടുതലായി ആകർഷിച്ചിട്ടുണ്ടു്. എന്തെന്നാൽ മനുഷ്യൻേറയും മൃഗത്തിൻേറയും ശരീരത്തിലെ ഓരോ ജീവഘടകത്തിൻേറയും സാധാരണ പ്രവർത്തനത്തിനു ഫോളിക്ക് ആസിഡ് അത്യാവശ്യമായ ഒരു സാധനമായിട്ടാണു് ഇപ്പോൾ കരുതിയിരിക്കുന്നതു്. എന്തുമുഖേനയാണോ സജീവ പ്രവർത്തനങ്ങൾക്കായി ദേഹത്തിൽ ശക്തി ഉല്പാദിപ്പിക്കപ്പെടുകയും, നശിച്ചുപോകുന്ന ഘടകങ്ങൾക്കു പകരം പുതിയതു സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നതു്, ആ ജീവിതഘടകത്തിൻെറയും ഉള്ളിൽ നടന്നുകൊണ്ടിരിക്കുന്ന രാസവ്യത്യാസങ്ങളാണു്, ജീവന പ്രവർത്തനങ്ങൾ.

ഫോളിക്ക് ആസിഡിൻെറ മനുഷ്യശരീരത്തിലെ പ്രവർത്തനവിഷയത്തിലുള്ള ഉപരി ഗവേഷണങ്ങൾ സുഖക്കേടുകളെ തടയുന്നതിനു കൂടുതൽ സഹായകമാകുമെന്നു മാത്രമല്ലാ, ജീവിത രഹസ്യങ്ങളേത്തന്നെ കൂടുതൽ വെളിപ്പെടുത്താനും ഇടയാക്കിയേയ്ക്കും.

---

# തിരുവിതാംകൂർ കൊച്ചി ഗ്രന്ഥശാലാസംഘം

## പ്രവർത്തകസമിതിയോഗം—നടപടിച്ചുരുക്കം.

പ്രവർത്തകസമിതിയുടെ ഒരു യോഗം 25-6-53-ൽ വൈകുന്നേരം സംഘം വൈസ്പ്രസിഡൻറു ശ്രീ. എ. അച്യുതൻ എം. എൽ. എ. യുടെ അദ്ധ്യക്ഷതയിൽ കൂടി.

തീരുമാനങ്ങൾ

1. ഭരണസമിതിയുടെ അംഗീകാരത്തിനു വിധേയമായി ഓർഗനൈസിംഗ് ഇൻസ്പെക്റററന്മാരുടെ ഉദ്യോഗകാലാവധി 1953 ജൂലൈ ഒന്നുമുതൽ മൂന്നുമാസത്തേയ്ക്കുകൂടി നീട്ടിക്കൊടുക്കേണ്ടതാണു്.

2. ഭരണസമിതി കൂടേണ്ട ആവശ്യം നേരിട്ടിരിക്കുന്നതിനാൽ കാലവിളംബംകൂടാതെ ഭരണസമിതി യോഗം വിളിച്ചുകൂട്ടേണ്ടതാണു്.

3. ഭരണസമിതിയോഗം കൂടുമ്പോൾ പ്രവർത്തകസമിതി അംഗങ്ങൾക്കു്, ഇക്കഴിഞ്ഞ ഭരണസമിതിയോഗത്തിൽ നടന്ന നടപടികളെക്കുറിച്ചു് എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അവ രേഖപ്പെടുത്താനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണു്.

4. 1953 ഏപ്രിൽമാസത്തെ മാസാന്ത്യക്കണക്കു് അംഗീകരിച്ചു.

5. സ്ലേഷൻവാഗണു് ഗവർമ്മെൻറിനോടു അപേക്ഷിക്കേണ്ടകാര്യവും തിരുവനന്തപുരം താലൂക്കു യൂണിയനു ഗ്രാൻറു് അനുവദിക്കുന്ന കാര്യവും അടുത്ത ഭരണസമിതിയിലേക്കു മാററിവച്ചു.

6. സംഘത്തിനു കൂടുതൽ ഗ്രാൻറു അനുവദിപ്പിക്കുന്നതിനു വേണ്ട എഴുത്തുകുത്തുകൾ നടത്തുവാൻ ജനറൽസെക്രട്ടറിയെ അധികാരപ്പെടുത്തി.

7. 12 വായനശാലകളുടെ അംഗത്വം റദ്ദു ചെയ്യുന്നതിനു തീരുമാനിച്ചു. (ലിസ്റ്റു് അന്യത്ര)

അംഗത്വം പിൻവലിച്ച ഗ്രന്ഥശാലകളുടെ പുസ്തകങ്ങളും ഉപകരണങ്ങളും അതിനടുത്തുള്ള അംഗഗ്രന്ഥശാലകളെ ഏൽപ്പിക്കുന്നതിനു നാട്ടുകാരുടേയും താലൂക്കു യൂണിയനുകളുടേയും ഭരണസമിതി അംഗങ്ങളുടേയും സഹകരണത്തോടെ പരിശ്രമിക്കാൻ ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാർക്കു നിർദ്ദേശം നൽകേണ്ടതാണു്.

8. 13 വായനശാലകളെ അംഗീകരിച്ചു. (ലിസ്റ്റു് അന്യത്ര)

9. ഭരണസമിതി അംഗങ്ങൾക്കു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ എല്ലാ അംഗഗ്രന്ഥശാലകളും സന്ദർശിക്കാവുന്നതാണു്. അങ്ങനെ സന്ദർശിക്കുമ്പോൾ ആവശ്യമുള്ള എല്ലാ റിക്കാർഡുകളും പരിശോധനക്കു് വിധേയമാക്കേണ്ടതാണെന്നുള്ളവിവരം അംഗഗ്രന്ഥശാലകളേയും താലൂക്കു യൂണിയനുകളേയും അറിയിക്കേണ്ടതാണു്.

10. ജനറൽസെക്രട്ടറിയുടെ 1953 ഫെബ്രുവരി, മാർച്ചു്, ഏപ്രിൽ, മെയ് എന്നീ മാസങ്ങളിലെ പ്രവർത്തനറിപ്പോർട്ടു് അംഗീകരിച്ചു.

# ഗ്രന്ഥശാലാവാർത്തകൾ

## പബ്ളിക് ലൈബ്രറി 212: തൃക്കാരിയൂർ

തൃക്കാരിയൂർ പബ്ളിക് ലൈബ്രറിയുടെ വാർഷികസമ്മേളനം 1953 ഏപ്രിൽ 26 മെയ് 3 എന്നീ തീയതികളിലായി ശ്രീ. എൻ. ഏ. നീലകണ്ഠപ്പിള്ള അവർകൾ ബി. ഏ. എൽ. ററി. യുടെ അദ്ധ്യക്ഷതയിൽ വായനശാലാ ഹാളിൽവച്ചു കൂടി.

അനന്തരം ഭരണസമിതി സമ്മേളിച്ചു് ശ്രീ എൻ. ഏ. നീലകണ്ഠപ്പിള്ള അവർകൾ ബി. ഏ. എൽ. ററി. യെ പ്രസിഡൻറായും, ശ്രീ എം. എസ്. സൂര്യനാരായണയ്യർ അവർകളെ വൈസ്പ്രസിഡൻറായും, ശ്രീ. ററി. പി. രാഘവപ്പണിക്കർ അവർകൾ ബി. ഏ. യെ സെക്രട്ടറിയായും തെരഞ്ഞെടുത്തു.

### ശിലാസ്ഥാപനം

പ്രസ്തുത വായനശാലയ്ക്കുവേണ്ടി പുതുക്കുന്നത്തു് ശ്രീ. കുരുവിള മത്തായി സംഭാവന ചെയ്ത സ്ഥലത്തു് പണിയുവാൻ നിശ്ചയിച്ചിരിക്കുന്ന വായനശാലാകെട്ടിടത്തിൻെറ ശിലാസ്ഥാപനകർമ്മം 1953 ജൂൺമാസം നാലാം തീയതി ശ്രീ. എം. എസ്. ശിവരാമകൃഷ്ണയ്യർ അവർകൾ നിർവഹിച്ചു.

### ഗ്രന്ഥശാലായൂണിയൻ വാർഷികം

മീനച്ചിൽ താലൂക്ക് ഗ്രന്ഥശാലായൂണിയൻെറ വാർഷിക പൊതുയോഗം 1953 മെയ് 10-ാനു- ഞായറാഴ്ച പുലിയന്നൂർ ആസാദ് ഹാളിൽവച്ചു് ശ്രീ. ജോൺസൺ വള്ളിക്കാപ്പൻെറ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. വെട്ടൂർ രാമൻനായർ സ്വാഗതപ്രസംഗം ചെയ്തു. കഴിഞ്ഞ ഒരു വർഷത്തിൽ യൂണിയൻെറ നേട്ടങ്ങളുടേയും പ്രവർത്തനങ്ങളുടേയും ഒരു ചുരുങ്ങിയ ചരിത്രമടങ്ങിയ വാർഷികറിപ്പോർട്ടും വരവു ചെലവു കണക്കുകളും യോഗത്തിൽ സമർപ്പിക്കപ്പെടുകയുണ്ടായി. യൂണിയൻ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തി അംഗഗ്രന്ഥശാലകളെ പരിപുഷ്ടിപ്പെടുത്തേണ്ട ആവശ്യകതയെക്കുറിച്ചു അദ്ധ്യക്ഷനവർകൾ ഉദ്ബോധിപ്പിച്ചു.

മെസ്സേഴ്സ് ജോൺസൺ ജി. വള്ളിക്കാപ്പൻ ബി. ഏ. (വൈസ്പ്രസിഡൻറ്), വെട്ടൂർ രാമൻനായർ (സെക്രട്ടറി), എൻ. എസ്സ്. ചന്ദ്രശേഖരൻനായർ (ജോയിൻറ് സെക്രട്ടറി), പി. സി. ജോസഫ്, വി. എൻ. നമ്പൂതിരി, എൻ. ശ്രീധരൻനായർ, കെ. ആർ. വാസുദേവൻ നമ്പൂതിരിപ്പാട്, അഗസ്റ്റിൻ തുണ്ടത്തിൽ എന്നിവരെ പുതിയ ഭരണസമിതിയംഗങ്ങൾ ആയി തിരഞ്ഞെടുത്തു.

## ഗ്രാമീണവായനശാല & റീഡിംഗ് റൂം

## അരണാട്ടുകര തൃശ്ശൂർ; രജി: നമ്പർ 1287

പ്രസ്തുത വായനശാലയുടെ 14-ാം വാർഷികസമ്മേളനം 10-5 1953-ൽ ശ്രീ. സി. ഏ. പോൾ എം. ഏ. ബി. എൽ. എൽ. ററി. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. ശ്രീ. ഏ. എസ്. മേനോൻ, ശ്രീ. സി. എൽ. വക്കി എന്നിവർ പ്രസംഗിച്ചു.

യോഗാനന്തരം ശ്രീ. രാമകൃഷ്ണൻ തിച്ചംപള്ളി ആൻറ് പാർട്ടിയുടെ കഥാപ്രസംഗവും ഉണ്ടായിരുന്നു.

## അവലൂക്കുന്നു ഗ്രന്ഥശാല, ആലപ്പുഴ

അവലൂക്കുന്നു ഗ്രന്ഥശാലയുടെ 6-ാമതു വാർഷികയോഗ ബിസിനസ്സ് മീററിംഗ് സ്ഥിരം പ്രസിഡൻറ് ശ്രീമാൻ വി. കെ. ദാമോദരൻ അവർകളുടെ അദ്ധ്യക്ഷതയിൽ 1953 മെയ് മാസം 10-ാംനു- ഗ്രന്ഥശാലയിൽവച്ചു കൂടി.

വി. കെ. ദാമോദരൻ പ്രസിഡൻറായും, വി. കെ. സുഗുണാനന്ദൻ സെക്രട്ടറിയായും, കെ. അബ്ദുൾഅസീസു് ജോ: സെക്രട്ടറിയായും, പി.

സി. ഗോപാലൻ വൈദ്യൻ ഖജാൻജിയായും 20 പേരടങ്ങുന്ന ഒരു ഭരണസമിതി രൂപീകരിച്ചു.

ഈ ഗ്രന്ഥശാലയുടെ 6—ാമതു വാർഷിക പൊതുയോഗം അന്നേദിവസം വൈകുന്നേരം 4-30—ന് ശ്രീ. പി. കേശവദേവിൻെറ അദ്ധ്യക്ഷതയിൽ കൂടി. സെക്രട്ടറി വി. കെ. സുബ്രഹ്മണ്യാനന്ദൻ സ്വാഗതം പറഞ്ഞു. ശ്രീ. ററി. വി. തോമസ് ബി ഏ. ബി. എൽ. സമ്മേളനം ഉൽഘാടനം ചെയ്തു. ഉപക്രമാനന്തരം തകഴി ശിവശങ്കരപിള്ള പ്രസംഗിച്ചു. ഉപസംഹാരം കൃതജ്ഞത എന്നിവയ്ക്കു ശേഷം യോഗം 10 മണിക്കവസാനിച്ചു.

## വൈ. എം. എച്ച്. ഏ. ലൈബ്രറി & റീഡിംഗ്റൂം, പൂവത്തൂർ.

ഈ സ്ഥാപനത്തിൻെറ ഒരു പൊതുയോഗം 1953 മേയ് മാസം 31—ാംതീയതി ശനിയാഴ്ച പകൽ 10 മണിയ്ക്കു ഗ്രന്ഥശാലാസംഘം ഓർഗനൈസിംഗ് ഇൻസ്പെക്ടർ ശ്രീ. എൻ. ഗോപിനാഥൻനായർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

അതിനുശേഷം വായനശാലയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് ഒരു പുതിയ ഭരണസമിതി രൂപീകരിക്കപ്പെടുകയും ചെയ്തു.

## കൊട്ടാരക്കര ലൈബ്രറി യൂണിയൻ

കൊരക്കരതാലൂക്ക് ലൈബ്രററി യൂണിയൻ പ്രതിനിധികളുടെ ഒരു യോഗം ശ്രീ. ഏ. ഈശ്വര പിള്ള അവർകൾ ബി. ഏ. ബി. എൽ. ൻെറ അദ്ധ്യക്ഷതയിൽ കൂടി.

ശ്രീ. ഏ. ഈശ്വരപിള്ള അവർകളെ (പ്രസിഡൻറായും) ശ്രീ. ഡി. കൃഷ്ണൻപോററി അവർകളെ (വൈസ്പ്രസിഡൻറായും) കെ. പി. ഗോപാലൻനായരെ യൂണിയൻ സെക്രട്ടറിയായും യോഗം ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.

പ്രസിഡൻറ് അവർകളുടെ ശ്രദ്ധേയമായ ഉപസംഹാര പ്രസംഗാനന്തരം കൃത്യം 6 മണിക്ക് സമംഗളം യോഗം പര്യവസാനിച്ചു.

## തിരുവനന്തപുരം താലൂക്ക് ഗ്രന്ഥശാലായൂണിയൻ

പള്ളിപ്പുറം വാണീവിലാസം ഗ്രന്ഥശാലയുടെ കെട്ടിടംപണിക്കു പണപ്പിരിവ് സംബന്ധിച്ച്, ഗ്രന്ഥശാലാപ്രവർത്തകരും, യൂണിയൻ കമ്മററി അംഗങ്ങളും ഒരുമിച്ച് സ്ഥലത്തുള്ള പല രേയും കാണുകയും ഒരു നല്ല തുക യൂണിയൻെറ സഹായത്താൽ പിരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ അന്നുതന്നെ ഒരു "യുവജന സമാജവും," തുടന്ന് ഒരു പൊതുയോഗവും ശ്രീ. പി. എൻ. പണിക്കർ അവർകൾ ഉൽഘാടനം ചെയ്യുകയുണ്ടായി.

യൂണിയൻ സെക്രട്ടറിയുടെ നേതൃത്വത്തിൽ വട്ടിയൂർ (കുലശേഖരമംഗലം) മഹാത്മജി ഗ്രന്ഥശാല, പള്ളിപ്പുറം വാണിവിലാസം ഗ്രന്ഥശാല, മണക്കാട്ട് (തോട്ടം) എസ്. എൻ. എസ്. എസ്. ഗ്രന്ഥശാല, എന്നീ ഗ്രന്ഥശാലകളിൽ അമേരിക്കൻ ഇൻഫർമേഷൻ ഫിലിം പ്രദർശനം നടത്തുകയുണ്ടായി.

## മനകലാദിച്ചമംഗലം ആനന്ദോദയവായനശാല—നേമം

ഈ വായനശാലയുടെ 2—ാമതു വാഷിക യോഗം 17-5-53 ഞായറാഴ്ച പകൽ 4-30—ന് ശ്രീ. ഈ. മാധവൻപിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ശ്രീ. പി. ജോൺറോസ്, ശ്രീ. കെ. എസ്. കുമാർ ഇവർ പ്രസംഗിച്ചു.

## ഗ്രാമീണവായനശാല, കിള്ളിമംഗലം

കിള്ളിമംഗലം ഗ്രാമീണവായനശാലയുടെ ആറാം വാർഷികയോഗം 1953 മെയ് 17—ാം തീയതി രാത്രി ശ്രീ. എൻ. വി. കൃഷ്ണവാരിയർ

അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി യിരിക്കുന്നു. തദവസരത്തിൽ ശ്രീ. കെ. രാഘവ വാരിയർ എം. എ. ബി. ററി. പ്രസംഗിക്കുകയും ചെയ്തു.

## അമയന്നൂർ പബ്ളിക് ലൈബ്രറി
### കോട്ടയം

ഈ ലൈബ്രറി ഹാളിൽവച്ചു് 1953 മേയ് 3-ാംനു- സ്ഥിരം പ്രസിഡൻറ് ശ്രീ. സി. പി. ഡി. നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ പൊതു സമ്മേളനം കൂട്ടുകയുണ്ടായി.

എം. സി. ജേക്കബ്ബിനെ പ്രസിഡൻറായും ഈ. ജെ. ഗോവിന്ദനെ വൈസ്പ്രസിഡൻറായും വി. പി. യോമസ്സിനെ ഖജാൻജിയായും, സി. പി. ഡി. നമ്പൂതിരിയെ സെക്രട്ടറിയായും, കെ. എൻ. നീലകണ്ഠനെ ജോയിൻറ്സെക്രട്ടറിയായും തെരഞ്ഞെടുത്തുകൊണ്ടു് യോഗം 7-30-നു് സമംഗളം പര്യവസാനിച്ചു.

## നീലംപേരൂർ
### സനാതനധർമ്മ വായനശാല

ടി വായനശാലയുടെ ഒരു പൊതുയോഗം മേ. 19-ാംനു- പകൽ നാലു മണിക്കു് വൈസ് പ്രസിഡൻറ് കെ. ശങ്കരപ്പിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽ 27 പേർ ഹാജരുണ്ടായിരുന്നു. ഭരണസമിതിയിലേയ്ക്കു താഴെ കാണിക്കുന്ന അംഗങ്ങളെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു. കാലാവധി ഒരു കൊല്ലത്തേയ്ക്കു് എന്നു നിശ്ചയിച്ചു.

പ്രസിഡൻറ് ഗീവർഗ്ഗീസ് കത്തനാർ, വൈസ്പ്രസിഡൻറ് കെ. ശങ്കരപ്പിള്ള, സെക്രട്ടറി ജി. എൻ. നായർ.

## യെങ്മെൻസ് റീഡിംഗു റൂം & ലൈബ്രറി, ആണ്ടൂർ

ഈ ഗ്രന്ഥശാലയുടെ രണ്ടാമതു വാർഷിക യോഗം മെയ് 24-ാം സമംഗളം ആഘോഷിച്ചിരിക്കുന്നു. കലാപരിപാടികൾ ശ്രീ. എൻ. ഗോവിന്ദനുണ്ണി എം. എ. ബി. എൽ. അവർകൾ ഉദ്ഘാടനം ചെയ്തു.

## മഹാത്മാ മെമ്മോറിയൽ റീഡിംഗു റൂം & ലൈബ്രറി-കുന്നത്തൂർ

ഈ വായനശാലയുടെ 5-ാമതു വാർഷികം മേയ് 30-ാംതീയതി ശ്രീ. ചെല്ലസ്വാമിയുടെ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീ. സി. എൻ. ശ്രീകണ്ഠൻനായരുടെ ഉൽഘാടനപ്രസംഗവും ശ്രീ. കൃഷ്ണൻനായരുടെ പ്രസംഗവും, സെക്രട്ടറിയുടെ റിപ്പോർട്ടു വായനയും നടന്നു.

രാത്രി 9-30-നു് വായനശാലാ അംഗങ്ങളടങ്ങിയ ഒരു കലാസമിതി, കലാപ്രകടനപരമായി പൊൻകുന്നം വർക്കിയുടെ "ജേതാക്കൾ" എന്ന പ്രഹസനം അഭിനയിച്ചു.

## ബാബുജി റീഡിംഗു റൂം & ലൈബ്രറി-
### മണ്ടവിള-കഴിത്തുറ

പ്രസ്തുത വായനശാലയുടെ ഒരു വിശേഷാൽ പൊതുയോഗം മേയ് 26-ാംനു- കൂടി. ശ്രീമാന്മാർ ഏ. ബ്രൂസ് ബി. എ. പ്രസിഡൻറായും, കെ. എ. എസ്. ഹമീദ് വൈസ് പ്രസിഡൻറായും, ജി. ലാറൻസ് ബി. എ. സെക്രട്ടറിയായും, കെ. മുത്തുനായകം ജായിൻറ് സെക്രട്ടറിയായും, കെ. സുകുമാരൻ ലൈബ്രേറിയനായും, ഖജാൻജിയായും, എസ്; ആശീർവാതം, എം. സാഹുൽ ഹമീദ്, എം. ഋഷികേശൻനായർ, എം. ചെല്ലപ്പനാശാരി എന്നിവർ അംഗങ്ങളായും ഉള്ള ഒൻപതുപേരടങ്ങിയ ഒരു പുതിയ കമ്മററി തെരഞ്ഞെടുക്കപ്പെട്ടു.

## ജ്ഞാനോദയം വായനശാല
### (എൻ. കോട്ടപ്പടി)

ടി വായനശാലയുടെ ദ്വിതീയവാർഷികം 28-5-53 വ്യാഴാഴ്ച പകൽ 4 മണിക്കു് ശ്രീ. കെ. കെ. ഔസേഫ് അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിക്കുകയുണ്ടായി. തദവസരത്തിൽ

റിപ്പോർട്ടുവർഷത്തിലെ കണക്കു കേട്ടു പാസ്സാക്കി. ശ്രീ. പി. പി. ജേക്കബ്ബ് പ്രസിഡൻറായും, ശ്രീ. പി. കെ. ചന്ദ്രശേഖരൻ സെക്രട്ടറിയായും 9 പേർ അടങ്ങിയ ഒരു ഭരണസമിതി തിരഞ്ഞെടുക്കപ്പെട്ടു.

### സഹകരണസംഘം വായനശാല ഏഴാച്ചേരി

ഈ വായനശാലയുടെ ദ്വിതീയ വാർഷിക സമ്മേളനം 1953 മെയ് 30–ാംനു ശനിയാഴ്ച സ്ഥലം ഗവമ്മെൻറു എൽ. പി. സ്കൂളിൽവച്ച് ശ്രീ. എം. പി. മന്മഥൻ എം. ഏ. അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. യോഗത്തിൽ മെസ്സേഴ്സ് കെ. എസ്. ചന്ദ്രശേഖരൻനായർ ബി, ഏ., എം. എം. ജേക്കബ്ബ് എം. ഏ., എൽ. എൽ. ബി., വെട്ടൂർ രാമൻനായർ എന്നിവർ പ്രസംഗിക്കുകയുണ്ടായി.

### വിവേകോദയം റീഡിംഗ് റൂം & ലൈബ്രറി ചെറുകോൽ

ഈ വായനശാലയുടെ പ്രഥമ വാർഷിക സമ്മേളനം മേയ് മുപ്പതാംതീയതി നടന്നിരിക്കുന്നു. സമ്മേളനത്തിൽ ശ്രീ. ഏ. എസ്. ദാമോദരനാശാൻഅവർകൾ ആദ്ധ്യക്ഷ്യംവഹിച്ചു. ശ്രീ. മാത്തുണ്ണി സെഖറിയാ, കെ. ഗോവിന്ദൻനായർ ബി. ഏ. എൽ. ററി. കൃഷ്ണകുമാർ ബി. ഏ. എന്നിവർ ഓരോ പ്രസംഗം ചെയ്തു. വായനശാലയോടനുബന്ധിച്ചു സമാരംഭിയ്ക്കുന്ന വയോജന വിദ്യാലയത്തിൻെറ ഉദ്ഘാടനകർമ്മം ശ്രീ. ജി. നാണുപിള്ള അവർകൾ നിർവഹിച്ചു.

ശ്രീ. കെ. ഗോദവർമ്മരാജാ പ്രസിഡൻറായും ശ്രീ. എൻ. രാമചന്ദ്രൻപിള്ള സെക്രട്ടറിയായും പത്തംഗങ്ങളുള്ള ഒരു കമ്മററിയേയും തിരഞ്ഞെടുത്തു.

### ഗ്രാമീണവായനശാല—മായന്നൂർ

മായന്നൂർ കെ. എസ്സ്. രാമൻമേനോൻ സ്മാരക സംയുക്ത ഗ്രാമീണവായനശാലയുടെ 12–ാം വാർഷികം 1953 മെയ് 31–ാംതീയതി ശ്രീ. ഒ. പി. നമ്പൂതിരിപ്പാട്, ബി. എസ്സ്. സി,– ബി. ടി. യുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. ശ്രീ. വിമൽജിയും ഒരു പ്രസംഗം ചെയ്തു. അടുത്ത വർഷത്തേക്കുള്ള ഭരണസമിതി അംഗങ്ങളായി താഴെ പേരെഴുതുന്നവരെ തിരഞ്ഞെടുത്തു.

1. കെ. ഈശ്വരൻനായർ, 2. പി. എസ്സ്. നമ്പൂതിരി, 3. കെ. ചന്ദ്രൻനായർ, 4. കെ. രാമചന്ദ്രൻനായർ, 5. പി. ഗോപാലകൃഷ്ണൻനായർ, 6. ടി. കെ. രാമൻനായർ, 7. ദേവകി അമ്മ.

### പബ്ളിക് ലൈബ്രറി & റീഡിംഗ്റൂം പുന്നപ്ര

'പുന്നപ്ര പബ്ളിക്‌ലൈബ്രറി ആൻഡ് റീഡിങ്ങ് റൂമിൻെറ മൂന്നാമതു വാർഷികയോഗം 6-6-53 ശനിയാഴ്ച വൈകുന്നേരം നാലു മണിക്ക് പുന്നപ്ര ഇ. എം. സ്കൂൾ ഹാളിൽ, ശ്രീമാൻ എൻ. എൻ. ഇളയതു് ബി. എ. ബി. എൽ. ൻെറ അദ്ധ്യക്ഷതയിൽ കൊണ്ടാടി. തദവസരത്തിൽ, ശ്രീമാന്മാർ സുകുമാരൻനായർ ബി. എ. എൽ. ററി, സാനു ബി. എസ്സ്. സി., കെ. വി. സർജൻ എന്നിവർ ഓരോ പ്രസംഗങ്ങൾ നടത്തി.

### 542–ാം നമ്പർ കോററാത്തൂർ നേതാജി ഗ്രന്ഥശാല

ഈ ഗ്രന്ഥശാലയുടെ 5–ാമതു വാർഷിക യോഗം ഈ മാസം 6–ാംതീയതി ശ്രീ. എൻ. പി. തോമസ്സ് അവർകൾ ബി. എ. എൽ. ററി. യുടെ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീ. വിദ്വാൻ എം. ററി. തോമസ്സ്, മഹോപാദ്ധ്യായ ശ്രീ. സി. കെ. രാമകൃഷ്ണപിള്ള, ശ്രീ. ററി. എൻ. രാമകൃഷ്ണക്കു

വച്ചു് അവർകൾ ബി. എസ്സ്. സി. എന്നിവർ പ്രസംഗിച്ചു.

## ജനാധിപത്യവായനശാല
## പൊന്നേഴ—വാത്തിക്കുളം

പ്രസ്തുത വായനശാലയുടെ പ്രഥമവാർഷികയോഗം 7-6-1953-ൽ വാത്തിക്കുളം പ്രൈമറിസ്ക്കൂളിനു സമീപം വച്ചു് ശ്രീ. കെ. എൻ. നീലകണ്ഠപ്പിള്ള ബി. എ. എൽ. റ്റി. (സാമൂഹ്യവിദ്യാഭ്യാസ ഓർഗനൈസിംഗ് ഇൻസ്പെക്ടർ) അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു.

യോഗത്തിൽ ശ്രീമാന്മാർ എസ്സ്. ഗുപ്തൻനായർ എം. എ., കൃഷ്ണകുമാർ ബി. എ., കെ. ചന്ദ്രശേഖരൻ എം. എസ്സ്സി. എന്നിവരുടെ പ്രസംഗങ്ങളും, സുപ്രസിദ്ധ ഗായകനായ ശ്രീ. നന്ദകുമാറിന്റെ ഗാനങ്ങളും വിവിധകലാപ്രകടനങ്ങളും ഉണ്ടായിരുന്നു. ശ്രീമാന്മാർ ഇ. ജി. പരമേശ്വരനുണ്ണിത്താൻ, പി. ഗോവിന്ദപ്പണിക്കർ, കെ. ഗോപാലപിള്ളവൈദ്യൻ എന്നിവരെ യഥാക്രമം പ്രസിഡൻറ്, സെക്രട്ടറി, ലൈബ്രേറിയൻ, ഖജാൻജി എന്നിവരായും ഇവരുൾപ്പടെ 11 പേരടങ്ങിയ ഒരു പ്രവത്തക സമിതിയും രൂപീകരിച്ചു.

## സക്കാർ ഗ്രാമീണവായനശാല
## മുളന്തുരുത്തി

പ്രസ്തുത വായനശാലയുടെ ഒരു പൊതുയോഗം ജൂൺ 2-ാംതീയതി ബ്രഹ്മശ്രീ. മിത്രൻ നാരായണൻനമ്പൂതിരിപ്പാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും, അടുത്ത വർഷത്തേക്കു് ബ്രഹ്മശ്രീ മിത്രൻ നാരായണൻനമ്പൂതിരിയെ പ്രസിഡൻറായും, ശ്രീമാൻ ഏ. റ്റി. തമ്പിയെ സെക്രട്ടറിയായും 9 പേരടങ്ങുന്ന ഒരു കമ്മററിയെ തിരഞ്ഞെടുക്കുകയും ചെയ്തു.

## വലിയശാല സമാജം റീഡിംഗ്
## ക്ലബ്ബ് തിരുവനന്തപുരം

7-6-53-ൽ 14-ാമതു വാഷികസമ്മേളനം കൊണ്ടാടിയിരിക്കുന്നു. വാർഷികത്തോടനുബന്ധിച്ച പൊതു സമ്മേളനത്തിൽ ശ്രീ. കൈനിക്കര പത്മനാഭപിള്ള അദ്ധ്യക്ഷത വഹിച്ചു. പന്തളം പി. ആർ. മാധവൻപിള്ള, നളിനകുമാരി എം. എ., തിക്കുറിശ്ശി സുകുമാരൻ നായർ എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ചു് പ്രസംഗിക്കുകയുണ്ടായി. യോഗാനന്തരം വിവിധകലാപ്രകടനങ്ങൾ ഉണ്ടായിരുന്നു.

ചാലയിൽ കവിതാലയം ശ്രീ. എസ്സ്. ചിദംബരം പ്രസ്തുത ഗ്രന്ഥശാലയ്ക്കു് 50 രൂപാ വില വരുന്ന പുതിയ പുസ്തകങ്ങൾ സംഭാവന ചെയ്യുകയുണ്ടായി.

## പബ്ലിക്ലൈബ്രറി തിടനാട്ട്

തിടനാട്ട് പബ്ലിക് ലൈബ്രറി തിടനാട്ട് പാലത്തിനു് സമീപമുള്ള കെട്ടിടത്തിൽ നിന്നും, തിടനാട്ട് ക്ഷേത്രത്തിനു മുൻവശമുള്ള അക്കരപറമ്പ് ബിൽഡിംഗ്സിലേയ്ക്കു് തല്ക്കാലം മാററി സ്ഥാപിച്ചിരിക്കുന്ന വിവരം അറിയിച്ചു കൊള്ളുന്നു.

## വിദ്യാവിനോദിനി ലൈബ്രറി
## & റീഡിംഗ് റൂം എരുമത്തല

ജനറൽബോഡി യോഗത്തിൽ 1953 ജൂൺ 7-ാംതീയതി താഴെപ്പറയുന്ന ഭാരവാഹികളെ തിരഞ്ഞെടുത്തിരിക്കുന്നു.

പ്രസിഡൻറ് ശ്രീ. പി. കെ. വേലായുധൻ വൈ.സ്പ്രസിഡൻറ് ശ്രീ. എം. എസ്. ഉണ്ണപ്പു് സെക്രട്ടറി ശ്രീ. ടി. കെ. കുഞ്ഞുമുഹമ്മദ്. ലൈബ്രേറിയൻ ശ്രീ. എസ്. കൃഷ്ണൻ. ഖജാൻജി ശ്രീ. കെ. എ. കുമാരൻ. സ്പോർട്ട്സ് സെക്രട്ടറി ശ്രീ. പി. എസ്. നാരായണൻ.

### ദേശീയ വായനശാല– പനമററം

ദേശീയവായനശാല പനമററം ദ്വിതീയ വാർഷികം 14-6-53-ൽ വായനശാലാഹാളിൽവച്ച് കെ. എൻ. ശിവരാമൻനായരുടെ അദ്ധ്യക്ഷതയിൽ കൂടി. മി. കെ. എൻ. ശിവരാമൻനായർ പ്രസിഡൻറ്, മി. എം. കെ. ഗോപാലൻനായർ സെക്രട്ടറി, മി. പി. എൻ. കേശവൻനായർ ലൈബ്രേറിയൻ ഇങ്ങിനെ പതിനൊന്നു് പേരടങ്ങിയ ഒരു കമ്മററിയെ തെരഞ്ഞെടുത്തു. അതിനുശേഷം വായനശാലയുടെ കെട്ടിടം പണിയെപ്പററി ആലോചിച്ചു. അതിനു വേണ്ടി 265-ാം നമ്പർ പനമററം എൻ. എസ്. എസ്. വടക്കുംഭാഗം കരയോഗത്തിൽ നിന്നു് 300 രൂപായും പനമററം വടക്കംഭാഗം ശ്രീഭഗവതിവിലാസം ഹൈന്ദവ ഭജനയോഗത്തിൽനിന്നു് 150 രൂപായും സംഭാവന നൽകിയിരിക്കുന്നു.

### സക്കാർ ഗ്രാമീണവായനശാല–അടാട്ട്

അടാട്ട് സക്കാർ ഗ്രാമീണവായനശാലയുടെ ഒരു പൊതുയോഗം ജൂൺ 14-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5 മണിക്കു ശ്രീ. കെ. ബാലകൃഷ്ണൻനായരുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പുതിയ ഭരണസമിതിയായി കെ. ബാലകൃഷ്ണൻനായർ (പ്രസിഡണ്ടു്) ടി. ഗോപാലൻനായർ (സിക്രട്ടറി) അടക്കം 7 പേരെ തിരഞ്ഞെടുത്തു.

### ആനിക്കാട്ട് നാഷണൽ റീഡിംഗ് ക്ലബ്ബ് വാഴൂർ

ഏഴാമതു വാഷികസമ്മേളനം 14-6-53-ൽ സ്ഥലം സെൻറുതോമസ്സ് മിഡിൽസ്കൂൾ ഹാളിൽവച്ച് ആഘോഷിച്ചിരിക്കുന്നു. ഇളങ്ങുളം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ബ്രഹ്മശ്രീ കെ. സുബ്രഹ്മണ്യയ്യർ അദ്ധ്യക്ഷത വഹിച്ചു. വിദ്വാൻ ശ്രീ. കെ. ററി. സെബാസ്റ്റ്യൻ, ശ്രീ. എം. ററി. ജോസഫ് ബി. എ. ബി. കോം, ബി. എൽ. എന്നിവർ പ്രസംഗിച്ചു. ടി വായനശാലയുടെ ആഭിമുഖ്യത്തിൽ നടത്തിയ ബാഡ്മിൻറൻ, ചീട്ടുകളി മുതലായ ടൂർണ്ണമെൻറുകളിൽ വിജയികളായവർക്കു വെള്ളിക്കപ്പുകൾ സമ്മാനിക്കുകയുണ്ടായി.

### മുട്ടം പബ്ളിക് ലൈബ്രറി ആൻഡ് റീഡിംഗ് റൂം

ഒരു പൊതുയോഗം 21-6-53 ഞായറാഴ്ച പകൽ 2 മണിക്കു് സ്ഥിരം പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ കൂടി, താഴെപ്പറയുന്നവരെ ഭരണസമിതിയിലേക്കു് തെരഞ്ഞെടുത്തു.

1. കെ. എ. മാത്യു കാരനാട്ട്, 2. സി. ഓ. കുര്യാക്കോസ്, 3. കെ. കെ. പി. നമ്പൂതിരി ബി. എസ്സ്സി, 4. എൻ. കെ. കൃഷ്ണപിള്ള 5. കെ. പി. നാരായണൻനായർ, 6. പി. എം. കുര്യൻ പുളിക്കൽ, 7. കെ. സി. അവുസേപ്പ്, 8. എ. സി. പരമേശ്വരൻ, 9. കെ. പി. പി. നമ്പൂതിരി, 10. ജി. കേശവപിള്ള, 11. പി. ജെ. സ്കറിയാ.

### ഗാന്ധിജി മെമ്മോറിയൽ വായനശാല തെക്കൻപറവൂർ

തെക്കൻ പറവൂർ "ഗാന്ധിജി മെമ്മോറിയൽ വായനശാല"യുടെ അഞ്ചാമതു വാർഷിക സമ്മേളനം 1953 ജൂൺ 20-ാംനു- ശനിയാഴ്ച പകൽ അഞ്ചുമണിക്കു് എറണാകുളം മുൻസിപ്പൽ പ്രസിഡൻറ് ശ്രീ. പി. ജാനകിഅമ്മ ബി. എ. ബി. എൽ. ൻെറ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ. വറുഗീസ് കാട്ടേഴം അവർകളുടെ സ്വാഗത പ്രസംഗത്തെത്തുടന്നു് ശ്രീ. എ. എം. തോമസ്സ് ബി. എ. ബി. എൽ. എം. പി. അവർകൾ ഗ്രന്ഥശാലാപ്രസ്ഥാനംവഴി നേടാവുന്ന ഉന്നത നിലകളെ സവിസ്തരം പ്രതിപാദിച്ചുകൊണ്ടും തിരു-കൊച്ചിയിൽ ഒരു ലൈബ്രറി ആക്ട് ഉണ്ടാകേണ്ടതിൻെറ ആവശ്യകതയെ പുരസ്കരിച്ചും ഉള്ള പ്രസംഗത്തോടുകൂടി സമ്മേളനം ഉൽഘാടനം ചെയ്തു.

### മഹാത്മാ റീഡിംഗ് റൂം തൃപ്പൂണിത്തുറ

വായനശാലയുടെ വർഷാന്ത പൊതുയോഗം 21-6-53-ൽ വായനശാലയിൽവച്ചു ചേർന്നു. സിക്രട്ടറിയുടെ കണക്കുകളും, റിപ്പോർട്ടും സ്വീകരിച്ചു.

അടുത്ത കൊല്ലത്തെ ഭാരവാഹികളായി ഡാ. എൻ. കെ. കുമാരൻ പ്രസിഡൻറ്, ശ്രീ. കെ. പി. അച്ചുതൻ ബി. ഏ. ബി. എൽ. സിക്രട്ടറി, ശ്രീ. കെ. പി. കൃഷ്ണൻ ആഡിററർ, ശ്രീ. എം. ഗോപാലകൃഷ്ണൻ ലൈബ്രേറിയൻ എന്നിവരെ തിരഞ്ഞെടുത്തിരിക്കുന്നു.

### വാഴക്കുളം വായനശാല മാരമ്പള്ളി

വാഴക്കുളം വായനശാല അംഗങ്ങളുടെ പൊതുയോഗം 53 ജൂൺ 21-ാംനു- വായനശാലയിൽ വച്ചു കൂടി. താഴെ പറയുന്നവരെ പുതിയ ഭരണസമിതിക്കായി തിരഞ്ഞെടുത്തു.

ശ്രീ. ചെറിയാൻ കട്ടക്കയം പ്രസിഡൻറ്, ശ്രീ. പി. എം. കുര്യൻ വൈസ് പ്രസിഡൻറ്, ശ്രീ. കെ. രാഘവവാര്യർ ട്രഷറർ, ശ്രീ. എം. കുമാരൻ സെക്രട്ടറി, ശ്രീ. പി.കെ. വാസുദേവൻ നായർ ജോയിൻറ്സെക്രട്ടറി.

### സഹൃദയ വായനശാല—കാക്കോട്ടുമൂല

കാക്കോട്ടുമൂല സഹൃദയ വായനശാലയുടെ വാർഷികാവസാനതെരഞ്ഞെടുപ്പ് അനുസരിച്ചു ശ്രീ. സൈമൺ ജാൺ ബി. ഏ. യെ പ്രസിഡൻറായും, ശ്രീ. ജെ. നെൽസനെ വൈസ് പ്രസിഡൻറായും, ശ്രീ. കെ. വർഗ്ഗീസിനെ സെക്രട്ടറിയായും, ശ്രീ. കെ. വി. യേശുദാസനെ ഖജാൻജിയായും ശ്രീ. സി. ജാർജ്ജിനെ ലൈബ്രേറിയനായും തെരഞ്ഞെടുത്തിരിക്കുന്നു. കൂടാതെ ആറ് അംഗങ്ങളെ കൂട്ടിച്ചേർത്തു പതിനൊന്നു പേരടങ്ങിയ പുതിയ ഭരണസമിതി രൂപീകരിച്ചു.

---

## അംഗത്വംറദ്ദുചെയ്ത വായനശാലകൾ

1. 473—വില്ലേജ് യൂണിയൻ ലൈബ്രറി, കീഴ്ച്ചേരിമേൽ, ചെങ്ങന്നൂർ.
2. 306—കുളനടലൈബ്രറി, കുളനട, പന്തളം.
3. 513—കോട്ടൂർ ഗ്രാമീണവായനശാല, കവിയൂർ
4. 641—ഗ്രാമസ്വരാജ് വായനശാല, പടിഞ്ഞാറേറാതറ, വള്ളംകുളം.
5. 672—മേപ്രാൽ പബ്ളിക്കലൈബ്രറി തിരുവല്ല.
6. 549—സ്വദേശാഭിമാനിസ്മാരക ഗ്രന്ഥശാല, കോഴിക്കോട്, പൂയപ്പള്ളി കൊട്ടാരക്കര
7. 662—കുളക്കടകിഴക്ക് പബ്ളിക്കലൈബ്രറി കുളക്കട.
8. 851—ഉദയാവായനശാല, വളവുപച്ച, ചിതറ, കൊട്ടാരക്കര.
9. 275—മാളവ്യമെമ്മോറിയൽ വായനശാല, എലിക്കുളം, പൂവരണി.
10. 176—ജ്ഞാനപ്രദായിനിഗ്രന്ഥശാല, കുമരകം, കോട്ടയം.
11. 166—യങ്ങ്മെൻസ് ക്ലബ്ബ്, കുറുപ്പുംതറ, മാഞ്ഞൂർ, വൈയ്ക്കം.
12. 605—ഗ്രാമീണ വായനശാല, വാലച്ചിറ, കടുത്തുരുത്തി.

**പ്രത്യേകം ശ്രദ്ധിക്കേണ്ടതു്:** കവർ 3-ാംപേജിലെ ഗ്രാൻറിനുള്ള അപേക്ഷയിൽ 4–'പുസ്തകങ്ങളുടെ എണ്ണം' എന്നതിൽ പുസ്തകങ്ങളുടെ മൊത്തവില കൂടി കാണിച്ചിരിക്കേണ്ടതാണ്.

# ★ ഗ്രന്ഥശാലകൾക്ക് ★

## അവശ്യംവേണ്ട ഗ്രന്ഥങ്ങൾ

[E. M2–3234–ാം നമ്പരായി ഗ്രന്ഥശാലകൾക്ക് ഗവമ്മെൻറംഗീകാരം സിദ്ധിച്ചിട്ടുള്ള പുസ്തകങ്ങൾ]

| | രൂ. | ണ. | സ. |
|---|---|---|---|
| രാധാമണി I, II | 5 | 0 | 0 |
| കുഞ്ചൻനമ്പ്യാർ | 2 | 0 | 0 |
| അമൃതവല്ലി | 2 | 0 | 0 |
| അംബാദേവി | 2 | 0 | 0 |
| വിലാസലീല | 2 | 0 | 0 |
| നേതാജി | 1 | 4 | 0 |
| മഹാത്മാഗാന്ധി | 1 | 8 | 0 |
| സ്റ്റേറ്റുകോൺഗ്രസ്സ് വിജയം | 3 | 0 | 0 |
| പ്രാചീനകേരളം | 1 | 0 | 0 |
| രാധാറാണി | 1 | 0 | 0 |
| കണ്ണശ്ശന്മാരും എഴുത്തച്ഛനും | 1 | 8 | 0 |
| രാമാനുജൻ എഴുത്തച്ഛൻ | 1 | 8 | 0 |
| ആശാങ്കുരം | 1 | 8 | 0 |
| ഇൻഡ്യയിലെ വീരാത്മാക്കൾ | 2 | 0 | 0 |
| രാക്കിളികൾ | 1 | 0 | 0 |
| ഇരുട്ടടികൾ | 1 | 4 | 0 |
| രത്നസാമ്രാജ്യം | 0 | 10 | 0 |
| സുകേശിനി | 1 | 6 | 0 |
| ചന്ദ്രലേഖ | 1 | 2 | 0 |

| | രൂ. | ണ. | സ. |
|---|---|---|---|
| പുരാണകഥകൾ | 0 | 8 | 0 |
| ദൈവവിലാസം | 1 | 2 | 0 |
| രാജശേഖരൻ | 1 | 4 | 0 |
| സത്യകീർത്തിചരിതം | 1 | 8 | 0 |
| സിദ്ധാർത്ഥൻ | 1 | 0 | 0 |
| സൗരഭൻ | 0 | 12 | 0 |
| ഔവ്വയാർ | 0 | 9 | 0 |
| കേരളഭാഷാസാഹിത്യചരിത്രം | | | |
| 1–ാംഭാഗം | 3 | 0 | 0 |
| do 2–ാംഭാഗം | 3 | 12 | 0 |
| ,, 3–ാംഭാഗം | 3 | 12 | 0 |
| ,, 4–ാംഭാഗം | 5 | 0 | 0 |
| ,, 5–ാംഭാഗം | 5 | 0 | 0 |
| ,, 6–ാംഭാഗം | 5 | 0 | 0 |
| ,, 7–ാംഭാഗം | 7 | 8 | 0 |
| ദൈവജ്ഞചൂഡാമണി എൻ. കെ. | | | |
| കൃഷ്ണപിള്ളയുടെ ജ്യോതിശ്ശാസ്ത്രാദർശം | | | |
| 1–ം 2–ം 3–ം ഭാഗം സെററ് 1 | 6 | 0 | 0 |

ശ്രീ. ആർ. നാരായണപ്പണിക്കരുടെ "കേരളഭാഷാസാഹിത്യ ചരിത്രം" ഒന്നുമുതൽ ഏഴുവരെയുള്ള ഭാഗം സെററൊന്നിന് 33 രൂപാ വിലവച്ച് വിററുവരുന്നതിനെ കമ്മീഷൻ 3 രൂപാ കുറച്ച് 30 രൂപാ വിലയ്ക്ക് ഇവിടെ കിട്ടുന്നതാണ്. മുൻലക്കം ഗ്രന്ഥാലോകത്തിൽ പറഞ്ഞിരുന്ന സൗജന്യം ആ ഒരു മാസത്തേയ്ക്കു മാത്രമേ ഉണ്ടായിരുന്നുള്ളു.

കൂടാതെ എല്ലാവിധ മലയാളപുസ്തകങ്ങളും ഞങ്ങളുടെ ബുക്കുഡിപ്പോയിൽ വില്പനയ്ക്കുണ്ട്.

ഉടനെ ആർഡർ അയയ്ക്കുക:–

**പി. ഗോവിന്ദപ്പിള്ള, വി. വി. ബുക്കുഡിപ്പോ,**

ചാല, തിരുവനന്തപുരം.

# ഗ്രന്ഥശാലകൾക്ക് ഗ്രാന്റിനുള്ള അപേക്ഷാഫാറം

1. ഗ്രന്ഥശാലയുടെ പേര്
   താലൂക്ക്      പകുതി (വില്ലേജ്)
   കര      പോസ്റ്റാഫീസ്
2. സ്ഥാപിച്ച തീയതി
3. മാനേജ്മെന്റ് (നടത്തിപ്പ്)
4. പുസ്തകങ്ങളുടെ എണ്ണം (ഭാഷതിരിച്ച്)
5. വരുത്തുന്ന പ്രസിദ്ധീകരണങ്ങളുടെ പേരും, അവയ്ക്കു ചെലവാകുന്ന തുകയും
   എ. ദിനപ്പത്രം
   ബി. വാരിക
   സി. മാസിക
6. സ്ഥാപനം പൊതുജനങ്ങളുടെ വകയാണോ?
7. സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടോ? അവയുടെ വിവരം.
8. ഉപകരണങ്ങൾ. (ഇനംതിരിച്ച്)
9. * 1953 ഏപ്രിൽ മുതലുള്ള മാസാന്ത്യക്കണക്ക്.

| വരവ് | രൂ. ണ. പ. | ചെലവ് | രൂ. ണ. പ. |
|---|---|---|---|
| 1. മാസവരി | | 1. സിൽബന്ധികൾക്കുള്ള ശമ്പളം എ. | |
| 2. പ്രവേശനഫീസ് | | ബി. | |
| 3. സംഭാവന | | സി. | |
| 4. ഗ്രാന്റ് | | 2. പുസ്തകങ്ങൾ | |
| 5. സ്ഥാപനത്തിന്റെ സ്വന്ത വസ്തുവിലോ നിക്ഷേപത്തിലോ ഉള്ള പലിശ | | 3. പത്രമാസികകൾ | |
| 6. മററിനം | | 4. ബയന്റിംഗ് | |
| | | 5. ഉപകരണങ്ങൾ | |
| | | 6. സ്റ്റേഷനറി | |
| | | 7. മററിനം | |

സിക്രട്ടറിയുടെ ഒപ്പ്      പ്രസിഡന്റിന്റെ ഒപ്പ്

സ്ഥലം      തീയതി

* പിന്നീടങ്ങോട്ടോരോ മൂന്നുമാസംകൂടുംതോറും വരവുചെലവുകണക്കുകൾ അയച്ചുകൊണ്ടിരിക്കേണ്ടതാണ്.

L. No. 592 20-7-'48, Reg. No. T. 189 M. 5854


# THE GRANDHALOKAM

**Monthly Journal of**
**Trav-Cochin Library Association**

*Managing Editor:*
P. SREEDHARAN PILLAI B. A.
*Hony. Joint Editor:*
S. GUPTAN NAIR M. A.



## പരസ്യനിരക്കു്

| | രൂ. |
|---|---|
| പുറം കവർ മുഴുവൻപേജ് ഒരുതവണക്കു് | 70 |
| രണ്ടാം കവർ പേജ് | 60 |
| മൂന്നാം കവർ പേജ് | 50 |
| വേറെ ഏതെങ്കിലും പേജ് | 40 |
| പകുതിപേജ് | 25 |
| കാൽപേജ് | 15 |
| കാൽപേജിൽ കുറവായാൽ | 10 |

മൂന്നുമാസമോ കൂടുതലോ കാലത്തേയ്ക്കുള്ള പരസ്യങ്ങൾക്കു കുറഞ്ഞ പ്രത്യേകനിരക്കു്. അതിന്റെ വിവരം എഴുതിച്ചോദിക്കുക.


## ലേഖനങ്ങൾ

കടലാസ്സിന്റെ ഒരു വശത്തുമാത്രം മഷികൊണ്ടു് എഴുതിയതായിരിക്കണം. അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ രണ്ടു പ്രതിവീതം അയച്ചിരിക്കണം. മാസികയ്ക്കുള്ള അപേക്ഷകൾ, മണിയാർഡറുകൾ, കത്തുകൾ, മാററപ്പത്രങ്ങൾ തുടങ്ങിയവ എല്ലാം ചുവടേ ചേർക്കുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണു്.

മാനേജിംഗ് എഡിററർ
ഗ്രന്ഥാലോകം
തിരുവനന്തപുരം 4.

Vol. 5, No. 6, Pp. 48, June 1953.

Printed and published by P. N. Panicker for the Travancore-Cochin Grandhasala Samgham at the Prakash Printing & Publishing House, Trivandrum.